

# സത്യദൂതൻ

2023 മാർച്ച് | ലക്കം 03

വില ₹ 30

## റമദാൻ: ആത്മീയ ഉന്നതിക്ക്

## വിജ്ഞാനത്തിന്റെ മാനവികത

## പാകിസ്താൻ വിതച്ചത് കൊയ്യുന്നു

ഉടൻ പുറത്തിറങ്ങുന്നു!!

ഖുർആനിക ദർശനങ്ങളുടെ
അകം പൊരുൾ തുറന്നു കാട്ടുന്ന കൃതി.

# കേവലനീതി കാരുണ്യം ബന്ധുത്വം
# മൂന്ന് സക്രിയ തത്വങ്ങൾ

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
(ഖലീഫത്തുൽ മസീഹ് IV)

വിവ: എ. എം മുഹമ്മദ് സലീം

*മനുഷ്യനിലും പ്രകൃതിയിലും പ്രതിഫലിക്കുന്ന
ദൈവികഗുണങ്ങളുടെ
അസാധാരണവും അത്യുജ്ജ്വലവുമായ
ആവിഷ്ക്കാരം*




The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2023 മാർച്ച്
ഹി.ശ.1403- അമാൻ
1444 ഷഹബാൻ - റംസാൻ
പുസ്തകം 95 ലക്കം 03
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം




5 എഡിറ്റോറിയൽ

6 യുഗശബ്ദം
വ്രതം ഒരു ആത്മീയാഹാരം



7
പ്രഭാഷണം
റമദാൻ:
ആത്മീയ ഉന്നതിക്ക്
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2022 ഏപ്രിൽ 22-ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

10
റമദാൻ: ചില വസ്തുതകൾ
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

13
വിശ്വസ്തതയും ഉത്തരവാദിത്വവും
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

17
വിദ്യാഭ്യാസവും ജീവിതമൂല്യങ്ങളും
എം വസീം വഫാ

20
വിജ്ഞാനത്തിന്റെ മാനവികത
എ.എം. മുഹമ്മദ് സലീം

28
പ്രപഞ്ചത്തിൽ നാം തനിച്ചോ?
പ്രൊഫ. മഹ്മൂദ് അഹ്മദ്

32
ഭാഗം - 37
ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

39
കുറിപ്പുകൾ
പാകിസ്താൻ വിതച്ചത് കൊയ്യുന്നു
മുസാഫിർ


**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗ്ഗദർശന ത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ട മായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന്ന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കണം. (2:186)





## നബിവചനം

ഹദ്റത്ത് അബൂഹുറൈറ (റ) യിൽ നിന്നുള്ള നിവേദനം: റമദാൻ മാസം ആഗതമാവുമ്പോൾ സ്വർഗ്ഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുക യും ശൈത്വാൻ ബന്ധിതനായിത്തീരുകയും ചെയ്യുന്നതാണ്. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

**നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും**

“ഇസ്‌ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നുവെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവി ല്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനു ഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറി യാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകു ന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീ ക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്ന ല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധിമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പു ഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹു വിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കു ന്നതിന്നായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്ന തിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്.” (മൽഫൂദാത്ത് വാള്യം 9 പേജ് 123, 1984)



എഡിറ്റോറിയൽ

# അനുഗ്രഹീതമായ റമദാൻ

മനുഷ്യന്റെ സ്ഥൂല ശരീരത്തെ തളർത്തുകയും ആത്മീയ ശരീരത്തെ ഉണർത്തുകയും ചെയ്യുന്ന പുണ്യമാസമായ റമദാൻ സമാഗതമായി. ഈ മാസത്തിന്റെ അനുഗ്രഹങ്ങളിൽ നിന്നും ഫലമെടുക്കാൻ കരുണാവാരിധിയായ ദൈവം നമ്മെ തുണക്കട്ടെ. മനുഷ്യൻ ഭക്ഷണം കൊണ്ടും ശാരീരികമായ സുഖാനുഭൂതികൾക്കൊണ്ടും മാത്രമല്ല ജീവിക്കുന്നത് എന്ന ശക്തമായ സന്ദേശം അത് മനുഷ്യ ശരീരത്തെ ബോദ്ധ്യപ്പെടുത്തുന്നു. ഭക്ഷണമുപേക്ഷിക്കുമ്പോൾ മനുഷ്യ ശരീരത്തിലുണ്ടാകുന്ന തളർച്ചയും വിപരീതാവസ്ഥയും ആത്മ നിയന്ത്രണത്തിലൂടെ അടക്കി നിർത്തി ആത്മാവിനെ ശക്തിപ്പെടുത്തുകയും ആരാധന, ധനത്യാഗം, മനുഷ്യസേവനം മുതലായ പുണ്യകർമ്മങ്ങൾ അധികരിപ്പിച്ചും ആത്മാവിന്റെ അവസ്ഥ മെച്ചപ്പെടുത്താൻ റമദാൻ മാസം അവസരമൊരുക്കുന്നു. ഇത് മനുഷ്യൻ ദോഷങ്ങളിൽ നിന്നും മുക്തമാകാനുള്ള ഒരു പുരാതന സമ്പ്രദായമാണെന്നും സാത്വിക ജീവിതം ആഗ്രഹിക്കുന്ന മനുഷ്യൻ ഈ അനുഗ്രഹങ്ങളിൽ നിന്ന് ഒരിക്കലും പിൻവാങ്ങരുതെന്നും അല്ലാഹു മനുഷ്യനെ ഓർമ്മിപ്പിക്കുന്നു.


***'വിശാസികളെ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി.'(2:184)***

എല്ലാ പൗരാണിക മതങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിരുന്നു എന്ന ഖുർആന്റെ പ്രതിപാദനത്തിന്ന് തെളിവെന്നോണം എല്ലാ മതങ്ങളിലും വ്രതാനുഷ്ഠാനത്തിന്റെ വിഭിന്ന രൂപങ്ങൾ കാണാവുന്നതാണ്. **'**ഉപ ആവൃത്ത സ്തൂപാ പേഭ്യോ വാസോഗുണൗസഹ ഉപവാസ:**'** (സ്കന്ദ പുരാണം) പാപങ്ങളിൽ നിന്ന് പിന്തിരിഞ്ഞ് ഗുണത്തോടൊപ്പം വസിക്കുന്നത് ഉപവാസം. എന്നാണ് ഹിന്ദു മതം വ്രതത്തെപറ്റി പറയുന്നത്. യാഗ ഹോമാദികളായ അനുഷ്ഠാനങ്ങൾ വിവാഹാദഷോഡശ ക്രിയകൾ, മരണാനന്തരമുള്ള അപര ക്രിയകൾ മറ്റു ശ്രുതസ്മാർത്താദി ക്രിയകൾ എന്നിവയൊക്കെ ചെയ്യുമ്പോൾ ഉപവാസമനുഷ്ഠിക്കണമെന്നാണ് ശ്രുതി സ്മൃതികൾ അനുശാസിക്കുന്നത്. ശിവരാത്രി, പ്രദോഷം തുടങ്ങിയ പുണ്യദിനങ്ങളിലും ഹിന്ദുക്കൾ വ്രതമനുഷ്ഠിക്കുന്നു. വ്രതങ്ങളിൽ ചിലത് ഒരു നേരം ഭക്ഷണം കഴിക്കുന്നതാണ്. ഇതിന്ന് ഒരിക്കൽ എന്നാണ് പറയുക. ബുദ്ധമതാനുയായികൾ സുഖഭോഗ നിവർത്തനവും വിരക്തിയുമാണ് ഉപവാസത്തിൽ ഊന്നുന്നത്. യഹൂദരിലും പ്രവാസ ജീവിതത്തിന്ന് ശേഷമാണ് പ്രത്യേക ദിനങ്ങളിൽ ഉപവാസം ആചരിക്കൽ നിജപ്പെടുത്തിയത്. പരസ്യോപവാസം എന്നറിയപ്പെടുന്ന ഈ ഉപവാസത്തിലെ കപട ഭക്തിയെ ചില പ്രവാചകന്മാർ അപലപിക്കുന്നുണ്ട്. പുതിയ നിയമ കാലത്ത് ഭക്തരായ പരീശികൾ ആഴ്ച്ചയിൽ രണ്ട് തവണ ഉപവസിച്ചിരുന്നു. (മാർക്ക്:18) പ്രകടനാത്മകമായ കപട ഉപവാസത്തേയും യേശു കഠിനമായി അപലപിക്കുന്നതായും ബൈബിളിൽ കാണാം.

ഉപവാസത്തിന്റെ ആരോഗ്യപരമായ മേന്മ ആയുർവേദം പണ്ടേ അംഗീകരിച്ചതാണ്. ബൃഹണം (തടിപ്പിക്കൽ) ലംഘനം (മെലിയൽ) എന്നീ ചികിത്സാ രീതികളിൽ രണ്ടാമത് പറഞ്ഞതിന്നാണ് ഉപവാസം നിർദ്ദേശിച്ചത്. ഈ അടുത്ത കാലത്ത് അലോപ്പതി വൈദ്യശാസ്ത്രവും പലവിധരോഗങ്ങൾക്കും ഉപവാസത്തിന്നുള്ള മാസ്മരികമായ കഴിവ് അംഗീകരിച്ചിട്ടുണ്ട്.

ഇസ്‌ലാം മതമാണ് ഉപവാസത്തെ അഥവാ വ്രതാനുഷ്ഠാനത്തെ ഒരു ചന്ദ്രമാസക്കാലമായി നിജപ്പെടുത്തി വലിയ ജനവിഭാഗത്തിന്നിടയിൽ ഇത്ര പ്രചാരവും പ്രാബല്യവും വരുത്തിയത്. നോമ്പ് മുസ്‌ലിം സമുദായത്തിൽ ചെലുത്തുന്ന സ്വാധീനം അളന്ന് തിട്ടപ്പെടുത്താൻ സാധിക്കാത്തതാണ്. വ്രതാനുഷ്ഠാനത്തെ പറ്റി വാഗ്ദത്ത മസീഹ് ഹദറത്ത് അഹ്മദ്(അ) പറയുന്നു:

**'**റമദ:**'** എന്ന പദത്തിന്റെ അർത്ഥം സൂര്യതാപം എന്നാണ് റമദാൻ മാസത്തിൽ ഒരു ഭാഗത്ത് ജനങ്ങൾ ഭക്ഷണ പാനീയങ്ങളും മറ്റെല്ലാ ശാരീരിക സുഖങ്ങളും ത്യജിക്കുകയും മറുഭാഗത്ത് ദൈവിക കൽപ്പനകളനുസരിക്കുന്നതിൽ ശ്രദ്ധയും ആവേശവും വളർത്തിക്കൊണ്ട് വരികയും ചെയ്യുന്നു. ആത്മീയമായും ഭൗതികമായും ജ്വലനങ്ങളുടെ സംഗമമാണ് റമദാൻ. നോമ്പനുഷ്ഠാനം ആദ്യം ഒരു ഉഷ്ണ മാസത്തിൽ ആരംഭിച്ചത്കൊണ്ടാണ് റമദാൻ എന്ന പേരുണ്ടായത് എന്ന് ചില നിഘണ്ഡു കർത്താക്കളുടെ നിഗമനം ശരിയല്ല എന്നാണെന്റെ അഭിപ്രായം. അത് അറബികൾക്ക് മാത്രമുള്ള പ്രത്യേക കാര്യമല്ല. ആത്മീയാർത്ഥത്തിൽ റമദ എന്നാൽ ആത്മീയമായ ആവേശവും ആത്മീയ ജ്വലനവുമാണ്. കല്ലുകളേയും ഇതര വസ്തുക്കളേയും ചൂടുപിടിപ്പിക്കുന്ന ഉഷ്ണത്തിന്നും റമദ എന്നു പേരു പറയുന്നു. .........നമസ്ക്കാരം മനുഷ്യ ഹൃദയത്തെ ദോഷബാധകളിൽ നിന്ന് ശുദ്ധീകരിക്കുമ്പോൾ നോമ്പ് മനുഷ്യാത്മാവിനെ പ്രഭാപൂരിതമാക്കി തീർക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണം എന്നാൽ അനിയന്ത്രിതതമായ അധമ പ്രവണതകളുടെ ബന്ധനങ്ങളിൽ നിന്നുള്ള വിമുക്തിയത്രെ ആത്മാവിന്റെ പ്രകാശവത്ക്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയ ദർശനങ്ങളിൽ അനുഗ്രഹീതനായിത്തീരുന്നു. (മൽഫൂസാത്ത്)



ഹദ്റത്ത് അഹ്മദ് (അ)

# വ്രതം ഒരു ആത്മീയാഹാരം

ഇസ്ലാമിലെ ഒരു മൗലിക കർമ്മമാണ് വ്രതാനുഷ്ഠാനം. ഇസ്ലാം നിർദ്ദേശിച്ചിട്ടുള്ള ആരാധനാ കർമ്മങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് മുസ്ലിംകൾ എന്നു പറയപ്പെടുന്ന ചിലർ തന്നെ ഇക്കാലത്ത് അഭിപ്രായപ്പെടുന്നുണ്ടെന്നത് വ്യസനകരമാണ്. ഇവർ ആത്മീയാന്ധത ബാധിച്ചവരും ദൈവകല്പനകളിൽ അന്തർഭവിച്ചിരിക്കുന്ന തത്വരഹസ്യം ഗ്രഹിക്കാത്തവരും ആകുന്നു. ആദ്ധ്യാത്മിക രംഗത്ത് കാലുറച്ചിട്ടില്ലാത്തവർ പ്രസ്തുത കർമ്മാനുഷ്ഠാനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ കൈകടത്താൻ ശ്രമിക്കുന്നത് യുക്തിപൂർവ്വമല്ല. തങ്ങൾ ഒരിക്കലും കടന്നുചെന്നിട്ടില്ലാത്ത പ്രസ്തുത ആത്മീയസാമ്രാജ്യത്തിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ഇവർ കൃത്രിമ പദ്ധതികൾ നിർദ്ദേശിക്കുന്നു. ഇവർ ജീവിതം മുഴുവനും ലൗകീക കാര്യങ്ങളിൽ മാത്രം ചെലവഴിക്കുന്നവരും ആത്മീയകാര്യങ്ങളെക്കുറിച്ച് വിവരമില്ലാത്തവരും ആകുന്നു. ആഹാരം കുറക്കുകയും വിശപ്പു സഹിക്കുകയും ചെയ്യുകയെന്നത് ആത്മാവിന്റെ സംസ്കാരത്തിന്നും പുരോഗതിക്കും അത്യാവശ്യമായ ഒരു കർമ്മമാകുന്നു. അത് ആത്മദർശനത്തിനുള്ള ശക്തിയെ പോഷിപ്പിക്കുന്നതുമാകുന്നു. മനുഷ്യൻ ഭക്ഷണപദാർത്ഥങ്ങളിൽ മാത്രമല്ല ജീവിക്കുന്നത്. ഈ ജീവിതത്തിനുശേഷം അവനു മറ്റൊരു ജീവിതമുണ്ട്. നിത്യമായ ആ പാരത്രിക ജീവിതത്തെ അലക്ഷ്യമാക്കിക്കളയുകയെന്നത് ദൈവത്തിൽ നിന്നുള്ള വേർപാടിനെയും അത് വഴി അവന്റെ അനിഷ്ടത്തെയും സ്വയം വരിക്കുകയാകുന്നു.

വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലം വരെ പാനാശനങ്ങൾ ചെയ്യാതെ വിശപ്പു സഹിക്കുക മാത്രമല്ലെന്ന് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽ നിന്നും അകന്നു നില്കുമാറു നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കുക അത്യാവശ്യമാകുന്നു. വിശുദ്ധ നബികരീം (സ) തിരുമേനി റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാവുക പതിവായിരുന്നു. ആകയാൽ നോമ്പ് കാലത്ത് ഭക്ഷ്യപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽ നിന്നു വിരമിക്കുകയും പ്രസ്തുത കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ടു ശ്രദ്ധയെല്ലാം അല്ലാഹുവിങ്കൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ച് ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നു വേണം പറയുവാൻ. ഭക്ഷണം കഴിക്കുന്നത് മൂലം ശരീരത്തിനുബലവും ഓജസ്സും നിലനില്ക്കുന്നത് പോലെ ആത്മീയാഹാരം മൂലം ആത്മാവിന്നു രക്ഷയും ആത്മീയശക്തികയും ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടെയും വാതിൽ ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിൽ വിജയലബ്ധിക്ക് അവങ്കൽ നിന്നുതന്നെ സഹായം തേടേണ്ടതാണ്. – ബദർ – 18–1–1907.

'റമദ' സൂര്യോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളുടെയും ഇതര ശാരീരികാനന്ദങ്ങളുടെയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്നു അല്ലാഹുവിന്റെ കല്പനകൾക്കായി ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാതമാകുന്നു. അങ്ങനെ ആത്മീയവും ഭൗതികവുമായ ഊഷ്മാവുകൾ ഒന്നായി ച്ചേർന്ന് റമദാൻ (രണ്ടുവിധത്തിലുള്ള റമദുകൾ) ഉണ്ടാകുന്നു. റമദാൻ മാസം ഉഷ്ണകാലത്ത് വന്നതുകൊണ്ടാണ് റമദാൻ എന്ന പേര് സിദ്ധിച്ചതെന്നു വൈയാകരണന്മാരുടെ അഭിപ്രായത്തോടു എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്ക് മാത്രമായുള്ള പ്രത്യേകതയല്ല. ആത്മീയമായ റമദ എന്നതുകൊണ്ട് ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവും ആണുദ്ദേശ്യം – അൽഹക്കം 24–7–1901

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്‌റൂർ അഹ്മദ് (അയ്യദഹു) 2022 ഏപ്രിൽ 22–ാം തീയതി യുകെയിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# റമദാൻ: ആത്മീയ ഉന്നതിക്ക്




**ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്** (അയ്യദഹു...)

അല്ലാഹു നോമ്പ് നിർബന്ധമാക്കിയിട്ടുള്ള കൽപനയുടെ ആരംഭത്തിൽ തന്നെ നോമ്പിന്റെ ലക്ഷ്യമായി പറയുന്നത്, നോമ്പ് നിങ്ങൾക്ക് നിർബന്ധമാക്കിയത് നിങ്ങൾ തഖ്‌വ സ്വായത്തമാക്കുന്നതിന് വേണ്ടിയാണ് എന്നാണ്. ആയതിനാൽ നോമ്പിന്റെയും റമദാനിന്റെയും അനുഗ്രഹങ്ങളിൽ നാം ഭാഗഭാക്കാകണമെങ്കിൽ നാം നോമ്പിനോടൊപ്പം തന്നെ നമ്മുടെ തഖ്‌വയുടെ നിലവാരവും ഉയർത്തുന്നവരാകേണ്ടതാണ്. എല്ലാ തിന്മകളിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി അല്ലാഹുവിന്റെ അഭയത്തിൽ വരാൻ പരിശ്രമിക്കേണ്ടതാണ്.

നബി(സ) പറയുന്നു: നോമ്പ് പരിചയാകുന്നു. കേവലം പേരിനു മാത്രം നോമ്പെടുക്കുന്നത് നമുക്ക് മതിയായതാണോ? സെഹ്‌റിയും ഇഫ്താരിയും മാത്രം കഴിച്ചാൽ മതിയോ.? നമ്മൾ സെഹ്‌റിയും ഇഫ്താരിയും കഴിച്ചതുകൊണ്ടു മാത്രം നമുക്ക് നോമ്പിന്റെ പരിചയുടെ പിന്നിൽ വരാൻ കഴിയുമോ.? ഇല്ല. മറിച്ച് അതിന്റെ നിർബന്ധ കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ, അടിസ്ഥാന ലക്ഷ്യമായി അല്ലാഹു പറഞ്ഞത്, لَعَلَّكُمْ تَتَّقُوْنَ അങ്ങനെ നിങ്ങൾ തഖ്‌വ സ്വായത്തമാക്കുക എന്നുള്ളതാകുന്നു. ആയതിനാൽ, നാം നമ്മുടെ നോമ്പുകളെയും റമദാനെയും അല്ലാഹുവിനും അല്ലാഹുവിന്റെ പ്രീതി കരസ്തമാക്കുന്നതിനും പ്രതിഫലമായി അല്ലാഹുവിനെ തന്നെ ലഭിക്കുന്നതിനും വേണ്ടിയുള്ള നോമ്പും റമദാനും ആക്കണമെങ്കിൽ നമുക്ക് അല്ലാഹു ആഗ്രഹിക്കുന്ന അതിന്റെ നിലവാരത്തിലേക്ക് അതിനെ കൊണ്ടുവരേണ്ടിവരും.

നം നമ്മെ വിശ്വാസികൾ എന്ന് പറയുന്നു മുസ്‌ലിംകൾ എന്നും പറയുന്നു, തിരുനബി(സ)യുടെ ആജ്ഞകൾ പ്രാവർത്തികമാക്കികൊണ്ടു നബി(സ)യുടെ മേലുള്ള വിശ്വാസത്തെ സമ്പൂർണമാക്കിക്കൊണ്ടു തിരുനബി(സ)യുടെ പ്രവചനമനുസരിച്ച് വരേണ്ടിയിരു

ന്ന മഹ്ദി മസീഹ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)ന്റെ രൂപത്തിൽ വന്നു എന്നും, ഇനി ഇസ്‌ലാമിന്റെ പുനരുജ്ജീവനം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് മഹ്ദി മസീഹിന്റെ കൈകളാൽ തന്നെയാണുണ്ടാകുക എന്നും വാദിക്കുന്നു. ആയതിനാൽ നമ്മുടെ ഉത്തരവാദിത്വം, നമ്മുടെ ഉള്ളിൽ ഇസ്‌ലാമിന്റെ യഥാർഥ ആത്മാവിനെ നിലനിർത്താൻ മസീഹ് മൗഊദ്(അ)ൽ നിന്നു തന്നെ മാർഗദർശനം തേടുക എന്നതാണ്.

അങ്ങനെ തഖ്‌വയെ സംബന്ധിച്ച് ആ മഹാത്മാവ് പറഞ്ഞതെന്താണെന്നു നാം നോക്കുമ്പോൾ ആ വിഷയത്തിൽ നിന്നും നമുക്ക് തഖ്‌വ എന്താണെന്നു മനസ്സിലാകുന്നതാണ്. ഞാൻ പറഞ്ഞതുപോലെ നാം വാദിക്കുന്നത് നമ്മൾ മുസ്‌ലിംകൾ ആണെന്നും വിശ്വാസികളിൽ ഉൾപെടുന്നവർ ആണെന്നുമാണ്. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എങ്കിൽ കേട്ടുകൊള്ളുക, ഈമാനിന്റെ ആദ്യത്തെ ചുവട് മനുഷ്യൻ തഖ്‌വ ആർജിക്കുക എന്നതാകുന്നു.

തുടർന്ന് പറയുന്നു: തഖ്‌വ എന്താണ്? അതിനുള്ള മറുപടി ഇതാകുന്നു, എല്ലാത്തരം തിന്മയിൽ നിന്നും തങ്ങളെ സംരക്ഷിക്കുക. നമ്മൾ ആത്മപരിശോധന നടത്തുകയാണെങ്കിൽ ഇതൊരു നിസാര സംഗതിയല്ല എന്ന് മനസ്സിലാക്കാൻ കഴിയും. നമ്മൾ കണക്കെടുപ്പ് നടത്തുകയാണെങ്കിൽ നമ്മൾ തഖ്‌വയുടെ കടമകൾ യഥാവിധി നിർവഹിച്ചുകൊണ്ട് ഹുഖൂഖുല്ലാഹ്‌യുടെ കടമകൾ പൂർത്തിയാക്കുന്നുണ്ടോ, നമ്മൾ തഖ്‌വയിൽ ചലിച്ചുകൊണ്ട് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നുണ്ടോ എന്നൊക്കെ മനസ്സിലാക്കാൻ കഴിയും. തഖ്‌വ എന്താണെന്ന് ഈ കാര്യങ്ങളെ സംബന്ധിച്ച് അറിവില്ലാത്തിടത്തോളം മനസ്സിലാക്കാൻ സാധ്യമല്ല. അറിവ് കരസ്ഥമാക്കേണ്ടിയിരിക്കുന്നു. കാരണം അറിവ് കരസ്ഥമാക്കാതെ കണ്ട് ഒന്നും നേടാനും മനുഷ്യന് ഒന്നും ആർജിക്കാനും കഴിയില്ല.

പറയുന്നു: അല്ലാഹുവിനോടുള്ള കടമകളും ദാസന്മാരോടുള്ള കർത്തവ്യങ്ങളും എന്തെല്ലാമാണെന്നും ഏതെല്ലാം കാര്യങ്ങളിൽ നിന്നാണ് അല്ലാഹു തടഞ്ഞത് എന്നും ഏതെല്ലാം കാര്യങ്ങൾ ചെയ്യാനാണ് അല്ലാഹു കല്പിച്ചത് എന്നുമുള്ള അറിവ് കരസ്ഥമാക്കുന്നതിനുവേണ്ടി കൂടെ കൂടെ ഖുർആൻ പാരായണം ചെയ്യുക. പറയുന്നു: നിങ്ങൾ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ തിന്മകളുടെ വിശദാംശങ്ങൾ എഴുതിവെക്കേണ്ടതാണ്. പിന്നെ അല്ലാഹുവിന്റെ അനുഗ്രഹവും സഹായവും മുഖേന ആ തിന്മകളിൽ നിന്ന് രക്ഷപ്പെടുന്നതിന് പരിശ്രമിക്കുകയും ചെയ്യുക.

നമ്മൾ റമദാനിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവരാണ്. പൊതുവിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതിലേക്ക് കൂടുതൽ ശ്രദ്ധ ഉണ്ടാകുമ്പോൾ അല്ലാഹുവിന്റെ കല്പനകളെയും വിലക്കുകളെയും കുറിച്ച് ചിന്തിക്കാനും തിന്മകളിൽ നിന്ന് വിട്ടുനിൽക്കാനും നന്മകൾ പ്രാവർത്തികമാക്കാൻ പരിശ്രമിക്കാനും ഉള്ള ചിന്താഗതിയോടുകൂടി അത് പാരായണം ചെയ്യേണ്ടതാണ്... വിശുദ്ധ ഖുർആനിൽ ആദ്യാവസാനം വരെ കല്പനകളുടെയും വിലക്കുകളുടെയും ദൈവീക ആജ്ഞകളുടെയും വിശദാംശങ്ങൾ ഉണ്ട്.

ആ മഹാത്മാവ് വളരെ ശക്തി ചെലുത്തിക്കൊണ്ട് പറയുന്നു: മനുഷ്യൻ മുത്തഖി ആകാത്തിടത്തോളം അവന്റെ ഇബാദത്തുകളും ദുആകളും സ്വീകാര്യതയുടെ വർണം പ്രാപിക്കുന്നതല്ല. കാരണം അല്ലാഹു പറഞ്ഞിട്ടുള്ളത്, إِنَّمَا يَتَقَبَّلُ اللَّهُ مِنَ الْمُتَّقِينَ അതായത് തീർച്ചയായും അല്ലാഹു മുത്തഖികളുടെ ഇബാദത്തുകൾ മാത്രമാണ് സ്വീകരിക്കുന്നത്. മുത്തഖീങ്ങളുടെ നമസ്കാരവും നോമ്പും മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ എന്നതാണ് വാസ്തവം.

ഇബാദത്തുകളുടെ സ്വീകാര്യത എന്താണ്. അതുകൊണ്ട് എന്താണ് വിവക്ഷിക്കപ്പെടുന്നത് എന്നതിന് മറുപടി നൽകിക്കൊണ്ട് പറയുന്നു: നമ്മൾ നമസ്കാരം സ്വീകരിക്കപ്പെട്ടു എന്ന് പറയുന്നതുകൊണ്ട് വിവക്ഷിക്കുന്നത് നമസ്കാരത്തിന്റെ പ്രഭാവങ്ങളും അനുഗ്രഹങ്ങളും നമസ്കരിക്കുന്ന ആളിൽ ഉണ്ടായിരിക്കുന്നുവെന്നാണ്. ആ അനുഗ്രഹങ്ങളും പ്രഭാവങ്ങളും ഉടലെടുക്കുന്നതുവരെ അത് കേവലം തലയിട്ടടിക്കൽ മാത്രമാകുന്നു. ആകയാൽ നമ്മൾ നോക്കേണ്ടത്, നമ്മുടെ റമദാനും നോമ്പുകളും നമ്മളെ ഈ നിലവാരത്തിലേക്ക് കൊണ്ട് പോകാൻ പരിശ്രമിക്കുന്നതാകുന്നുണ്ടോ എന്ന താണ്. ഒരാൾ വിശ്വാസിയാകാൻ ആഗ്രഹിക്കുമ്പോൾ ഉണ്ടാകുന്ന ആദ്യഘട്ടവും പ്രയാസവും തിന്മകളിൽ നിന്ന് വിട്ടുനിൽക്കുക എന്നത് തന്നെയാണ്. അതിന്റെ പേരാകുന്നു തഖ്‌വ.

ആകയാൽ നമ്മുടെ ഇബാദത്തുകളും നോമ്പുകളും നമ്മുടെ ഖുർആൻ പാരായണവും നമ്മുടെ കർമങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കുന്നില്ലെങ്കിൽ, നോമ്പ് എടുക്കുന്നതിന്റെ ഉദ്ദേശമായ തഖ്‌വ സ്വായത്തമാക്കുന്നതിന് ശ്രമിക്കുന്നില്ലെങ്കിൽ നാം നമ്മുടെ നോമ്പുകളുടെ ഉദ്ദേശത്തെ പൂർത്തിയാക്കുന്നില്ല. റസൂൽ തിരുമേനി(സ) പറഞ്ഞു: നോമ്പ് പരിചയാകുന്നു. നമ്മൾ ഈ പരിചയെ കുറിച്ച് പറയുന്നു. പക്ഷെ നമ്മൾ ആ പരിച ഉപയോഗിക്കേണ്ട രീതി പഠിക്കാൻ ശ്രമിച്ചില്ല. നമ്മൾ സെഹ്‌രിയും ഇഫ്താറും ചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തെങ്കിലും സെഹ്‌രിയും ഇഫ്താറും കഴിക്കുന്നതിന്റെ ഉദ്ദേശത്തെ പൂർത്തിയാക്കുന്നവരായില്ല. നമ്മൾ പകൽ മുഴുവൻ ഭക്ഷിക്കാതെയും കുടിക്കാതെയും കഴിച്ചു കൂട്ടിയെങ്കിലും തഖ്‌വയിലൂടെ പൂർത്തീകരിക്കേണ്ട ലക്ഷ്യത്തെയും തഖ്‌വ മുഖേന ഉണ്ടാകേണ്ട ലക്ഷ്യത്തെ

യും സാക്ഷാത്കരിക്കുന്നവരാകുന്നില്ല. ആകയാൽ നമ്മൾ ഇത് സ്വായത്തമാക്കുന്നുണ്ടോ ഇല്ലേ എന്ന് വിലയിരുത്തി നോക്കേണ്ടതാണ്.

ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ തഖ്വയെ സംബന്ധിച്ചുള്ള ചില ഉദ്ധരണികൾ കൂടി സമർപ്പിക്കാം. അതിൽ നിന്നു യഥാർഥ തഖ്വ എന്താണ് എന്നും ഏത് രീതിയിലുള്ള തഖ്വയാണ് മസീഹ് മൗഊദ്(അ) നമ്മിൽ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നത് എന്നതിനും നമുക്ക് മാർഗദർശനം ലഭിക്കുന്നതാണ്. (മഹാത്മാവ് പറയുന്നു:) മനുഷ്യരെ ശുദ്ധീകരിക്കപ്പെടുന്നതിനും വിമലീകരിക്കപ്പെടുന്നതിനും പ്രവാചകന്മാർ ആഗതരായിക്കൊണ്ടിരുന്ന യഥാർഥ തഖ്വ ലോകത്തുനിന്ന് ഉയർന്നു പോയിരിക്കുന്നു. قَدْ أَفْلَحَ مَن زَكَّاهَا അതായത് അതിനെ ശുദ്ധീകരിച്ചവൻ തന്റെ ലക്ഷ്യം കൈവരിച്ചു എന്നതിന്റെ സാക്ഷാത്കാരമായി ആരെങ്കിലും ഉണ്ടാകുമായിരിക്കാം. പരിശുദ്ധിയും പവിത്രതയും ഉത്തമമായ കാര്യമാകുന്നു. മനുഷ്യൻ പരിശുദ്ധനായിത്തീരുമ്പോൾ മലക്കുകൾ അവനു ഹസ്തദാനം ചെയ്യുന്നു. പക്ഷെ, ജനങ്ങൾ അതിനെ വിലമതിക്കുന്നില്ല. അങ്ങനെയല്ലായിരുന്നുവെങ്കിൽ അവനുള്ള എല്ലാ ആനന്ദത്തിനുള്ള കാര്യങ്ങളും ഹലാലായ മാർഗത്തിലൂടെ കിട്ടുമായിരുന്നു. സമ്പത്ത് കിട്ടുന്നതിനുവേണ്ടി കള്ളൻ മോഷ്ടിക്കുന്നു. എന്നാൽ അവൻ ക്ഷമിച്ച് കഴിയുകയാണെങ്കിൽ അല്ലാഹു അവനെ മറ്റു മാർഗങ്ങളിലൂടെ സമ്പന്നനാക്കുന്നതാണ്. ഈ കളവെന്നു പറയുന്നത് കേവലം ബാഹ്യമായ കളവു മാത്രമല്ല. ചില കച്ചവടക്കാരും ശരിയല്ലാത്ത സാധനങ്ങൾ വിൽക്കുന്നുണ്ട്. അവരും ഈ ഗണത്തിൽ വരുന്നതാണ്. മനസ്സിൽ നിന്ന് വിശ്വാസം പുറത്തുപോകുമ്പോൾ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ മനുഷ്യനിൽനിന്നുണ്ടാകുന്നു.

ആടിന് മുന്നിൽ സിംഹം നിൽകുമ്പോൾ അതിനു പുല്ലു പോലും തിന്നാൻ സാധ്യമല്ല എന്നിരിക്കെ ജനങ്ങൾക്ക് ആടിന്റെ അത്ര വിശ്വാസംപോലും ഇല്ല. മനുഷ്യൻ തിന്മകളും പാപങ്ങളും ചെയ്യുമ്പോൾ ഏത് സമയത്തും അല്ലാഹു തന്നെ കണ്ടുകൊണ്ടിരിക്കുന്നു എന്ന ചിന്തയുണ്ടാകേണ്ടതാണ്... യഥാർഥ തായ്‌വേരും ലക്ഷ്യവും തഖ്വയാകുന്നു. അത് കിട്ടുന്നവന് എല്ലാം നേടാൻ കഴിയുന്നതാണ്. അത് കൂടാതെ ഒരിക്കലും തന്നെ വലുതും ചെറുതുമായ തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ മനുഷ്യനു സാധ്യമല്ല.

(താൻ ഒറ്റക്കാണെന്ന് മനസ്സിലാക്കുമ്പോൾ ആ സമയത്ത് മനുഷ്യൻ നിരീശ്വവാദിയായിത്തീരുന്നു. എന്റെ ദൈവം എന്നെ നോക്കുന്നുണ്ട് എന്നവൻ കരുതുന്നില്ല.) തഖ്വയിലാണ് എല്ലാ കാര്യങ്ങളും ഉള്ളത്. വിശുദ്ധ ഖുർആന്റെ ആരംഭവും അതിൽ നിന്നാണ്; *ഇയ്യാക നഅ്ബദു വഇയ്യാക്ക നസ്തഈൻ* എന്നതിന്റെ വിവക്ഷയും തഖ്വയാകുന്നു. അതായത് മനുഷ്യൻ കർമങ്ങൾ ചെയ്യുന്നുവെങ്കിലും അതിനെ തന്നിലേക്ക് ചേർത്തുപറയാൻ ഭയം കാരണം അവൻ ധൈര്യപ്പെടുന്നില്ല. അല്ലാഹുവിൽ നിന്ന് സഹായം തേടുന്നു.

പിന്നെ രണ്ടാമത്തെ സൂറത്തും هُدًى لِّلْمُتَّقِينَ എന്നതുകൊണ്ടാണ് തുടങ്ങുന്നത്. നമസ്കാരം നോമ്പ് സകാത്ത് തുടങ്ങി എല്ലാം മനുഷ്യൻ മുത്തഖി ആകുമ്പോൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. ആ സമയത്ത് അല്ലാഹു തിന്മയിലേക്ക് വിളിക്കുന്ന എല്ലാത്തിനെയും അകറ്റി നിർത്തുന്നു. ഭാര്യയുടെ ആവശ്യം വന്നാൽ ഭാര്യയെ നൽകുന്നു. മരുന്നിന്റെ ആവശ്യം ഉണ്ടായാൽ മരുന്ന് നൽകുന്നു. ആഗ്രഹിക്കുന്ന വസ്തുവിനെ അത് നൽകുന്നു. പ്രതീക്ഷിക്കാത്ത ഇടങ്ങളിൽ നിന്ന് ഉപജീവനത്തിനുള്ള ഏർപ്പാട് ചെയ്യുന്നു.

ഒരു തത്വം എപ്പോഴും മനസ്സിലാക്കിയിരിക്കുക, അതായത് വിശ്വാസിയുടെ കർമത്തിൽ വിജയം നല്കപ്പെടുമ്പോൾ അവൻ ലജ്ജിതനാകുന്നു; ഞാൻ ഇതിനു അർഹനല്ലായിരുന്നു എന്നും അല്ലാഹുവിന്റെ അനുഗ്രഹമാണ് എല്ലാം തന്നതെന്നും മനസ്സിലാക്കുന്നു. ഈ ചിന്തയുണ്ടാകുമ്പോൾ പിന്നെ അല്ലാഹുവിനെ സ്തുതിക്കുന്നു. ഇങ്ങനെ അവൻ ചുവടുകൾ മുന്നോട്ട് വെക്കുകയും എല്ലാ പരീക്ഷണത്തിലും സ്ഥിരചിത്തനായിക്കൊണ്ട് വിശ്വാസം ആർജ്ജിക്കുകയും ചെയ്യുന്നു. എന്നാൽ യഥാർത്ഥ വിശ്വാസി ഓരോ കാര്യത്തെയും അല്ലാഹുവിലേക്ക് ചേർത്ത് പറയുമ്പോൾ പിന്നെ അവനുമേൽ അനുഗ്രഹങ്ങളുടെ വാതിലുകൾ തുറക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു. ഓരോ വിജയത്തിനു ശേഷവും അവന്റെ ദൈവം പുതിയ രീതിയിൽ അവനുമായി ഇടപഴകാൻ തുടങ്ങുന്നു. അവനിൽ മാറ്റങ്ങൾ ഉണ്ടാകുന്നു. إِنَّ اللَّهَ مَعَ الَّذِينَ اتَّقَوا അല്ലാഹു മുത്തഖിയോടൊപ്പമാണുള്ളത്.

പറയുന്നു: തഖ്വയുടെ പ്രഭാവങ്ങൾ ഈ ലോകത്ത് തന്നെ മുത്തഖിയിൽ ഉണ്ടായിത്തുടങ്ങുന്നു. ഇത് കേവലം കടമല്ല; റൊക്കമാണ്. മാത്രമല്ല വിഷത്തിന്റെ പ്രഭാവവും ശമനഔഷധത്തിന്റെ പ്രഭാവവും പെട്ടെന്ന് തന്നെ ശരീരത്തിൽ ഉണ്ടാകുന്നതുപോലെ തഖ്വയുടെ പ്രഭാവവും ഉണ്ടാകുന്നതാണ്. ആകയാൽ നന്മകൾ ചെയ്തിട്ടും ഇബാദത്തുകൾ ചെയ്തിട്ടും മനുഷ്യന്റെ അവസ്ഥയിൽ പ്രഭാവം ചെലുത്തുന്നില്ലെങ്കിൽ അത് ചിന്തനീയമാണ്. (കേവലം ഇബാദത്തുകൾ ചെയ്യുകയും അതോടൊപ്പം ജനങ്ങളോടുള്ള കടമകൾ പൂർത്തിയാക്കുന്നുമില്ലെങ്കിൽ ഒരു പ്രയോജനവുമില്ല. അതുപോലെ അല്ലാഹുവിനെ മറന്നുകൊണ്ട് സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുക എന്നതും തഖ്വയിൽ ചലിക്കുന്ന ആളുകൾക്ക് സാധ്യമല്ല.)

മനുഷ്യനുമേൽ നിരവധി മരണങ്ങൾ വരാത്തിടത്തോളം

ശേഷം പേജ് 42 ൽ

# റമദാൻ: ചില വസ്തുതകൾ

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

"വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലംവരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പു സഹിക്കുക മാത്രമല്ല എന്നത് സ്മർത്തവ്യമാണ്. എല്ലാതരം ദോഷങ്ങളിൽനിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. തിരുനബി(സ)റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാകുക പതിവായിരുന്നു. അതുകൊണ്ട് നോമ്പുകാലത്ത് ഭക്ഷണപാനിയാദികളെ സംബന്ധിച്ച ചിന്തകളിൽനിന്ന് വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ സാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ചു ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നുവേണം പറയാൻ. ഭക്ഷണം കഴിക്കുന്നതു മൂലം ശരീരത്തിന് ബലവും ഓജസം നിലനില്ക്കുന്നതുപോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്കു ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടേയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്കു അവനിൽനിന്നുതന്നെ സഹായം തേടേണ്ടതാണ്.'' (ഇസ്ലാമിലെ അഞ്ചു കാര്യങ്ങൾ പേജ് 15,16).

### നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും

''ഇസ്ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധിമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിന്നായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്." (മൽഫൂദാത്ത് വാള്യം 9 പേജ് 123, 1984)

### റമദാൻ എന്ന നാമം

''സൂര്യന്റെ ചൂടിനാണ് **റമദ** എന്നു പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളിലും ശാരീരിക സുഖങ്ങളിലും ക്ഷമ കൈക്കൊളളുന്നു. രണ്ടാമതായി അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ ഒരു ചൂടും ആവേശവും ഉണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും താപവും ചേർന്ന് **റമദാൻ** (രണ്ടുചൂട്) ഉണ്ടായി. ചൂടു മാസത്തിൽ വന്നു, അതുകൊണ്ട് റമദാൻ എന്നുപറയപ്പെട്ടു എന്ന് നിഘണ്ടുകർത്താക്കൾ പറയുന്നത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്തുകൊണ്ടെന്നാൽ, അറബികൾക്കു മാത്രം ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ ചൂടുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ താൽപര്യവും ആസക്തിയും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള ചൂടുമാണ്. കല്ലുകൾ തുടങ്ങിയവ ചൂടാകുന്ന വെയിലിനും **റമദ** എന്നു പറയും." (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264)

### റമദാൻ മാസത്തിന്റെ മഹത്വം

**''ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ** ഈ വാക്യത്തിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ(ജാഗ്രദർശനങ്ങൾ)ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛകളിൽ നിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ

പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്. ഈ സൂചനയാണ് **ഉൻസില ഫീഹിൽഖുർആൻ** എന്നതിലുളളത്. ഇതിൽ സംശയമോ സന്ദേഹമോ ഒന്നുമില്ല. നോമ്പിന്റെ പ്രതിഫലം വളരെ വലുതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽനിന്ന് മനുഷ്യനെ തടയുന്നു.'' (തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264-265)

## ധർമശാസ്ത്രങ്ങൾ കൊണ്ടുളള ഫലം

"ഈ നിയന്ത്രണങ്ങളുടെ ഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുളള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്കു അല്ലാഹു നൽകിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെപ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവപ്രകാശകേന്ദ്രമായ അല്ലാഹുവിൽനിന്ന് സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റേയും സൽഗതിയുടേയും മാർഗങ്ങൾ ലോകർക്ക് കാണിച്ചുകൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളേയും ചാപല്യങ്ങളേയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാകുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുളളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കണത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധ തരത്തിലുളള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു." (ഇസ്‌ലാംമത തത്ത്വജ്ഞാനം പേജ് 191, 192)

## ചില സംശയനിവാരണങ്ങൾ

? യാത്രക്കാരനും രോഗിയും ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ശരീഅത്തിന്റെ അടിത്തറ ബലാൽക്കാരത്തിൽ വെച്ചിട്ടില്ല. കഴിവുളള യാത്രക്കാരനും രോഗിയും നോമ്പിനു പകരം ഫിദ്‌യഃ കൊടുക്കേണ്ടതാണ്. ഒരു അഗതിയ്ക്കു ഭക്ഷണം നൽകുക എന്നതാണ് ഫിദ്‌യഃ. (മൽഫൂദാത്ത് വാള്യം 9, പേജ്431, 1984) *ഇവിടെ രോഗി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നടപ്പു വർഷം ആരോഗ്യം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയില്ലാത്തവരാണ്.*

? ഫിദ്‌യഃ കൊടുക്കേണ്ട രോഗികൾ ആരൊക്കെയാണ്?

വാർധക്യം പ്രാപിച്ചവരോ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്തവരോ ആണ് ഫിദ്‌യഃ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടു കിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്‌യഃ കൊടുത്ത് പരിഹാരം കാണാം എന്നു ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലാണ്. അധ്വാനമില്ലാത്ത മതം നമ്മുടെ പക്കൽ മതമല്ല. ഇതേപോലെ അല്ലാഹു നൽകിയിട്ടുള്ള ഉത്തരവദിത്വങ്ങൾ ഒഴികഴിവ് പറഞ്ഞ് സ്വന്തം തലയിൽനിന്നകറ്റുന്നതും കടുംപാപമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർക്ക് സന്മാർഗം നൽകപ്പെടും.' (മൽഫൂദാത്ത് വാള്യം 9, പേജ് 433, 1984)

? ഞാൻ ഇന്നേവരെ നോമ്പുനോറ്റിട്ടില്ല. അതിനെല്ലാം ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ

അല്ലാഹു ഓരോരുത്തർക്കും അവർക്കു വഹിക്കാവുന്നതിനെക്കാൾ കൂടുതൽ വിഷമം കൊടുക്കുകയില്ല. കഴിവിനനുസരിച്ച് കഴിഞ്ഞുപോയതിന്റെ ഫിദ്‌യഃ കൊടുക്കുക. ഇനി എല്ലാ നോമ്പും നോല്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. (മൽഫൂദാത്ത് വാള്യം 4, പേജ് 380, 1984)

? ഖാദിയാനിലെ യത്തീം ഫണ്ടിലേക്ക് ഫിദ്‌യഃ അയക്കാമോ?

കാര്യം ഒന്നുതന്നെയാണ്. തദ്ദേശവാസികളായ ഏതെങ്കിലും അഗതിയ്ക്കു കൊടുക്കുകയോ യതീം-മിസ്കീൻ ഫണ്ടിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്

?നോമ്പുകാരന് താടിയിലും മീശയിലും തലയിലും എണ്ണ പുരട്ടാമോ?

പുരട്ടാവുന്നതാണ്.

? നോമ്പുകാരന്റെ രോഗമുളള കണ്ണിൽ മരുന്നിറ്റിക്കുന്നത് അനുവദനീയമാണോ?

ഈ ചോദ്യംതന്നെ അപ്രസക്തമാണ്. രോഗിക്ക് നോമ്പ് പിടിക്കാൻ കല്പനയില്ല.

? നോമ്പുകാരന് കണ്ണിൽ സുറുമ എഴുതാമോ?

അത് വെറുക്കപ്പെട്ടതാണ്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? രാത്രിയിൽ അത് ആകാമല്ലോ?

? നോമ്പുകാരന് സുഗന്ധം ഉപയോഗിക്കാമോ?

ഉപയോഗിക്കാവുന്നതാണ്.

(മൽഫൂദാത്ത് വാള്യം 9, പേജ് 171 -172, 1984)

? മുറിയിലിരുന്ന ഞാൻ ഇടയത്താഴം കഴിക്കുകയായിരുന്നു. സമയം പോയതറിഞ്ഞില്ല. പുറത്തിറങ്ങിയപ്പോൾ വെളളവീശിയിരിക്കുന്നതായിക്കണ്ടു. ആ നോമ്പ് പിടിച്ചുവീട്ടണോ?

മനഃപൂർവമല്ലാത്തതുകൊണ്ട് ആവശ്യമില്ല.

? നോമ്പുകാരന് കണ്ണാടി നോക്കാമോ?

നോക്കാവുന്നതാണ്.

### ഫിദ്‌യഃ കൊടുക്കുന്നതിന്റെ ഉദ്ദേശ്യം

'എന്തിനാണ് ഫിദ്‌യഃ നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് മനസ്സിലായി; അതുമുഖേന നോമ്പു പിടിക്കാനുള്ള ഭാഗ്യം ലഭിക്കുക. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പ് പിടിക്കാൻ കഴിവു നൽകാവുന്നതാണ്.'

### നോമ്പിന്റെ പ്രാധാന്യം

"മരണത്തോടടുത്തെത്തിയെങ്കിൽ മാത്രമേ നോമ്പ് ഉപേക്ഷിക്കുകയുള്ളു എന്നതാണ് എന്റെ അവസ്ഥ. നോമ്പ് ഉപേക്ഷിക്കാൻ മനസ്സാഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീതമായ ദിനങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഇറങ്ങുന്ന നാളുകളാണ്." (മൽഫൂദാത്ത് വാള്യം 2, പേജ് 203, 1984)

### മനസ്സിനുണ്ടാകുന്ന ആർദ്രത

''നോമ്പും നമസ്ക്കാരവും രണ്ടു ആരാധനകളാണ്. നോമ്പിന്റെ സ്വാധീനശക്തി ശരീരത്തിലും നമസ്ക്കാരത്തിന്റെ സ്വാധീനശക്തി ആത്മാവിലുമാണ്. നമസ്ക്കാരം കൊണ്ട് (ആത്മാവിന്)ഒരു ചുട്ടുനീറ്റലും അലിവും അനുഭവപ്പെടുന്നു. എന്നാൽ, ഈ അവസ്ഥ ചിലപ്പോൾ യോഗികളിലും ഉണ്ടാകാവുന്നതാണ്. പക്ഷേ, ദുആ മുഖേനയുണ്ടാകുന്ന ആത്മീയമായ ആർദ്രതയിൽ ആരും പെടുകയില്ല." (മൽഫൂദാത്ത് വാള്യം 7, പേജ് 374, 1984)

### യാത്രയിൽ നോമ്പ്

? യാത്രയിൽ നോമ്പ് പിടിക്കാൻ പാടുണ്ടോ?

വിശുദ്ധഖുർആനിൽ നിന്ന് മനസ്സിലാകുന്നത് *ഫമൻകാന മിൻകും മരീദൻ ഔ അലാ സഫരിൻ ഫ ഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖറ* രോഗിയും യാത്രക്കാരനും നോമ്പ് പിടിക്കരുതെന്നാണ്. ഇതിൽ കൽപ്പനയാണുള്ളത്. കഴിയുമെങ്കിൽ പിടിക്കുക കഴിയില്ലെങ്കിൽ പിടിക്കരുത് എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. എന്റെ അഭിപ്രായത്തിൽ യാത്രക്കാരൻ നോമ്പ് പിടിക്കാതിരിക്കേണ്ടതാണ്. എന്നാൽ പൊതുവേ അധികമാളുകളും പിടിക്കാറുണ്ട്. എല്ലാവരും പിടിക്കുന്നു എന്ന് മനസ്സിലാക്കി ആരെങ്കിലും പിടിക്കുകയാണെങ്കിൽ പ്രശ്നമൊന്നുമില്ല. പക്ഷേ മറ്റ് ദിനങ്ങളിൽ പിടിച്ചുവീട്ടുക എന്നതിനെ പരിഗണിക്കേണ്ടതാണ്. യാത്രയിൽ ബുദ്ധിമുട്ട് സഹിച്ച് നോമ്പ് പിടിക്കുന്നവൻ തന്റെ കരബലം കൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. കൽപ്പന പാലിച്ച് അവനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇത് തെറ്റാണ്. വിധിവിലക്കുകളെ അനുസരിക്കുന്നതിലാണ് സത്യസന്ധമായ വിശ്വാസം കുടികൊള്ളുന്നത്. (മൽഫൂദാത്ത് വാള്യം 1, പേജ് 292,293 – 1984)

### തറാവീഹ് നമസ്ക്കാരം

? റമദാനിൽ തറവീഹ് എട്ട് റക്അത്ത് ഉറങ്ങുന്നതിനു മുമ്പേ ജമാഅത്തായിട്ട് പള്ളിയിൽ പോയി നമസ്ക്കരിക്കണോ അതോ രാത്രിയുടെ അവസാന യാമത്തിൽ തനിച്ച് വീട്ടിൽ നമസ്ക്കരിച്ചാൽ മതിയോ?

"തറാവീഹ് നമസ്ക്കാരം വേറിട്ടൊരു നമസ്ക്കാരമല്ല. യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരത്തിന്റെ എട്ട് റക്അത്ത് രാത്രിയുടെ ആദ്യയാമത്തിൽ നമസ്ക്കരിക്കുന്നതിന്റെ പേരാണ് തറാവീഹ്. ചോദിച്ചതുപോലെ രണ്ടു രീതിയിലും ഇത് അനുവദനീയമാണ്. നബി(സ)തിരുമേനി രണ്ടുരീതിയിലും ഇതനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ, ആ മഹാത്മാവ് അധികവും രാത്രിയുടെ അവസാന യാമത്തിൽ വീട്ടിൽ തനിച്ചാണ് നമസ്ക്കരിച്ചിരുന്നത്." വേറൊരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു: "തറാവീഹും സുന്നത്താണ്. അതനുഷ്ഠിച്ചുകൊള്ളുവിൻ. ഇടയ്ക്കിടെ വീട്ടിൽ തനിച്ചും നമസ്ക്കരിക്കുക. കാരണം തറാവീഹ് യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരമാണ്. പുതിയൊരു നമസ്ക്കാരമല്ല. വിത്ർ താങ്കൾ നമസ്ക്കരിക്കുന്നതുപോലെ തന്നെ നമസ്ക്കരിച്ചു കൊള്ളുക.

?തറാവീഹ്, തഹജ്ജുദ് നമസ്ക്കാരമാണെങ്കിൽ 20 റക്അത്ത് നമസ്ക്കരിക്കുന്നതിനെ സംബന്ധിച്ച് എന്താണ് നിർദ്ദേശം. കാരണം തഹജ്ജുദ്, വിത്ർ ഉൾപ്പെടെ 11 റക്അത്താണല്ലോ?

''നബി(സ)തിരുമേനിയുടെ സ്ഥിരമായിട്ടുള്ള സുന്നത്ത് 8 റക്അത്താണ്. ആ മഹാത്മാവ് തഹജ്ജുദിന്റെ സമയത്തു തന്നെയാണ് നമസ്ക്കരിച്ചിരുന്നത്. ശ്രേഷ്ഠകരവും ഇതുതന്നെ. എന്നാൽ, ആദ്യനേരത്തും നമസ്ക്കരിക്കുന്നത് അനുവദനീയമാണ്. നബി(സ) രാത്രിയുടെ ആദ്യ ഭാഗത്തു നമസ്ക്കരിച്ചിരുന്നതായി ഒരു രിവായത്തുണ്ട്. 20 റക്അത്ത് പിന്നീട് നമസ്ക്കരിക്കപ്പെട്ടതാണ്. എന്നാൽ നബി(സ)തിരുമേനിയുടെ സുന്നത്ത് ആദ്യം നിനരിച്ചതുതന്നെയാകുന്നു." (മൽഫൂദാത്ത് വാള്യം 10 പേജ് 113)

### ഇഅ്തികാഫ്

"ഇഅ്തികാഫിൽ എങ്ങോട്ടും നടക്കാതെ ഉള്ളിൽതന്നെ ഇരിക്കണമെന്ന് നിർബന്ധമില്ല. പള്ളിയുടെ മുകളിൽ വെയിലുണ്ടാകും അവിടെപ്പോയി ഇരിക്കാവുന്നതാണ്. ഇവിടെ താഴെ തണുപ്പ് കൂടുതലാണ്. ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. പാലിക്കേണ്ടുന്ന കാര്യങ്ങൾ എപ്പോഴും ശ്രദ്ധയിലുണ്ടാവണം. സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും ഇബാദത്തു തന്നെയാണ്."(മൽഫൂദാത്ത് വാള്യം 4 പേജ് 288)

? ഇഅ്തികാഫിൽ ഭൗതിക ഇടപാടുകളെക്കുറിച്ചു സംസാരിക്കാമോ?

ഒഴിച്ചു കൂടാനാവാത്തതാണെങ്കിൽ സംസരിക്കാവുന്നതാണ്. രോഗിയെ കാണുന്നതിനും നിർബന്ധ കാര്യത്തിനുംവേണ്ടി വെളിയിലിറങ്ങാവുന്നതാണ്. (മൽഫൂദാത്ത് വാള്യം 9 പേജ് 196)

ശേഷം പേജ് 43 ൽ

# വിശ്വസ്തതയും ഉത്തരവാദിത്വവും

ഭരണകൂട സംവിധാനം ഏത് വിധമായിരിക്കണമെന്ന് വിശുദ്ധ ഖുർആൻ നിഷ്ക്കർശിച്ചിട്ടില്ല. ഭൂരിപക്ഷാഭിപ്രായത്തെക്കാൾ നീതി പൂർവ്വമായിരിക്കണം ഭരണം എന്നത് തീർച്ചയായും ഉറപ്പാക്കണം. ജനാധിപത്യം തന്നെയാണ് അഭികാമ്യമായ ഭരണ ക്രമം. അവിടെയും നീതി രഹിതമായ ഭരണം നടക്കുന്ന ഒരു സാഹചര്യവും ഇസ്‌ലാം അംഗീകരിക്കുന്നില്ല അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന **'കേവലനീതി കാരുണ്യം ബന്ധുത്വം മൂന്ന് സക്രിയ തത്വങ്ങൾ'** എന്ന പുസ്തകത്തിൽ നിന്ന്.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

ഖുർആൻ ഉപയോഗിച്ച **'വിശ്വസ്തത'** എന്ന പദം അനിവാര്യമായും ഉത്തരവാദിത്തം എന്ന വിഷയത്തിലേക്കാണ് നയിക്കുക. ലോകത്തുള്ള ജനാധിപത്യ സ്ഥാപനങ്ങൾ അവരെ തിരഞ്ഞെടുത്ത ജനങ്ങളോട് നിർവ്വഹിക്കേണ്ടുന്ന വിശ്വസ്തത എന്ന ഈ ഉത്തരവാദിത്തം പൂർണ്ണമായും അവഗണിക്കുന്നു എന്നത് അത്യന്തം നിർഭാഗ്യകരമാണ്. അതുപോലെ അവർ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ട വരുമാണ്. ദൈവമാണ് അവരിൽ അവന്റെ വിശ്വസ്തത ഏൽപിച്ചിരിക്കുന്നത്. ജനാധിപത്യ സമൂഹങ്ങളിൽ വിശ്വസ്തത വഞ്ചിക്കപ്പെടുമ്പോഴാണ് അനീതിയുടെയും മർദ്ദനത്തിന്റെയും ആരോപണം ഉയർന്നുവരുന്നത്. ആ വിശ്വസ്തത പാലിക്കാൻ ന്യായമായും ജനാധിപത്യ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ദൈവത്തോടും മനുഷ്യനോടുമുള്ള അത്തരം വിശ്വാസ വഞ്ചനക്ക് പ്രാഥമികമായും അവരാണ് ഉത്തരവാദികൾ. അർഹതപ്പെട്ട ആളുകളെ ഈ വിശ്വസ്തത ഏൽപിക്കുന്നതിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു സ്ഥാപനമോ വ്യക്തികളോ പരാജയപ്പെടുമ്പോഴെല്ലാം അതിന്റെ അനന്തര ഫലമായി സമൂഹത്തിൽ നിരവധി രോഗങ്ങളും ആവിർഭിക്കുന്നു. കേവല നീതിക്ക് പകരം മനുഷ്യർ മർദ്ദനത്തിനും ക്രൂരതക്കും വിധേയമാവേണ്ടിവരുന്നു.

അതായത് ഖുർആൻ മുഴുലോകത്തിന്നും ഒരേ രീതിയിലുള്ള ഭരണകൂടമല്ല അടിച്ചേൽപ്പിക്കുന്നത്. അങ്ങനെയായിരുന്നുവെങ്കിൽ അത് നീതിയുടെ താൽപര്യങ്ങൾക്ക് കടക വിരുദ്ധമാകുമായിരുന്നു. ഏതായിരുന്നാലും ജനാധിപത്യ രാഷ്ട്രീയ സംവിധാനം മറ്റെല്ലാ ഭരണ സംവിധാനങ്ങളെക്കാളും അഭിലഷണീയം തന്നെയാണ്. അതേ സമയം എല്ലാ തരത്തിലുള്ള ഭരണ കൂടങ്ങളും ദൈവത്തോട് മറുപടിപറയേണ്ടിവരും എന്ന ബോധത്തോടെയായിരിക്കണം അവരുടെ ഉത്തര വാദിത്തങ്ങൾ നിറവേറ്റേണ്ടത് എന്ന് ഖുർആൻ പറയുന്നു.

**'ജനങ്ങൾക്ക് വേണ്ടി'** എന്ന ജനാധിപത്യത്തിലെ മുദ്രാവാക്യം അവ്യക്തത നിറഞ്ഞ ഒന്നാണ്. ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കുന്ന ഒരു ഭരണകൂടത്തിന് 'ജനങ്ങൾക്ക് വേണ്ടി' എന്ന ശൈലി ഖുർആൻ എവിടെയും പ്രയോഗിച്ചിട്ടില്ല. നീതിപൂർവമായിരിക്കണം അതിന്റെ പ്രവർത്തനം എന്നതിലാണ് ഖുർആൻ ഊന്നുന്നത്.

ഈ തത്വപ്രകാരം ഒരു ജനാധിപത്യ രാജ്യത്തിലെ നിയമ നിർമ്മാണ പ്രക്രിയയിൽ എല്ലാ പൗരന്മാർക്കും, അയാൾ ഏതൊരു രാഷ്ട്രീയ പാർട്ടിയിലെ അംഗമായിരുന്നാലും ശരി, പൗരാവകാശങ്ങൾ ഒരിക്കലും തന്നെ ലംഘിക്കാൻ പാടില്ല. എല്ലാ പൗരന്മാർക്കും അവരുടെ പൗരാവകാശങ്ങൾ സമത്വത്തിന്റെ അന്തസോടെ നൽകിയിരിക്കണം. ഒറ്റ പൗരനായിരുന്നാൽ പോലും അയാളുടെ മൗലികാവകാശങ്ങൾക്ക് എതിരായി രാഷ്ട്രീയ ഭൂരിപക്ഷത്തിന്റെ പേരിൽ നിയമ നിർമ്മാണം നടത്താൻ അനുവദിച്ചുകൂടാ. ഭൂരിപക്ഷത്തിന്റെ പേരിലുള്ള അവകാശവാദങ്ങൾ ഒന്നും തന്നെ സാധൂകരിക്കപ്പെടുന്നില്ല. അഗാധമായ ഈ വിഷയം സമഗ്രമായി പ്രതിപാദിക്കുന്ന വിശുദ്ധ ഖുർആനിലെ ഒരു വചനം ഉപസംഹരിക്കാൻ വേണ്ടി നാം ഉദ്ധരിക്കാം.

**നിശ്ചയമായും അല്ലാഹു നിങ്ങൾക്ക് ഏൽപ്പിക്കപ്പെട്ട കാര്യങ്ങളിൽ വിശ്വസ്തത പുലർത്തണമെന്ന് ആജ്ഞാപിക്കുന്നു. ജനങ്ങൾക്കിടയിൽ വിധി കൽപ്പിക്കുമ്പോൾ നീതിപൂർവ്വം നിങ്ങൾ വിധി കൽപിക്കുക. അല്ലാഹു നിങ്ങളോട് ഉപദേശിക്കുന്നത്**

**എന്തോ അത് ഏറ്റവും ഉത്തമമായ താകുന്നു. നിശ്ചയമായും അല്ലാഹു വളരെ കേൾക്കുന്നവനും നല്ലപോലെ കാണുന്നവനുമാകുന്നു. (സൂറ: അൽനിസാഅ് 4:59)**

ഈ വചനത്തിൽ ഉള്ളടങ്ങിയ ആന്തര സൗന്ദര്യത്തിലേക്ക് ഏറ്റവും ചേതോഹരമായ രീതിയിൽ പരിശുദ്ധ പ്രവാചകന്റെ നിരന്തരമായ മാർഗ്ഗദർശനം വെളിച്ചം വീശുന്നു. പ്രവാചകനിൽ വിശ്വസിച്ചവരെ താക്കീത് ചെയ്യുമ്പോൾ അവിടുന്ന് ഒരിക്കൽ അതിക്രമകാരികളായ പൂർവ്വികർക്കുണ്ടായ വിധിയെ പരാമർശിച്ചു കൊണ്ട് അവരുടെ ഉത്തരവാദിത്തങ്ങളെ കുറിച്ച് താക്കീദ് ചെയ്യുകയുണ്ടായി:

**നിങ്ങൾക്ക് മുമ്പുള്ള ജനതകൾ നശിപ്പിക്കപ്പെട്ടതിന്ന് കാരണം പാവങ്ങളെ ശിക്ഷിക്കുന്നതിൽ അതിരു കവിയുകയും ധനവാന്മാർക്ക് കൂടുതൽ മാപ്പു കൊടുക്കുകയും വിട്ടുവീഴ്ച്ച ചെയ്യുകയും ചെയ്തതുകൊണ്ടാണ്. ഞാൻ അല്ലാഹുവിനെ മുൻനിർത്തി സത്യം ചെയ്യുന്നു. എന്റെ മകൾ ഫാത്തിമയാണ് കളവ് നടത്തിയതെങ്കിൽ ഞാൻ അവളുടെ കരങ്ങൾ ഛേദിക്കും.**

ഇക്കാര്യത്തിൽ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾ സ്പഷ്ടമാണ്. നീതി നിർവ്വഹണത്തിന്റെ കാര്യത്തിൽ രക്തബന്ധങ്ങൾക്കോ വ്യക്തിപരമായ ബന്ധങ്ങൾക്കോ യാതൊരു ഇടപെടലും അനുവദനീയമല്ല. നൂഹ് നബി (അ) യുടെയും തന്റെ പുത്രന്റെയും ചരിത്രം അക്കാര്യം കൂടുതൽ വിശദീകരിക്കുന്നു. നൂഹ് നബി(അ) യുടെ പുത്രൻ മറ്റ് അവിശ്വാസികളോടൊപ്പം മുങ്ങിമരിക്കുകയാണുണ്ടായത്. കാരണം സ്വന്തം പുത്രനും കൂടി അദ്ദേഹത്തെ അവിശ്വസിച്ചിരുന്നു.

ഇവിടെ ഹദീസിൽ ഉദ്ധരിച്ച സംഭവവും നൂഹ് നബി (അ) യുടെ വിഷയവും തമ്മിൽ അൽപം വ്യത്യാസമുണ്ട്. തന്റെ പുത്രൻ നിഷേധിയായിരിക്കെ ഹദ്റത്ത് നൂഹ്(അ) മകന് വേണ്ടി ദൈവത്തോട് മാപ്പ് നൽകാൻ പ്രാർത്ഥിക്കുകയുണ്ടായി. എന്നാൽ ദൈവം അദ്ദേഹത്തിന്റെ പ്രാർത്ഥന നിരാകരിക്കുകയാണ് ചെയ്തത്. അതേസമയം പ്രവാചകനായ ഹദ്റത്ത് മുഹമ്മദ് (സ) ദൈവത്തിന്ന് ഹിതകരമല്ലാത്ത ഒരു കുറ്റം ചെയ്താൽ അത് തന്റെ മകളായിരുന്നാൽ പോലും മാപ്പ് നൽകില്ല എന്ന ഉറച്ച നിലപാട് അറിയിക്കുകയാണ് ചെയ്യുന്നത്.

ചില അവിശ്വാസികൾ പ്രവാചകൻ (സ) സാങ്കൽപികമായി മാത്രമാണ് സംസാരിക്കുന്നത് എന്ന് വാദിച്ചേക്കാം. അവിടുന്ന് യഥാർത്ഥ ജീവിതത്തിൽ രക്ത ബന്ധുക്കളുമായി ബന്ധപ്പെട്ട് നീതിയും കാരുണ്യവും കാണിക്കേണ്ട ഒരു സാഹചര്യം അഭിമുഖീകരിക്കുകയാണെങ്കിൽ മറ്റൊരു രീതിയായിരിക്കും പെരുമാറുക, എന്ന് പറഞ്ഞേക്കാം. പ്രാമാണികമായ ഹദീസിൽ നിവേദനം ചെയ്യപ്പെട്ട താഴെ പറയുന്ന സംഭവം അത്തരം എല്ലാ ഊഹങ്ങളെയും നിരാകരിക്കുന്നു.

ഹദ്റത്ത് അബ്ബാസ് പരിശുദ്ധ പ്രവാചക(സ)ന്റെ പ്രിയപ്പെട്ട പിതൃസഹോദരനായിരുന്നു. അദ്ദേഹം ഹിജ്റയുടെ ആ സമയത്ത് ഇസ്ലാമിലേക്ക് പ്രവേശിച്ചിട്ടില്ലായിരുന്നു. തുടർന്ന് സ്വാഭാവികമായും അബ്ബാസ് ബദർ യുദ്ധവേളയിൽ ഖുറൈശികളോടൊപ്പം ചേർന്നു. ഖുറൈഷികളെ യുദ്ധത്തടവുകാരായി പിടിച്ച കൂട്ടത്തിൽ അദ്ദേഹവുമുണ്ടായിരുന്നു. അദ്ദേഹം മറ്റു യുദ്ധതടവുകാരോടൊപ്പം പള്ളിയിലെ തൂണിൽ കയറുകൊണ്ട് മുറുക്കി കെട്ടിയ നിലയിൽ ബന്ധനസ്ഥനായിരുന്നു. അബ്ബാസ്(റ) വേദനകൊണ്ട് പുളഞ്ഞു നിലവിളിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ആർദ്ര പൂർണ്ണമായ ആർത്തനാദം ശ്രവിച്ച പരിശുദ്ധ പ്രവാചക(സ)ന്റെ ഹൃത്തടം പ്രകമ്പനം കൊണ്ടു. പരിശുദ്ധ പ്രവാചക(സ)ന് ഉറങ്ങാൻ കഴിഞ്ഞില്ല. അവിടുന്ന് തിരിഞ്ഞും മറിഞ്ഞും ഉറക്കം വരാതെ കിടന്നു. അവിടുന്ന് ഒന്നും ഉരിയാടിയില്ല. കാവലിരുന്ന സഹചരന്ന് അവിടുത്തെ പിതൃസഹോദരന്റെ ഈ ദീനരോദനത്തിൽ പ്രവാചകൻ വളരെ അസ്വസ്ഥചിത്തനാണെന്ന് മനസ്സിലായി. അബ്ബാസി(റ)ന്റെ ദൈന്യതയാർന്ന നിലവിളി നിലച്ചു. പരിശുദ്ധ പ്രവാചകൻ(സ) അതിനേക്കാൾ അസ്വസ്ഥചിത്തനായി. അവിടുന്ന് കരച്ചിൽ നിലച്ചതിന്റെ കാരണമന്വേഷിച്ചപ്പോൾ പ്രവാചകന്റെ പിതൃസഹോദരനാണെന്ന പരിഗണയിൽ അബ്ബാസി(റ)നെ കെട്ടിയ കയർ അൽപ്പം അയച്ചതായി പ്രവാചകന് അറിയാൻ കഴിഞ്ഞു. ഇത് കേട്ടപ്പോൾ പ്രവാചകൻ അത്യധികം അനിഷ്ടം പ്രകടിപ്പിച്ചു. അബ്ബാസ് (റ) നെ കെട്ടിയ കയറാണ് അയച്ചതെങ്കിൽ എല്ലാവരേയും കെട്ടിയ കയർ അയച്ചിടണം. അബ്ബാസ് (റ) ഒരാൾക്ക് മാത്രമായി പക്ഷഭേദം പാടില്ല. ഇതായിരുന്നു അവിടുത്തെ വ്യക്തമായ വിധി.

നീതിയുടെ വിഷയത്തിൽ അവിടുത്തെ കടുത്ത ശത്രുക്കളോടുള്ള പെരുമാറ്റത്തിൽ അടുത്ത ബന്ധുക്കളായായും യാതൊരു പക്ഷഭേദവുമില്ലാതെയാണ് അവിടുന്ന് പെരുമാറിയത്. അവിടുന്ന് ചഞ്ചലമായി അനുധാവനം ചെയ്തത് താഴെ കൊടുത്ത വിശുദ്ധ ഖുർആന്റെ അനുജ്ഞനകളായിരുന്നു.

**ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ (സൂറ: അൽമായിദ 5:9)**

ഇസ്ലാമിന്റെ ശത്രുക്കൾ, യഹൂദരും മുസ്ലിംകളും തമ്മിലുള്ള ശാത്രവം എപ്പോഴും പെരുപ്പിച്ചു കാട്ടികൊണ്ടിരിക്കും. പക്ഷേ യഹൂദരോട് പരിശുദ്ധ പ്രവാചക(സ)ന്റെ പെരുമാറ്റം എപ്പോഴും ഈ വചനത്തെ അടിസ്ഥാനമാക്കിയിട്ടായിരുന്നു. അവിടുന്ന് മുസ്ലിംകളും യഹൂദരുമായുള്ള തർക്ക

ങ്ങൾ പരിഹരിച്ചിരുന്നത് കേവല നീതിയുടെ അടിസ്ഥാനത്തിലായിരുന്നു.

അത്തരം കാര്യങ്ങളിൽ പരിശുദ്ധ പ്രവാചക(സ)ന്റെ സ്വഭാവം വ്യക്തമാക്കുന്ന തിളക്കമാർന്ന ഒരു സംഭവം ഇങ്ങനെയാണ്. മദീനയിൽ ഒരു ജൂതഗോത്രമാണ് ബനൂനദീർ. ഈ ഗോത്രം കിടങ്ങു യുദ്ധവേളയിൽ തങ്ങളുമായി സഖ്യത്തിലേർപ്പെട്ട മുസ്‌ലിംകളുമായി കരാർ ലംഘനത്തിന്റെയും വിശ്വാസ വഞ്ചനയുടെയും പേരിൽ മുമ്പ് അറേബ്യയിൽ നിന്നും പുറത്താക്കപ്പെട്ടവരായിരുന്നു. മാത്രമല്ല അവരുടെ തൽമൂദ് പ്രകാരം ഈ കുറ്റം ചെയ്തവർക്ക് വധശിക്ഷ ലഭിക്കേണ്ടതാണ്. പരിശുദ്ധ പ്രവാചക(സ)ന്റെ കാരുണ്യംകൊണ്ട് മാത്രമാണ് അവർക്കെതിരെയുള്ള വിധി വധശിക്ഷക്ക് പകരം നാടുകടത്തലായി മാറ്റിയത്. അവർ മദീനയിൽ നിന്നും ഖൈബറിലേക്ക് കുടിയേറിപ്പാർത്തു. അവിടെ അവർ അപ്രതിരോധ്യമായ ഒരു കോട്ട പണിതീർത്തിരുന്നു. ശക്തി സംഭരിച്ചശേഷം ഇസ്‌ലാമിനെതിരെയുള്ള ആക്രമണം അവർ ആരംഭിച്ചു. അതിന്റെ വിശദാംശങ്ങളിലേക്ക് പ്രവേശിക്കേണ്ടതിന്റെ ആവശ്യമില്ല. ഖൈബർ യുദ്ധത്തിന്ന് ശേഷം അവരുടെ യുദ്ധോത്സുകത അവസാനിച്ചു. ഈ യുദ്ധത്തിന്ന് മുമ്പായി മുസ്‌ലിം സംഘങ്ങളെ പരിസര നിരീക്ഷണത്തിന്നായി ഈ മേഖലയിലേക്ക് അയച്ചു കൊണ്ടിരുന്നു. ഒരിക്കൽ ഇത്തരത്തിലുള്ള ഒരു മുസ്‌ലിം നിരീക്ഷക സംഘം അവരിൽപെട്ട ഒരു കൂട്ടരുടെ അധിവാസ സ്ഥലം കൊള്ളയടിക്കുകയും അവരുടെ തോട്ടങ്ങളിലെ പഴങ്ങൾ നശിപ്പിക്കുകയും ചെയ്തു. പരിശുദ്ധ പ്രവാചകൻ ഈ സംഭവം ശ്രവിക്കാനിടയായി. അവിടുന്നത് അത്യധികം നീരസം പ്രകടിപ്പിച്ചു. അവിടുന്ന് മുസ്‌ലിംകളെ താക്കീത് ചെയ്തു. .

**അല്ലാഹു നിങ്ങൾക്ക് ഗ്രന്ഥങ്ങളിറക്കിയവരുടെ ഭവനത്തിൽ അവരുടെ സമ്മതമില്ലാതെ പ്രവേശിക്കാൻ അനുമതി നൽകുന്നില്ല. അപ്രകാരം തന്നെ അവരുടെ സ്ത്രീകളെ വധിക്കുന്നതും അവരുടെ തോട്ടങ്ങളിൽ നിന്ന് ഫലങ്ങൾ എടുക്കുന്നതും നിയമ വിരുദ്ധമാണ്.**

ചുരുക്കത്തിൽ യഹൂദന്മാരുടെ തീവ്രമായ ശത്രുത്വത്തിന്നെതിരിൽ പരിശുദ്ധ പ്രവാചകൻ (സ) എല്ലായ്പ്പോഴും കേവലനീതി ആവശ്യപ്പെടുന്ന വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കനുസൃതമായാണ് വിധി പറഞ്ഞത്.

ഒരാളുടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും എതിരായിരുന്നാൽപ്പോലും സാക്ഷ്യമൊഴി രേഖപ്പെടുത്താൻ വിളിച്ചാൽ അത് പാലിക്കണമെന്ന് ഖുർആൻ താക്കീദ് ചെയ്യുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

**വിശ്വസിച്ചവരേ നിങ്ങൾ പരിപൂർണ്ണമായും നീതി പാലിക്കുന്നവരും അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ . അത് നിങ്ങൾക്ക് തന്നെയോ നിങ്ങളുടെ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ തന്നെയും എതിരായിരുന്നാൽ പോലും. (സൂറാ അന്നിസാഅ് 4:136)**

നീതിയെ സംബന്ധിച്ചും ഔദാര്യത്തെ പറ്റിയും ഇതിനെക്കാൾ ഉത്തമമായ മറ്റൊരദ്ധ്യാപനം ആർക്കും കാണാൻ സാദ്ധ്യമല്ല. ഈ അദ്ധ്യാപനത്തിന്റെ ഫലമായി പരിശുദ്ധ പ്രവാചകൻ(സ) അവിടുത്തെ അനുചരന്മാരുടെ നീതിബോധം ഉന്നത നിലവാരത്തിലേക്ക് ഉയർത്തുകയായിരുന്നു. തെളിവ് സാക്ഷ്യം നൽകുന്ന വേളയിൽ രക്തബന്ധങ്ങളെയും ബന്ധുത്തത്തേയും പരിഗണിക്കാതിരിക്കുക എന്നത് അവരുടെ ശീലമായി മാറി. ഈ വിഷയ സംബന്ധമായി നിരവധി സംഭവങ്ങൾ ഉദ്ദരിക്കാൻ സാധിക്കും. ഈ അദ്ധ്യാപനത്തിന്റെയും പെരുമാറ്റത്തിന്റെയും സ്വാധീനം അവിടുത്തെ യഥാർത്ഥ അനുയായികളിൽ ഇപ്പോഴും പ്രവർത്തിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) തീർച്ചയായും അത്തരത്തിൽ പെട്ട ഒരാളാണ്.

ഈയൊരു പരിപ്രേക്ഷ്യത്തിൽ തുടർന്ന് വിവരിക്കുന്ന സംഭവം സ്വയം തന്നെ സംസാരിക്കുന്നതാണ്. മിർസാ സുൽത്താൻ അഹ്മദ്, മിർസാ ഗുലാം അഹ്മദ്(അ)ന്റെ മൂത്ത മകനായിരുന്നു. അദ്ദേഹം സ്വതന്ത്രവീക്ഷണം പുലർത്തിയ ആളായിരുന്നു. അദ്ദേഹം തന്റെ പിതാവിന്റെ ജീവിതകാലത്ത് അഹ്മദിയ്യത്ത് സ്വീകരിച്ചിരുന്നില്ല. പിന്നീട് കുറെ കഴിഞ്ഞ് തന്റെ ഇളയ സഹോദരന്റെ കയ്യിലാണ് അദ്ദേഹം അനുസരണ പ്രതിജ്ഞ ചെയ്തത്. സുൽത്താൻ അഹ്മദ് ആയിരുന്നു കുടുംബത്തിന്റെ സ്വത്ത്പരമായ കാര്യങ്ങൾ നോക്കിയിരുന്നത്. ഒരിക്കൽ ഖാദിയാനിൽ വസിച്ചിരുന്ന ഒരു ഹിന്ദു സഹോദരനെതിൽ തങ്ങളുടെ ഭൂസ്വത്തിന്റെ ഒരു ഭാഗം എടുക്കുകയും അവിടെ കെട്ടിടം പണിതു എന്ന് ആരോപണം ഉന്നയിക്കുകയുണ്ടായി. മിർസാ സുൽത്താൻ അഹ്മദ് സാഹിബ് ആ കെട്ടിടം പൊളിച്ചു മാറ്റാൻ കോടതിയെ സമീപിച്ചു. ആ കേസിൽ അദ്ദേഹത്തിന്റെ ഭാഗത്ത് നിന്നും എന്തോ പിശക് സംഭവിക്കുകയുണ്ടായി. ആ ഭൂമി തീർച്ചയായും വാഗ്ദത്ത മസീഹിന്റെ(അ) കുടുബ സ്വത്തായിരുന്നു. പക്ഷേ അന്യായം കോടതിയിൽ ബോധിപ്പിച്ചപ്പോൾ ഒരു ചെറിയ വകുപ്പിൽ ഒരു വ്യാജപ്രസ്താവന എഴുതപ്പെട്ടു. ഇത് അന്യായക്കാരന്റെ ഭാഗത്ത് നിന്നും കേസിനെ ബലപ്പെടുത്താൻ വേണ്ടിയുള്ള ഒരു ശ്രമമായിരുന്നു. വാദിയുടെ ഭാഗത്ത് നിന്നുള്ള ഈ ചെറിയ കളവ് തെറ്റാണ് എന്ന് പ്രതി തെളിയിച്ചാൽ കേസു തോറ്റു പോകുമായിരുന്നു.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)നെ, ഈ കേസിൽ പ്രതിക്ക് വേണ്ടി സാക്ഷിയായി കോടതി വിളിപ്പിച്ചു. എന്ത്തന്നെ

നഷ്ടം സംഭവിച്ചാലും ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ഒരിക്കലും കള്ള സാക്ഷ്യം പറയില്ല എന്ന് പ്രതിസ്ഥാനത്തുള്ളയാൾക്ക് അറിയാമായിരുന്നു. മിർസാ സുൽത്താൻ അഹ്മദിന്റെ അഭിഭാഷകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) നെ സമീപിച്ചുകൊണ്ട് എങ്ങനെയാണ് സാക്ഷ്യം പറയാൻ ഉദ്ദേശിക്കുന്നതെന്ന് ആരാഞ്ഞു. അദ്ദേഹത്തിന്റെ പ്രതികരണം തന്റെ സഹോദരന്നും കുടുംബസ്വത്തിന്നും എന്ത് തന്നെ നഷ്ടം വന്നാലും സത്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും ഞാൻ സാക്ഷ്യം പറയുക എന്നായിരുന്നു. ഈ കേസ് ഇനി മുന്നോട്ട് കൊണ്ട് പോകാൻ യാതൊരു നിർവ്വാഹവുമില്ലായിരുന്നു. അങ്ങനെ അദ്ദേഹം ആ കേസ് പിൻവലിച്ചു.

അതിന് മുമ്പ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)) 25–30 വയസ്സ് പ്രായമുള്ളപ്പോൾ അദ്ദേഹം അക്കാലത്ത് അഹ്മദിയ്യ പ്രസ്ഥാനത്തിന്റെ സ്ഥാപനം നടത്തിയിരുന്നില്ല. അവിടുത്തെ പിതാവിന്റെ നിർദ്ദേശപ്രകാരം കുടുബ സ്വത്തുക്കൾ നോക്കി നടത്തുകയായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ പിതാവ് തന്റെ വയൽ ഉഴവുകാരനുമായി ഒരു മരം മുറിച്ചതിന്റെ പേരിൽ തർക്കത്തിൽ ഏർപ്പെടുകയുണ്ടായി. ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) തന്റെ പിതാവിനെ പ്രതിനിധീകരിച്ച് ഗുരുദാസ്പൂർ കോടതിയിൽ ഹാജരാവുകയുണ്ടായി. അദ്ദേഹത്തിന്റെ കൂടെ മറ്റു രണ്ട് സാക്ഷികൾ കൂടെ ഉണ്ടായിരുന്നു. ഈ രണ്ടു പേരെയും അഭിമുഖീകരിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു: ‘എന്റെ പിതാവ് അവശ്യമില്ലാതെ ഇതൊരു പ്രശ്നമാക്കുകയാണുണ്ടായത്. മരം കൃഷിക്കളത്തിന്റെ ഒരു ഭാഗമായി കരുതിയാൽ മതി. കൃഷിഭൂമിയിൽ പണിയെടുക്കുന്നവർ പാവങ്ങളാണ്. അവർ മരം മുറിക്കുകയാണെങ്കിൽ എവിടെയാണ് നഷ്ടം വരിക? അതിനാൽ ആ മരം തങ്ങളുടെ സ്വത്താണ് എന്ന് എനിക്ക് ഉറപ്പിച്ച് പറയാൻ സാദ്ധ്യമല്ല. അതിൽ ഞങ്ങൾക്ക് ഒരു പങ്ക് ഉണ്ടായിരിക്കാൻ സാദ്ധ്യതയുണ്ട്.’ അവർക്ക് (നിലം ഉഴവുകാർ) ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ന്റെ സത്യസന്ധതയിൽ അഗാതമായ വിശ്വാസമുണ്ടായിരുന്നു. മജിസ്ട്രേറ്റ് അവരെ ചോദ്യം ചെയ്തപ്പൊൾ ഉഴവുകാർ സംശയലേശമന്യേ പറഞ്ഞു. താങ്കൾ ഞങ്ങളെ എന്തിന്ന് ചോദ്യം ചെയ്യുന്നു.? ഹദ്ത്ത് മിർസാ സാഹിബിനോട് ചോദിക്കൂ. അദ്ദേഹം സത്യം പറയും. അങ്ങനെ മജിസ്ട്രേറ്റ് അവിടുത്തെ ചോദ്യം ചെയ്തു. ഹദ്റത്ത് അഹ്മദ്(അ) ന്റെ മറുപടി., എന്റെ അഭിപ്രായത്തിൽ മരം കൃഷിനിലത്തിന്റെ ഭാഗമാണ്. ഞങ്ങൾക്ക് ആ കൃഷിഭൂമിയിൽ ഒരു പങ്ക് ഉണ്ട്. ഉഴവ് നടത്തിയ ആൾക്കും ആ കൃഷി നിലത്തിൽ പങ്കുണ്ട്. അപ്പോൾ മജിസ്ട്രേറ്റ് ഉഴവുകാരന്ന് അനുകൂലമായി വിധിച്ചു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ പിതാവ് ഈ കാര്യം അറിഞ്ഞപ്പോൾ അദ്ദേഹം കോപം കൊണ്ട് അങ്ങേയറ്റം വിറച്ചു. എന്നിട്ട് ഉച്ചത്തിൽ ആക്രോശിച്ചു. മുല്ലാ, മുല്ലാ എന്റെ മകൻ ഒരു മുല്ലയാണ്. അതിന്നർത്ഥം എന്റെ മകൻ അമിതമായി മതഭക്തനാണ്. അവന്റെ വിഡ്ഢിത്തത്തിന്ന് അവൻ ശിക്ഷിക്കപ്പെടണം. തുടർന്ന് അദ്ദേഹത്തെ തറവാട്ടിൽ നിന്നും പുറത്താക്കി. അവിടുന്ന് അഭയം തേടിയ സങ്കേതത്തിലേക്ക് മാതാവ് ഭക്ഷണം കൊടുത്തയച്ചു. ഇതറിഞ്ഞ പിതാവ് അദ്ദേഹത്തിന്റെ മാതാവിനെ ഇത് ചെയ്യുന്നതിൽ നിന്നും വിലക്കി. കുറച്ച് കാലം ഖാദിയാനിൽവെച്ച് ഇത് സഹിച്ചതിന്ന് ശേഷം ഹദ്റത്ത് മിർസാ സാഹിബ് (അ) ബട്ടാലയിലേക്ക് പോയി. വളരെ പരിമിതമായ വിഭവത്തോടെ അദ്ദേഹം രണ്ട് മാസം അവിടെ കഴിഞ്ഞു. അവസാനം പിതാവിന്ന് അലിവ് തോന്നി. അവിടുത്തെ ഖാദിയാനിലേക്ക് മടക്കി വിളിച്ചു.

ഒരിക്കൽ ഒരു മാന്യൻ അദ്ദേഹത്തിന്റെ വിടിനോട് ചേർന്ന സ്ഥലത്ത് ഒരു മേട നിർമ്മിക്കുകയുണ്ടായി. ആ ഭൂമി യഥാർത്ഥത്തിൽ കുടുംബ ഭൂമിയാണ്. പക്ഷേ വർഷങ്ങളോളമായി ആ ഭൂമി ആ വീടിന്റെ ഉടമ ഉപയോഗിച്ചു വരികയാണ്. ഒരുപാടുകാലം യാതൊരു തടസ്സവും കൂടാതെ കൈവശം വെച്ചതിനാൽ ആ ഭൂമി അദ്ദേഹത്തിന്റേതാണ് എന്ന് കണക്കാക്കപ്പെട്ടു. ഹദ്റത്ത് മിർസാ സാഹിബിന്റെ മൂത്ത ജ്യേഷ്ഠൻ ആ ഭൂമി പുനസ്ഥാപിച്ചു കിട്ടാൻ വേണ്ടി കേസ് കൊടുത്തു. അത്തരം കേസുകളുടെ നടത്തിപ്പനുസരിച്ച് ഈ കേസ് പൂർണ്ണമായതോതിൽ സത്യസന്ധമായിരുന്നില്ല. ഈ വീട്ടിന്റെ ഉടമസ്ഥൻ ദീർഘകാലം ഈ സ്ഥലം കൈവശം വെച്ചിരുന്നില്ല, ഈ അടുത്ത കാലത്താണ് അത് അധീനപ്പെടുത്തിയത് എന്നതായിരുന്നു മൂത്ത ജ്യേഷ്ഠന്റെ വാദം.

വീടിന്റെ ഉടമക്ക് താൻ ദീർഘകാലമായി ആ ഭൂമി കൈവശം വെച്ചിരുന്നു എന്ന കാര്യം തെളിയിക്കാൻ യാതൊരു രേഖയും ഇല്ലായിരുന്നു. അയാൾ സ്വയം തന്നെ പ്രതിരോധിക്കുക എന്നത് മാത്രമായിരുന്നു രക്ഷ. അദ്ദേഹത്തിന്റെ അപേക്ഷ ഇത്രമാത്രമായിരുന്നു. ഞാൻ എന്റെ സാക്ഷിയെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നില്ല. ഞാൻ അന്യായക്കാരന്റെ ഇളയ സഹോദരനെ വിസ്തരിക്കണമെന്ന് മാത്രമാണ് ആവശ്യപ്പെടുന്നത്. അദ്ദേഹം എന്ത് പ്രസ്താവന നടത്തിയാലും അത് എനിക്ക് സ്വീകാര്യമാണ്. അങ്ങനെ മിർസാ സാഹിബ് കോടതിയിൽ വിളിപ്പിക്കപ്പെട്ടു. പ്രതിയും കുടുംബവും തർക്ക ഭൂമി വളരെക്കാലം ഉപയോഗിക്കുന്നതായി താങ്കൾക്ക് അറിയുമോ? എന്ന് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ഉത്തരം ഉറച്ചതായിരുന്നു. തുടർന്ന് കേസ് മിർസാ സാഹിബിന്റെ സഹോദരന്ന് എതിരായി വിധിക്കുകയുണ്ടായി.

ഇസ്‌ലാമിന്റെ ധാർമിക മഹത്വം

**ശേഷം പേജ് 42 ൽ**

# വിദ്യാഭ്യാസവും ജീവിതമൂല്യങ്ങളും

വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യം കേവലം പുസ്തജന്യമായ അറിവ് കരസ്ഥമാക്കുക എന്നതല്ല. ജീവിതഗന്ധിയായ പ്രായോഗിക അറിവും ധാർമിക ബദ്ധമായ ജ്ഞാനവും ആർജ്ജിക്കുക എന്നതാണ്.

**എം വസീം വഫാ**

മാനസികവും ബൗദ്ധികവുമായ വളർച്ചയാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ വാർത്തെടുക്കുന്നതിന് വിദ്യാഭ്യസം അനിവാര്യമാണ്. ശരിയായ വിദ്യാഭ്യാസം ഒരാളിലെ നല്ല വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതോടൊപ്പം വ്യക്തിയിൽ നിന്ന് കുടുംബബന്ധങ്ങളിലേക്കും സമൂഹത്തിലേക്കും തുടർന്ന് രാഷ്ട്രത്തിലേക്ക് തന്നെയും ആ നന്മയെ പടർത്തുന്നു. അത്തരത്തിലാണ് ഒരു സംസ്ക്കാരിക ക്ഷേമ രാഷ്ട്രം ഉരുത്തിരിയുകയുള്ളൂ. അതായത് ഒരു കുട്ടിയുടെ ശാരീരികവും മാനസികവുമായ വളർച്ച ഒരുക്ഷേമ രാഷ്ട്രത്തിന്റെ അനിവാര്യ ഘടകമാണ്.

മനുഷ്യനെ മറ്റെല്ലാ ജീവികളിൽ നിന്നും വ്യത്യസ്തനാക്കുന്നത് ചിന്താശേഷിയും വിവേക ബുദ്ധിയും ആണ്. വിദ്യാഭ്യാസം ഈ കഴിവുകളെ കൂടുതൽ പുഷ്ടിപ്പെടുത്തുന്നു. വിദ്യാസമ്പന്നരായ ഒരു ജനത രാജ്യത്തിന്റെ മുതൽ കൂട്ടാണ് വിദ്യാഭ്യാസം സാമ്പത്തികവും രാഷ്ട്രീയവും ശാസ്ത്രീയവും സാംസ്കാരികവുമായ എല്ലാ വളർച്ചക്കും നിദാനമാണ്. അറിവുള്ള സമുഹത്തിൽ മതങ്ങൾ തമ്മിലുള്ള സ്പർദ്ദയും മത്സരവും ഉണ്ടാവുകയില്ല. ആധുനിക ജനാധിപത്യ സംവിധാനം സാക്ഷരതയുടെയും ചിന്താശേഷിയുടെയും അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെടുന്നത്. കാര്യങ്ങൾ പഠിക്കുവാനും മനസ്സിലാക്കുവാനും പഠിച്ചറിയുവാനും വിദ്യാഭ്യാസം വേണം. പൗരന്റെ കടമകളും അവകാശങ്ങളെപറ്റിയും ആഴത്തിൽ മനസ്സിലാക്കാനും വിദ്യാഭ്യാസം വഴി സാധ്യമാവുന്നു.

ഇന്ന് സമൂഹത്തിൽ കാണുന്ന എല്ലാ തിന്മകൾക്കും കാരണം മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവവും അലംബാവവുമാണ്. നമ്മുടെ യുവതലമുറക്ക് അവരുടെ ഉത്തരവാദിത്തങ്ങളുടെ പ്രാധാന്യം വിവരിക്കുന്ന ഗുണപരവും നവീനവും നൈപുണ്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകണം. മാറിവരുന്ന ജീവിത സാഹചര്യങ്ങളും വർദ്ധിച്ചു വരുന്ന മാനസിക വെല്ലുവിളികളിലൂടെയുമാണ് ഇന്നത്തെ നമ്മുടെ യുവതലമുറയുടെ ജീവിതം മുന്നോട്ടു പോകുന്നത്. കുട്ടികൾ എത്രപഠിച്ചു എന്നതിനേക്കാൾ എന്തെല്ലാം എങ്ങനെയെല്ലാം പഠിച്ചു എന്ന് നോക്കുന്നതായിരിക്കും ഉചിതമായ വിശകലനം. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മുഖ്യ പങ്കുവഹിക്കാൻ കഴിയുന്നത് മാതാപിതാക്കൾക്കാണ്. അതായത് കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം ഗാർഹികാന്തരീക്ഷത്തിൽ നിന്നും സ്വായത്തമാക്കേണ്ട ചില മൂല്യങ്ങൾ കൂടിയുണ്ടെന്ന് നാം മനസ്സിലാക്കണം. കുട്ടികൾ എന്തെങ്കിലും ആവശ്യപ്പെട്ടാൽ ഉടൻ അത് സാധ്യമാക്കിക്കൊടുക്കാതെ അത് ആവശ്യമുള്ളതാണോ പ്രാധാന്യമുള്ളതാണോ എന്ന് ചിന്തിച്ച ശേഷമേ അത് പരിഗണിക്കാവൂ. കുട്ടികൾ ചെറുപ്പത്തിൽ പഠിച്ചിരിക്കേണ്ടുന്ന ക്ഷമ, കരുണ, ദയ, സത്യസന്ധത എന്നീ ഗുണങ്ങൾ കൂടാതെ തെറ്റുപറ്റിയാൽ മാപ്പു ചോദിക്കുന്ന എളിമ മുതിർന്നവരോടുള്ള ബഹുമാനം എന്നീ ഗുണങ്ങൾക്ക് കൂടി കൂടുതൽ പ്രാധാന്യം നൽകണം. പുസ്തക വിദ്യാഭ്യാസത്തോടൊപ്പം ജീവിത മൂല്യങ്ങളെകുറിച്ചും പറഞ്ഞു കൊടുക്കേണ്ടത് അനിവാര്യമാണ്. സഹിഷ്ണുത, സഹകരണം എന്നിവക്കൊപ്പം സഹവർത്തിത്വം എന്നീ ഗുണങ്ങൾ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ മാത്രമേ നേടാൻ സാധിക്കൂ. സമൂഹത്തിൽ എങ്ങനെ യോജിപ്പോടെ ജീവിക്കണമെന്ന് കുട്ടികൾ പഠിണ്ടേതുണ്ട്.

വിദ്യാലയ പ്രവേശനത്തിന് മുമ്പ് തന്നെ കുട്ടികൾ പല കാര്യങ്ങളും പഠിച്ചിരിക്കും. ആ അറിവ് ഗൃഹാന്തരീക്ഷത്തിൽ നിന്ന് കിട്ടിയത് കൊണ്ട് അതിന് സമൂഹവുമായി ബന്ധം കാണുകയില്ല. സമൂഹത്തിൽ ഒരു ഉത്തമ പൗരനാകണമെങ്കിൽ വിദ്യാഭ്യാസം കൊണ്ടേ കഴിയൂ. വിദ്യാലയത്തിൽ എത്തുന്ന കുട്ടി അച്ചടക്കം, ക്ഷമാശീലം, സത്യസന്ധത കൂടാതെ സൗഹാർദ്ദം തുടങ്ങിയ ഗുണവിശേഷങ്ങൾ ആർജ്ജിക്കുന്നു. ദുശ്ശീലങ്ങൾ ഒഴിവാക്കി നല്ല ശീലങ്ങൾ നേടാൻ പഠന കാലത്ത് സാധിക്കുന്നു. ഒരു കുട്ടിയിലുള്ള നന്മയെ പ്രോത്സാഹിപ്പിക്കലാണ്

യഥാർത്ഥത്തിൽ മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ നന്മയെ ഒരു കുട്ടിയുടെ മാതാപിതാക്കളും ചുറ്റുമുള്ളവരും കണ്ടെത്തേണ്ടിയിരിക്കുന്നു. നന്മയെ പ്രോത്സാഹിപ്പിക്കുമ്പോൾ ആ കുട്ടിയിലുള്ള തിന്മ അപ്രത്യക്ഷമാകുന്നതായി കാണാം. കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ വികസിക്കുന്നത് വിദ്യാഭ്യാസകാലത്താണ്. വിഭ്യാഭ്യാസം എന്നത് നിരന്തരം നടക്കുന്ന പ്രക്രിയകളാണ്. ഏത് പ്രായത്തിലുള്ളവർക്കും അവരുടെ ചിന്താഗതി മാറ്റാനും പുതിയ ആശയാദർശങ്ങൾക്കനുസരിച്ചു ജീവിക്കാനും വിദ്യാഭ്യാസം കൊണ്ട് സാധിക്കുന്നു. കുട്ടികൾ സ്വയം കാര്യങ്ങൾ കണ്ടെത്തി പഠിക്കുന്ന രീതിയാണ് അഭികാമ്യം. പഠനത്തിനൊപ്പം സൂക്ഷ്മാന്വേഷണത്തിനും ഈ രീതി കുട്ടികളെ സഹായിക്കും. ലോകത്ത് നല്ലതും ചീത്തയുമായ കാര്യങ്ങൾ നിരവധിയുണ്ട്. അവയുടെ വേർതിരിവ് മനസ്സിലാക്കി നല്ല വശങ്ങളിലൂടെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കൊണ്ടേ കഴിയൂ. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഒരു ജോലി നേടൽ മാത്രമല്ല. മറിച്ച് അറിവ് നേടുകയും അത് മറ്റുള്ളവരിലേക്ക് പകർന്ന് കൊടുക്കുകയുമാണ്. ഇന്ന് സമൂഹത്തിൽ നടമാടുന്ന അതിക്രമങ്ങൾക്ക് മുഖ്യഹേതു മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവമാണ്.

മാനവികതയുടെ പ്രവാചകൻ മുഹമ്മദ് നബി (സ) പറഞ്ഞു: **'ഓരോ കുഞ്ഞും ശുദ്ധ പ്രകൃതിയിലാണ് ജനിക്കുന്നത്. പിന്നീട് മാതാപിതാക്കളാണ് അവനെ ജൂതനും ക്രിസ്ത്യാനിയും അഗ്നിപൂജകനുമാക്കുന്നത്. ബാഹ്യ സ്വാധീനങ്ങളാണ് ശുദ്ധ പ്രകൃതിയെ വികലമാക്കുന്നത് '** (ബുഖാരി) ഈ ആശയത്തെ കുറിച്ച് വിശുദ്ധ ഖുർആൻ പ്രതിപാതിച്ചത് ഇപ്രകാരമാണ്.**'പരിശുദ്ധിയാർജ്ജിക്കുകയും തന്റെ നാഥന്റെ നാമം സ്മരിക്കുകയും എന്നിട്ട് നമസ്ക്കരിക്കുകയും ചെയ്തവൻ തീർച്ചയായും വിജയിച്ചു.'** (88:15,16) തെറ്റായ വിശ്വാസങ്ങളും ആദർശങ്ങളുമാണ് അതിനെ മലീമസമാക്കുന്നത്. ശുദ്ധപ്രകൃതിയിൽ നിന്നും അകന്നു പോകുന്നവരെ തിരികെ കൊണ്ടുവരാനും അതുവഴി അവരുടെ ക്ഷേമവും നന്മയും സ്നേഹവും ഉറപ്പു വരുത്താനും ആണ് എല്ലാ പ്രവാചകന്മാരെയും അയച്ചത്. അവർ കൊണ്ടുവന്ന ദൈവിക സന്ദേശം മനുഷ്യനെ നന്മയിലേക്ക് നയിക്കുന്നു ദൈവദൂതന്മാർ അവരുടെ ഈ ദൗത്യം നിർവ്വഹിക്കാൻ സ്വീകരിച്ച ശക്തമായ മാധ്യമം അറിവ് ആണ്.

ഇസ്ലാമിക വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനുഷ്യനന്മയാണ്. അതായത് മനുഷ്യനെ ശുദ്ധ പ്രകൃതിയിലേക്ക് കൊണ്ട്വരാൻ വിദ്യാഭ്യാസം മുഖേന ബോധവത്ക്കരിക്കുക. എന്നതിലാണ് ഊന്നൽ നൽകുന്നത്. വിശുദ്ധ ഖുർആൻ ഒരിടത്ത് പറയുന്നു. **'അതിനാൽ ഋജുമാനസനായി നിന്റെ സകല ശ്രദ്ധയും മതസേവനത്തിനായി തിരിച്ചു നിർത്തുക. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് ഏതൊരു പ്രകൃതിയിലൂന്നിയാണോ ആ പ്രകൃതി (കൈകൊള്ളുക) അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രേ എന്നും നിലനിൽക്കുന്ന മതം.'** (30: 31) ദൈവ വിശ്വാസത്തിലധിഷ്ഠിതമായ ദൈവിക സന്ദേശങ്ങളെ സ്വായത്തമാക്കാൻ വിജ്ഞാനം കൂടിയേതീരു. വിശുദ്ധ ഖുർആൻ ഉദ്ഘോഷിക്കുന്നു: **'നിന്റെ നാഥനിൽ നിന്ന് നിനക്കവതരിച്ചു കിട്ടിയത് തന്നെയാണ് സത്യമെന്നും അത് പ്രതാപവാനും സ്തുത്യർഹനുമായ അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് നയിക്കുന്നതാണെന്നും ജ്ഞാനം നൽകപ്പെട്ടയാളുകൾ നല്ലത്പോലെ മനസ്സിലാക്കുന്നു. (34:7) തീർച്ചയായും ദൈവ ദാസന്മാരിൽ അവനെ ഭയപ്പെടുന്നത് ജ്ഞാനികൾ മാത്രമാണ്.** (35:29) ഇസ്ലാമിക വിദ്യാഭ്യാസത്തിലൂടെ മനുഷ്യരുടെ ധൈഷണികമായ വിവിധ കഴിവുകളെ കണ്ടെറിഞ്ഞ് വളർത്തുവാനും അത്മുഖേന ഒരു വ്യക്തിയുടെ സമഗ്രവും സന്തുലിതവുമായ വളർച്ച കൈവരിക്കാൻ കഴിയുന്നതാണ്. സനാതന മൂല്യങ്ങളും ഉത്തമ മാനുഷിക ഗുണങ്ങളും സ്വാംശീകരിക്കുവാൻ ദൈവ വിശ്വാസവും ഭക്തിയും പരലോക ചിന്തയും ആവശ്യമാണ്. ഒരു വ്യക്തിക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസം മുഖേന വൈകാരികമായ പക്വത, മാന്യമായ പെരുമാറ്റം, ആത്മ വിശ്വാസം എന്നിവ കൂടാതെ മികച്ച ഇച്ഛാ ശക്തിയും നേടിയെടുക്കാനാകും. ഒരു പഠിതാവാവട്ടെ തന്റെ ജീവിതത്തെയും ലക്ഷ്യത്തെയും പ്രസക്തിയെയും കുറിച്ചെല്ലാം ശരിയായ അറിവ് ആർജ്ജിച്ചെടുക്കുന്നു. ഈ ഭൗതികലോകം നശ്വരവും മനുഷ്യന്റെ പരീക്ഷണശാലയും ആണെന്ന് അവൻ മനസ്സിലാക്കുന്നു.

ഇസ്ലാമിക വിദ്യാഭ്യാസത്തിലൂടെ ജീവിത ബന്ധങ്ങളെയും അവയുടെ സ്വഭാവത്തെയും മനസ്സിലാക്കാൻ സാധിക്കുന്നു. സൃഷ്ടാവിനോടും സഹമനുഷ്യരോടുമുള്ള കടമനിറവേറ്റുക എന്നത് ഒരു മനുഷ്യന്റെ ജീവിത ലക്ഷ്യമാണ്. മനുഷ്യന് ഇതര മനുഷ്യരോടുള്ള ബന്ധം സഹിഷ്ണുതയിലും നീതിയിലും കാരുണ്യത്തിലും അധിഷ്ഠിതമണ്. ഭൗതിക നേട്ടങ്ങൾക്ക് വേണ്ടി കിടമത്സരം നടത്തുകയും ദുർബല വിഭാഗങ്ങളെ കീഴടക്കി അതിജീവനത്തിനുള്ള കുറുക്കുവഴി തേടുകയും ചെയ്യുക എന്നത് ഇസ്ലാം അംഗീകരിക്കുന്നില്ല. സകല മനുഷ്യരും ഏക ദൈവമായ അല്ലാഹുവിന്റെ സൃഷ്ടിയാണ്. ഭാഷയും ദേശവും വേഷവും വർണ്ണവും എല്ലാം മനുഷ്യൻ തിരിച്ചറിയാനും പരിചയപ്പെടാനും ആണെന്ന് ഇസ്ലാം ഉദ്ഘോഷിക്കുന്നു.

സനാതന മൂല്യങ്ങളും ഉത്തമ ഗുണങ്ങളും ശരിയായ ജീവിത ബന്ധങ്ങളെയും കുറിച്ച് പഠിക്കുന്ന

വ്യക്തി, വിശ്വസ്തനും കരുത്തനുമായ മനുഷ്യനാണ്. ഒരു വ്യക്തിയുടെ കൂറ് ദൈവത്തോടും പ്രപഞ്ചത്തോടും മനുഷ്യ സമൂഹത്തോടുമാണ്. ഇസ്‌ലാം ഉദ്ഘോഷിക്കുന്ന - ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്പെടുന്നവനാണ് അല്ലാഹുവിന് ഏറ്റവും പ്രിയങ്കരൻ. ഇതാണ് മൂല്യാധിഷ്ഠിത വിദ്യഭ്യാസം കൊണ്ട് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസം ഒരേ സമയം തത്വങ്ങളുടെ പഠനവും അവയുടെ പ്രായോഗവും പരിശീലനവും ആകണം.

വിജ്ഞാന സമ്പാദനത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ വായന, എഴുത്ത്, അധ്യാപനം എന്നീ മൂന്ന് മാർഗ്ഗങ്ങളെ സംയോജിപ്പിച്ച് ഒരു മഹത്തായ ആശയം കാണാൻ കഴിയും പഠിക്കാനും ചിന്തിക്കാനും ഗവേഷണങ്ങൾ നടത്താനും ഖുർആൻ നമ്മെ ആഹ്വാനം ചെയ്യുന്നു. **'അറിവുള്ളവനും അറിവില്ലാത്തവനും തുല്യരാകുമോ? ബുദ്ധിമാന്മാർ മാത്രമേ ഉപദേശം കരസ്ഥമാക്കുകയുള്ളൂ.'(39:10)** മറ്റൊരിടത്ത് ഖുർആൻ പറയുന്നു:**'(മനുഷ്യന്) അവൻ അറിഞ്ഞിട്ടില്ലാത്തത് അവനെ പഠിപ്പിച്ചിരിക്കുന്നു.'(96:6)** വിജ്ഞാനം ഉള്ളവർക്ക് മാത്രമേ അല്ലാഹുവിനോട് യഥാവിധി ഭക്തി പുലർത്തുവാനാവൂ എന്നാണ് വിശുദ്ധ ഖുർആന്റെ കാഴ്ച്ചപാട്. ഇസ്‌ലാമിക വീക്ഷണത്തിൽ അല്ലാഹുവാണ് അറിവിന്റെ ഉറവിടം. അത്കൊണ്ട് വിജ്ഞാന വർദ്ധനവിന് ദൈവത്തോട് പ്രാർത്ഥിക്കാൻ ഇസ്‌ലാം അനുശാസിക്കുന്നു. **'എന്റെ നാഥാ, എനിക്ക് നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ (എന്ന്) പ്രാർത്ഥിച്ചു കൊണ്ടിരിക്കുക.' (20: 115)**

മാനവകുലത്തിന് വിജ്ഞാനം പകർന്നു നൽകാൻ ദൈവം നിശ്ചയിച്ച ഗുരു വര്യന്മാരാണ് പ്രവാചകന്മാർ. മനുഷ്യൻ പരസ്പരം തിരിച്ചറിയാൻ ആവശ്യമായ വിദ്യാഭ്യാസം പകർന്നു നൽകലാണ് പ്രവാചക നിയോഗത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്ന് പ്രവാചകന്മാർ മുഖേന മനുഷ്യന് ലഭിക്കുന്ന വിദ്യാഭ്യാസം ഏക ദൈവത്തിലും പാരത്രിക ജീവിതത്തിലുമുള്ള വിശ്വാസത്തിലൂന്നിയതാണ്. ഏകദൈവത്തെ അറിയാനും ആ ദൈവത്തിന് സ്വയം സമ്പൂർണ്ണ സമർപ്പണം നടത്താനും മനുഷ്യനെ സജ്ജമാക്കുകയാണ് ഇസ്‌ലാമിക വിദ്യാഭ്യാസം. വളരാനും വികസിക്കാനും ഒരു മനുഷ്യന് വിദ്യാഭ്യാസം അത്യാവശ്യമാണ്. അറിവ് ആർജ്ജിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. മനുഷ്യനിൽ ജന്തുസഹജവും മനുഷ്യസഹജവുമായ ദ്വന്ദഗുണങ്ങളുണ്ട്. ഈ ഗുണങ്ങളെ വേർതിരിച്ചറിയുകയും മനുഷ്യ സഹജമായ ഗുണങ്ങൾ വളർത്തിയെടുക്കലുമാണ് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ദൗത്യം. ഇതിലൂടെയാണ് അവനവനെ തന്നെ തിരിച്ചറിയുന്നത്. സ്വയം അറിയുക എന്നതാണ് മനുഷ്യൻ ആർജ്ജിക്കേണ്ട പ്രഥമമായ അറിവ്. ദൈവ ഭക്തിയും ധാർമികബോധവും സദാചാരനിഷ്ഠയുമുള്ള വ്യക്തിത്വങ്ങളുടെ രൂപവത്ക്കരണമാണ് ഇസ്‌ലാം ഉത്ഘോഷിക്കുന്ന വിദ്യാഭ്യാസ വ്യവസ്ഥ. മനുഷ്യർ തമ്മിലുള്ള ബന്ധം സഹിഷ്ണുതയിലും നീതിയിലും കാരുണ്യത്തിലും അധിഷ്ഠിതമാകണമെന്നും ഒരുവൻ മറ്റൊരുവനെ ചൂഷണം ചെയ്യരുതെന്നും ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ സകല മേഖലയുമായും ബന്ധപ്പെട്ടു കിടക്കുന്ന ജീവിത സംഹിതയാണ് ഇസ്‌ലാം. ഇസ്‌ലാമിക അദ്ധ്യാപനങ്ങളിലൂടെ പ്രവാചക ചര്യകളിലൂടെ നാം കണ്ണോടിക്കുമ്പോൾ ജീവിതത്തിൽ പുലർത്തേണ്ട ധാർമിക ഗുണങ്ങളെ കണ്ടെത്താൻ നമുക്ക് കഴിയുന്നതാണ്. യഥാർത്ഥ വിദ്യാഭ്യാസം എന്നത് അറിവിന്റെ വളർച്ച മാത്രമല്ല, മറിച്ച് കുട്ടികളുടെ വൈകാരികമായ വളർച്ചയുമാണ്. വ്യക്തിത്വവികാസവും സേവന മനോഭാവവും വിദ്യഭ്യാസത്തിൽന്റെ അടിസ്ഥാന പ്രമാണങ്ങളാണ്. വിശ്വാസപരമായ സംസ്ക്കരണവും മതപരമായ ശിക്ഷണവും വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം ദീനി വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെകുറിച്ചുള്ള ചിന്ത ഉണ്ടായിരിക്കുകയും അതിന് വേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുകയും ചെയ്യേണ്ടതാണ്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: **'സന്താനങ്ങൾ ഉണ്ടാവുമ്പോൾ അവരുടെ ശിക്ഷണ കാര്യങ്ങളെ കുറിച്ച് ചിന്തിക്കുന്നില്ല. അവരുടെ വിശ്വാസപരവും സ്വഭാവപരവുമായ സംസ്ക്കരണത്തെകുറിച്ച് ആലോചിക്കുന്നില്ല.' (മൽഫൂസത്ത്)** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് അരുൾ ചെയ്യുന്നു: **'ആകയാൽ ദുആയോടൊപ്പം മക്കളെ നിരീക്ഷിക്കുകയും അവരെ ദീൻ പഠിപ്പിക്കുകയും അത്മുഖേന അവരുടെ സ്വഭാവ ഗുണങ്ങൾ ഉന്നതമാക്കാൻ ശ്രമിക്കേണ്ടതുമാണ്.'(ഖുതുബ 2018 ആഗസ്ത്)**

നമ്മുടെ ചുറ്റുമുള്ള മാലിന്യങ്ങളിൽ നിന്നും ശുദ്ധി പ്രാപിക്കുന്നതിനും പരിശുദ്ധാത്മാവ് നിങ്ങളിൽ യഥാർത്ഥ പരിശുദ്ധിയും സൂക്ഷ്മതയും ഉണ്ടാക്കുന്നതിനും അല്ലാഹുവിനോട് എപ്പോഴും പ്രാർത്ഥിക്കുക. മസീഹ് മഊദ് പറയുന്നു: **'ലോകത്ത് ഏത് കാര്യത്തിനും നേരായ വഴി സംജാതമാകാത്തിടത്തോളം വിജയം കരസ്ഥമാകുകയില്ല. അതിനാൽ ലക്ഷ്യം പ്രാപിക്കുവാൻ അതിനുള്ള നേർവഴിക്കായി സുറ: ഫാത്വിഹായിൽ പഠിപ്പിക്കപ്പെട്ട ഇഹ്ദിന സിറാത്തുൽ മുസ്തഖീം എന്ന പ്രാർത്ഥനയുടെ സമഗ്രമായ അർത്ഥം ഉൾക്കൊള്ളുക എന്നതാണ്'(കശ്തീയെ നൂഹ്)**

www.alislam.org

# വിജ്ഞാനത്തിന്റെ മാനവികത

സമയം പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച പ്രപഞ്ചത്തിൽ നാം തനിച്ചോ? എന്ന പുസ്തകത്തിന്റെ പ്രകാശനത്തോടനുബന്ധിച്ച് 2023 ഫെബ്രു: 18 കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ വിജ്ഞാനത്തിന്റെ മാനവികത എന്ന വിഷയത്തിന്മേൽ നടന്ന സെമിനാറിൽ അവതരിപ്പിച്ച ലഘു പ്രസംഗത്തിന്റെ ലേഖന രൂപം.

**എ. എം. മുഹമ്മദ് സലീം**

ഫിലോസഫിയിൽ ഏതൊരു ചർച്ചയും തുടങ്ങുന്നതിന് മുമ്പ് വാക്കുകൾ നിർവ്വചിക്കണം എന്ന ഒരു നിഷ്ക്കർഷയുണ്ട്. ഇവിടെ ഒരു തത്വശാസ്ത്ര ചർചയൊന്നുമല്ല. എങ്കിലും **'വിജ്ഞാനത്തിന്റെ മാനവികത'** എന്ന ഈ ചർച്ചയിൽ എന്താണ് വിജ്ഞാനം എന്ന് നാം ആദ്യമായി നിർവ്വചിക്കേണ്ടിവരും. പക്ഷേ നിർവ്വചിക്കാൻ പ്രയാസമുള്ള ഒരു പദമാണ് വിജ്ഞാനം. വിജ്ഞാനത്തിന് വിശ്വാസവുമായി അല്ലെങ്കിൽ മനുഷ്യനിലെ അനിർവ്വചനീയവും അമൂർത്തവുമായ ചിന്താമണ്ഡലവുമായി ഒരു ബന്ധമുണ്ട്. മനുഷ്യ ചിന്തയുടെ അധിഷ്ഠാനം അല്ലെങ്കിൽ ഉത്ഭവം എവിടെ നിന്നാണ്? ആശയ രൂപീകരണം (Ideation) എങ്ങനെ നടക്കുന്നു? എന്നീ കാര്യങ്ങളൊന്നും പൂർണ്ണമായും വിശദീകരിക്കപ്പെട്ടിട്ടില്ല അത് പൂർണ്ണമായും ശരീരബദ്ധമോ ശരീരശാസ്ത്രപരമോ അല്ല.

### വിജ്ഞാനം: ബോധമണ്ഡലവുമായി ബന്ധപ്പെട്ടത്

തത്വശാസ്ത്രത്തിന്റെ ആചാര്യനായി ലോകം കണക്കാക്കുന്ന ഗ്രീക്ക് ഫിലോസഫർ പ്ളാറ്റോ വിജ്ഞാനത്തെ നിർവ്വചിച്ചത് 'വിജ്ഞാനം എന്നാൽ ന്യായീകരിക്കാവുന്ന യഥാർത്ഥ വിശ്വാസം എന്നാണ് ' Knowledge is the Justified True Belief. ഇരുപതാം നൂറ്റാണ്ടിലെ യുക്തിവാദാചാര്യനും ആജ്ഞേയതാ വാദിയും (Agnostic) ദാർശനികനും നോബേൽ സമ്മാന ജേതാവുമായ ബർട്രണ്ട് റസ്സലും വിജ്ഞാനത്തെ വിവരിക്കുന്നത് വിശ്വാസവുമായി ബന്ധപ്പെടുത്തിത്തന്നെയാണ്. അദ്ദേഹം എഴുതിയ Theory Of Knowledge എന്ന ലേഖനത്തിൽ പറയുന്നത്. 'യാഥാർത്ഥ്യവുമായി പൊരുത്തമുള്ള വിശ്വാസങ്ങളെ വിജ്ഞാനം എന്ന് നിർവ്വചിക്കാമെന്ന് നാം കരുതുന്നു. എന്നാൽ പ്രയാസം എവിടെയാണെന്ന് വെച്ചാൽ വിജ്ഞാനം എന്താണെന്നോ യാഥാർത്ഥ്യം എന്താണെന്നോ ആർക്കും അറിയില്ല. വിശ്വാസം ശരിയാണെന്ന് വരുത്താൻ ഇവ രണ്ടും തമ്മിൽ ഏത് തരത്തിലാണ് പൊരുത്തപ്പെടുത്തേണ്ടതെന്നും ആർക്കും അറിയില്ല.' (Theory Of Knowledge, Betrent Russal). മഹായുക്തിവാദിയും ആജ്ഞേയതാ വാദിയായ ബർട്രന്റ് റസ്സൽ വിജ്ഞാനത്തെ വിശ്വാസവുമായി ബന്ധപ്പെടുത്തി പറഞ്ഞെങ്കിലും വ്യക്തമായി നിർവ്വചിച്ചിട്ടില്ല. വിജ്ഞാന ശാസ്ത്രത്തിലെ (Epistemology) സൂക്ഷ്മമായ ഒരു ദാർശനിക ചർച്ചയല്ല ഇവിടെ ഉദ്ദേശിച്ചത്. വിജ്ഞാനം എന്നത് അമൂർത്തവും അനിർവ്വചനീയവുമായ മനുഷ്യനിലെ ആത്മാവും ചിന്തയുമടങ്ങിയ ബോധാത്മക (Cognitive) മണ്ഡലവുമായി ബന്ധപ്പെട്ട വിഷയമാണ് എന്ന് സൂചിപ്പിക്കാനാണ്.

ഇസ്ലാമിലെ ഔദ്യോഗിക ഭാഷയായ അറബിയിൽ വിജ്ഞാനത്തിന് ഇൽമ് എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. മതപരമായ വിജ്ഞാനത്തിനും ശാസ്ത്ര വിജ്ഞാനത്തിനും ഇതേ പദം തന്നെയാണ് ഉപയോഗിക്കാറ്. അറബിയിൽ മിക്ക വിജ്ഞാന ശാഖയുടെ മുമ്പിലും ശാസ്ത്രം (സയിൻസ്) എന്ന് സൂചിപ്പിക്കാൻ ഉപസർഗ്ഗ പദമായി (പ്രിഫിക്സ്) ഇൽമ് എന്ന പദം വെക്കാറുണ്ട്. ഉദാഹരണത്തിന് ഭൗതിക ശാസ്ത്രത്തിന് (ഫിസിക്സിന്) ഇൽമ് അത്ത്വാബി, അക്കൗണ്ടൻസിക്ക് ഇൽമുൽ ഹിസാബ്, ന്യായ ശാസ്ത്രത്തിന് ഇൽമുൽ മന്ത്വിക്, സൂഫീ ജ്ഞാനങ്ങൾക്ക് ഇൽമുൽ ത്തസ്വവ്വുഫ്, മനശ്ശാസ്ത്രത്തിന് ഇൽമുന്നഫ്സ് എന്നിങ്ങനെ പോകുന്നു. സംസ്കൃതത്തിലും മലയാളത്തിലും ശാസ്ത്രം എന്ന് സയൻസിനും മതപരമായ ശാസ്ത്രങ്ങൾക്കും ഉപയോഗിക്കും. ഇംഗ്ലീഷിലെ ഓളജി (Ology. Eg: Biology, Physiology, Theology) പോലെ. ഗോള ശാസ്ത്രം, ഭൗതിക ശാസ്ത്രം,

സാമ്പത്തിക ശാസ്ത്രം മുതൽ തന്ത്രശാസ്ത്രം, പക്ഷി ശാസ്ത്രം ഗൗളി ശാസ്ത്രം വരെ ശാസ്ത്ര മാണ്.

### മസ്തിഷ്ക്കവും ഹൃദയവും

മനുഷ്യന്റെ അറിവിനെ വിജ്ഞാനം, ജ്ഞാനം എന്നിങ്ങനെ രണ്ടായി തിരിക്കാവുന്നതാണ്. വിജ്ഞാനം എന്ന് നാം സാധാരണ വിളിക്കുന്നത് ശാസ്ത്രത്തെയാണ് ഭൗതികമായ അറിവിനെയാണ് അർത്ഥമാക്കുന്നത്. സംസ്കൃത ത്തിലെ വിജ്ഞാനം എന്ന പദത്തിന് വി+ജ്ഞാനം എന്നാണ് പിരിച്ചെഴു തുക. 'വി' എന്ന ഉപസർഗ്ഗത്തിന് വിപരീതം എന്നും അർത്ഥമുണ്ട്. മോക്ഷമാർഗ്ഗത്തിലുള്ള ജ്ഞാനത്തി ന്റെ വിപരീതമായ (കേവലം ഐഹികമായ) അറിവായത് കൊ ണ്ടാണ് അതിനെ വിജ്ഞാനമായി കാണുന്നത് എന്ന് ഒരു രീതിയിൽ നിരുക്തം പറയുന്നുണ്ട്. ജ്ഞാനം എന്നത് ആത്മീയവും ധാർമികവു മായ ബോധവും ജ്ഞാനവുമാണ്.

മനുഷ്യ ശരീരത്തിലെ രണ്ട് അവയവങ്ങളാണ് വിജ്ഞാനത്തി ന്റെയും ജ്ഞാനത്തിന്റെയും ഉറവി ടമെന്ന് സങ്കൽപ്പിക്കുകയാണെ ങ്കിൽ, നമ്മുടെ മസ്തിഷ്ക്കം വിജ്ഞാനത്തിന്റെ അഥവാ ബുദ്ധി പരമായ അറിവിന്റെ അധിഷ്ഠാനമാ ണ്. ധാർമികവും ആത്മീയവുമായ ജ്ഞാനത്തിന്റെയും ഉറവിടമായി ഹൃദയത്തെയും സങ്കൽപ്പിക്കാവു ന്നതാണ്. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടത് ബോധാ ത്മകമായ പ്രവർത്തനം നടത്തുന്ന മസ്തിഷ്ക്കത്തെ കേവലം ശരീര ത്തിലെ ന്യൂറോണുകൾ കൊണ്ട് നിർമ്മിച്ച ഒരു അവയവമായോ ഹൃദയത്തെ പേശീകോശങ്ങൾ കൊണ്ട് നിർമ്മിച്ച അവയവമായോ ധരിക്കരുത്. മനുഷ്യശരീരത്തെ അമൂർത്തമായി പര്യാവരണം ചെയ്ത് നിൽക്കുന്ന ഒരു ചൈത ന്യമുണ്ട് (Pervaded Soul), ആ ചൈതന്യത്തിന്റെ മാംസനിബദ്ധ മായ ഇരിപ്പിടമായി ഈ അവയവങ്ങ ളെ സങ്കൽപ്പിച്ചാൽ മതി. അഹ്മദി യ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) മനുഷ്യനി ൽ ജ്ഞാന വിജ്ഞാനങ്ങൾ ഉൽപാ ദിപ്പിക്കപ്പെടുന്ന ഈ പ്രതിഭാസത്തെ പറ്റിയും പ്രക്രിയയെ പറ്റിയും സൂക്ഷ്മമായും വിശദമായും പ്രതി പാദിച്ചിട്ടുണ്ട്. ആ വിഷയങ്ങളിലേ ക്ക് ഞാനിപ്പോൾ കടക്കുന്നില്ല.

### ശാസ്ത്രം പ്രകൃതിദത്തം

ശാസ്ത്രം അല്ലെങ്കിൽ ഭൗതിക വിജ്ഞാനം പ്രകൃതിയിൽ നിന്നും മനുഷ്യന് ലഭിക്കുന്ന അറിവാണ്. മനുഷ്യൻ അവന്റെ മസ്തിഷ്ക്ക സങ്കൽപ്പമനുസരിച്ച് പ്രകൃതിയിൽ നിന്നും പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന ഈ വിജ്ഞാനം പ്രത്യേ ക രീതിയിൽ ക്രോഡീകരിച്ചതിനെ യാണ് നാം ശാസ്ത്രം എന്ന് വിളിക്കുന്നത്. ഒരു കാര്യം പ്രത്യേ കം ഓർക്കേണ്ടത്. ശാസ്ത്രജ്ഞ ന്മാർ ശാസ്ത്രത്തിന്റെ സ്രഷ്ടാക്കള ല്ല. ദ്രഷ്ടാക്കൾ മാത്രമാണ്. അതായ ത് വിജ്ഞാനം കണ്ടെത്തുന്നവർ മാത്രമാണ്. ഉദാഹരണം പറയാം പുരാതനകാലം മുതൽ ഗ്രീക്കിലെ പൈത്തഗോറസും ഭാരതത്തിലെ ആര്യഭട്ടനും അറബ് അസ്ട്രോണ മർ ഖവാരിസ്മിയും ഏതോവഴിക്ക് ഭൂമി ഗോളാകൃതിയാണെണ് പറഞ്ഞ വരാണ്. ആധുനിക കാലത്ത് ഭൂമി ഉരുണ്ടതാണെന്ന് പരീക്ഷണ നിരീ ക്ഷണങ്ങളോടെ അസന്നിഗ്ദമായി ശാസ്ത്രം പല രീതിയിൽ തെളിയി ക്കുകയുണ്ടായി. ഒരാളിൽ മാത്രം ആ കണ്ടുപിടുത്തം ചാർത്തിക്കൊ ടുക്കാൻ സാദ്ധ്യമല്ല. അപ്പോൾ ചോദ്യമിതാണ് ശാസ്ത്രം ഭൂമി ഉരുണ്ടതാണെന്ന് തെളിയിച്ചു എന്ന് പറയുമ്പോൾ, അന്ന് മുതലാണ് ഭൂമി ഉരുണ്ടതായതെന്ന് ആരും ധരിക്കില്ല ല്ലോ? പണ്ടേ ഗോളാകൃതിയിലായിരു ന്ന ഭൂമിയുടെ ആകൃതിയെ സംബ ന്ധിച്ച് ബോധമില്ലാതെ മനുഷ്യൻ പതിനായിരക്കണക്കിന് വർഷം ഭൂമിയിൽ അള്ളിപിടിച്ചു ജീവിച്ച് അവന്റെ ബുദ്ധിയും നിരീക്ഷണ പാഠവും പക്വമായതിന് ശേഷമാണ് ഭൂമി ഉരുണ്ടതാണെന്ന് തിരിച്ചറിഞ്ഞ ത്. മനുഷ്യവിജ്ഞാനത്തിന്റെ അൽപ്പത്വത്തെ കുറിച്ചും എളിമയെ കുറിച്ചുമുള്ള തിരിച്ചറിവാണ് അപ്പോൾ പ്രകടമാവേണ്ടത്. ഇങ്ങ നെ മനുഷ്യൻ പ്രകൃതിയിൽ നിരീക്ഷിച്ചും പരീക്ഷിച്ചും മനനം ചെയ്തും ആർജ്ജിച്ചെടുത്ത അറിവിനെയാണ് നാം ശാസ്ത്രം എന്ന് വിളിക്കുന്നത്. ശാസ്ത്രത്തി ന്റെ മൂല രൂപം പ്രകൃതിയിൽ തന്നെ ഉള്ളതാണ്. ശാസ്ത്രജ്ഞന്മാർ അത് കണ്ടെത്തുകയും മനുഷ്യ മസ്തി ഷ്ക്കത്തിന്റെ ലോജിക്കും റീസനിം ങ്ങും വെച്ച് പ്രോസസ് ചെയ്ത് ക്രോഡീ കരിച്ചതാണ് ശാസ്ത്ര വിജ്ഞാന മായി അറിയപ്പെടുന്നത്. ഞാൻ പറയാനദ്ദേശിക്കുന്നത് ഭൗതിക ജ്ഞാനങ്ങളുടെ ഉറവിടവും പ്രകൃതിയിൽ നിന്നുള്ളതാണ്. അതിന്റെ ക്രോഡീകൃത രൂപമാണ് സയൻസ്. അത് മനുഷ്യ സൃഷ്ടി യല്ല. ആ കണ്ടെത്തലുകളുടെ ബഹുവിധമായ സങ്കൽപ്പങ്ങളും കലനങ്ങളും ഗുണനങ്ങളുമാണ് സൈദ്ധാന്തിക ശാസ്ത്രവും സയിൻസും ടെക്നോളജിയുമൊ ക്കെയായി വിജ്ഞാനത്തിന്റെ വിവിധ രൂപങ്ങളെ നാം കാണുന്ന ത്.

കോശങ്ങളിലെ ജീനിനെ പഠിച്ചറിഞ്ഞ് നാം ജനിതക സാങ്കേ തിക വിദ്യ ഉപയോഗിച്ച് ഒരു വിത്തുണ്ടാക്കിയാൽ അത് മുളക്ക ണമെങ്കിൽ ആ വിത്ത് മുളക്കാനാ വശ്യമായ അതിൽ ഉള്ളടങ്ങിയ പ്രകൃതിനിയമം മാത്രമല്ല ഭൂമിയും സൂര്യനും വായുവും വെള്ളവും പരിസ്ഥിതിയുമടക്കം ഒരു പ്രപഞ്ചം തന്നെ വേണം. അത്കൊണ്ടാണ് ദൈവം സർവ്വ സ്രഷ്ടാവും (ഖാലിക്ക് കുല്ലി ശൈയ്ഹിം) എന്നും ഒന്നുമില്ലായ്മയിൽ നിന്ന് സൃഷ്ടി ക്കുന്നവൻ എന്നും, മുൻ മാതൃക യില്ലാതെ സൃഷ്ടിക്കുന്നവനെന്നും (ബദീഅ്) പറയുന്നത്. മനുഷ്യന്റെ വിജ്ഞാനം കൊണ്ട് ഇതെല്ലാം സൃഷ്ടിക്കുക സാദ്ധ്യമല്ല. അവൻ പരാശ്രിതനാണ്. അവൻ തന്നെ ഒരു സൃഷ്ടിയാണ്. ശാസ്ത്രജ്ഞാനം

കൊണ്ട് ദൈവത്തിന് പകരം നിൽക്കാമെന്ന ഭാവവും വാദവും അൽപ്പത്വമാണ്. വിവേകമതികളായ ശാസ്ത്രജ്ഞാ നികൾ ഈ മഹാജ്ഞാന വിസ്മയ ത്തിന് മുമ്പിൽ വിനായാന്വിതരാണ്. ഇംഗ്ലീഷ് പഴമൊഴി പോലെ "Known is a drop. Unknown is an ocean." എന്ന് അവർക്കറിയാം.

### വിജ്ഞാനം ശക്തിയോ?

വിജ്ഞാനം ശക്തിയാണ് Knwoledge is Power എന്ന് പറഞ്ഞത് 16-ാം നൂറ്റാണ്ടിൽ ജീവിച്ച പ്രശസ്ത ഇംഗ്ലീഷ് ഫിലോസഫറും എസ്സേയിസ്റ്റുമായ ഫ്രാൻസിസ്സ് ബേക്കനാണ്. യൂറോപ്യൻ നവോത്ഥാനത്തെ ഗണ്യമായി സ്വാധീനിച്ച സാംസ്കാരിക നായകന്മാരിൽ ഒരാളായിട്ടാണ് ഫ്രാൻസിസ് ബേക്കൻ അറിയപ്പെടുന്നത്. വിജ്ഞാനം ശക്തിയാണ് എന്ന് പറഞ്ഞതിനർത്ഥം വിജ്ഞാനത്തെ അധികാരവും സമ്പത്തും ഉൽപ്പാദിപ്പിക്കാനും ആർജ്ജിക്കാനുമുള്ള ഉപാധിയുമായിട്ടായിരുന്നു ബേക്കൻ കണ്ടത്. ആ അർത്ഥത്തിൽ ശാസ്ത്ര വിജ്ഞാനത്തെ ഉപയോഗിച്ചാണ് യൂറോപ്യൻ ശക്തികൾ റിനൈസൻസിന് ശേഷം ലോകത്ത് ആധിപത്യ മുറപ്പിച്ചത്. തദ്ദേശീയമായി അധികാരവും സമ്പത്തും ഉൽപ്പാദിപ്പിക്കുക മാത്രമല്ല അവർ ചെയ്തത്. കോളനിയും സാമ്രാജ്യത്വവും സ്ഥാപിച്ച് ബാക്കിലോകത്തിലേക്കും വിശിഷ്യാ ദരിദ്രരായ മൂന്നാം ലോക രാജ്യങ്ങളിലേക്കും അവരുടെ ചൂഷണം വ്യാപിപ്പിക്കുകയാണ് ചെയ്തത്. ആ സ്വതന്ത്ര രാജ്യങ്ങളെ അടിമ രാജ്യങ്ങളാക്കി മാറ്റുകയും ചെയ്തു. ശാസ്ത്രം സമ്മാനിച്ച അറിവ് അവർ ഒരളവോളം ദുരുപയോഗപ്പെടുത്തുകയാണുണ്ടായത്. ഫ്രാൻസിസ് ബേക്കൻ പറഞ്ഞത് പോലെ വിജ്ഞാനത്തെ ചൂഷണത്തിന്റെ ശക്തിയാക്കി മാറ്റിയത് അവരാണ്.

കോടിക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിയ മലമ്പനി പരത്തുന്ന പരാസൈറ്റിനെ കണ്ടെത്തിയ മഹാനായ ബ്രിട്ടീഷ് ഡോക്ടർ റൊണാൾഡ് റോസിന്റെ ഒരു പ്രസ്താവനയാണ് ഓർമ്മവരുന്നത്. ഇന്ത്യയിലെ ഇന്നത്തെ ഉത്തര ഖണ്ഡിൽ ഒരു ബ്രിട്ടീഷ് സൈനിക ഓഫീസറുടെ മകനായി ജനിച്ച റോസ് 1902 ലെ മെഡിസിനിലെ നോബേൽ സമ്മാന ജേതാവാണ്. കൂട്ടത്തിൽ പറയട്ടെ നമ്മുടെ ഊട്ടിയിലെ സേവനത്തിടക്ക് ഏറ്റ കൊതുക് കടിയാണ് മഹത്തായ ഈ കണ്ടുപിടുത്തത്തിന് അദ്ദേഹത്തിന് പ്രചോദനമായത് എന്ന കാര്യത്തിൽ നമുക്ക് അഭിമാനിക്കാം. തങ്ങളുടെ കോളനി രാജ്യമായ ആഫ്രിക്കയിലെ സിറാലിയോണിൽ അദ്ദേഹം പോയി മടങ്ങി വന്നപ്പോൾ 1899 ലിവർപൂളിലെ ചേമ്പർ ഓഫ് കോമേഴ്സിൽ വെച്ച് നടത്തിയ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത്: 'വരുന്ന നൂറ്റാണ്ടിൽ സാമ്രാജ്യത്തിന്റെ വിജയം നല്ലൊരു മൈക്രോസ്കോപ്പിന്റെ കണ്ടുപിടുത്തത്തെയാണ് ആശ്രയിച്ചിരിക്കുന്നത് എന്നാണ്'. കാരണം മലമ്പനി കൊണ്ട് ബ്രിട്ടീഷ് കോളനി അധികാരികൾക്ക് അവിടെ അവരുടെ കോളനിവത്ക്കരണം പൂർത്തിയാക്കാൻ സാധിക്കാതെ വന്നതായിരുന്നു റോസ്സിന്റെ പ്രശ്നവും പരിഭവവും.

പതിനെട്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ സംഭവിച്ച വ്യവസായ വിപ്ലവവും വമ്പിച്ച ശാസ്ത്ര വിജ്ഞാനവും അവരുടെ സാമ്രാജ്യത്വത്തിനും കോളനിവത്ക്കരണത്തിനും നൽകിയ സംഭാവന അനിഷേധ്യമാണ്. രാജ്യങ്ങൾ കണ്ടെത്താനും പിടിച്ചടക്കാനും വൻ സമുദ്രങ്ങൾ മുറിച്ചു കടക്കാൻ, ആവിയന്ത്രങ്ങളോടു കൂടിയ കപ്പലുകളും പടക്കോപ്പുകളും ഭൂപടനിർമ്മാണവും ആവശ്യമായി വന്നു. കോളനി വത്ക്കരണത്തിന്നാവശ്യമായ ശാസ്ത്ര വിജ്ഞാനത്തിനാണ് അവർ ശ്രദ്ധ പതിപ്പിച്ചത്. കോളനികളിലെ വിഭവങ്ങൾ കടത്തിക്കൊണ്ടു പോകാനും വ്യവസായവത്ക്കരണം മൂലം അധികമായി ഉദ്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണിയും അവർ കോളനികളിൽ കണ്ടെത്തി. വിജ്ഞാനത്തെ ഹ്യൂമനൈസ് (മാനവീകരിക്കുന്നതിന്) ചെയ്യുന്നതിന് പകരം അവർ ഡീഹ്യൂമനൈസ് (അപമാനവീകരിക്കുകയാണ്) ചെയ്തത്. പക്ഷേ ഒരു യാഥാർത്ഥ്യം നാം അംഗീകരിക്കേണ്ടതുണ്ട്. ജ്ഞാനം നിക്ഷ്പക്ഷവും കേവലവുമാണ്. അതിന് പക്ഷഭേദങ്ങളില്ല. നല്ല ആളുകൾ വിജ്ഞാനികളായാൽ നന്മ ഉത്പാദിപ്പിക്കപ്പെടും ചീത്തയാളുകൾ വിജ്ഞാനം സ്വായത്തമാക്കിയാൽ തിന്മയാണ് ഉദ്പാദിക്കപ്പെടുക. സൂര്യനുദിച്ചാൽ ചെളിവെള്ളത്തിലും അത് പ്രതിബിംബിക്കും എന്നപോലെ വിജ്ഞാന സൂര്യന്റെ കിരണങ്ങൾ അപരിഷ്കൃതരുടെ മേൽ ഉദിച്ചാലും ആ പ്രകാശത്തിൽ നിന്നും സസ്യജാലങ്ങൾ ഊർജ്ജം സംഭരിക്കും പോലെ കീഴാള സമൂഹവും ശക്തി സംഭരിക്കും. ഭൂമി വസ്തുക്കളെ ആകർഷിക്കുന്നത് പോലെ വിജ്ഞാനം മനുഷ്യനിലേക്ക് ആകർഷിക്കപ്പെടുകയും പരിവർത്തനങ്ങൾ ഉണ്ടാക്കുകയും ചെയ്യും. ഉദാഹരണത്തിന് നമ്മുടെ ഭാരതത്തിൽ ബ്രിട്ടീഷുകാർ മുഖ്യമായും അവരുടെ കോളനി താൽപര്യങ്ങളുടെ ഭാഗമായാണ് റയിലും ടെലഗ്രാമും യന്ത്രവത്ക്കരണവുമെല്ലാം നടത്തിയത്. വൈജ്ഞാനികമായി പിന്നോക്കം നിന്നിരുന്ന ഇന്ത്യൻ സമൂഹത്തെ അത് ശാസ്ത്ര ജ്ഞാനപരമായും സാങ്കേതിക ശാസ്ത്രപരമായും ആധുനികതയിലേക്ക് നയിക്കുകയും രാഷ്ട്രീയമായി പ്രബുദ്ധമാക്കുകയും രാജ്യത്തെ ഏകീകരിക്കുകയും അവസാനം ബ്രിട്ടീഷുകാരെ തന്നെ കെട്ടുകെട്ടിക്കാൻ നിമിത്തമാകുകയും ചെയ്തു.

### ശാസ്ത്രജ്ഞാനം: മനുഷ്യ സമൂഹത്തിന്റെ പൊതുപൈതൃകം

ശാസ്ത്രജ്ഞാനം എന്നത് മനുഷ്യ സമൂഹത്തിന്റെ പൊതുസ്വ

ത്താണ് അത് പക്ഷപാതിത്വങ്ങളില്ലാത്ത പൊതുവിജ്ഞാന ശേഖരമാണ്. വിവിധ കാലഘട്ടങ്ങളിൽ വിവിധ ജനതകളാണ് ശാസ്ത്രത്തെ വളർത്തിക്കൊണ്ട് വന്നത്. ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. ഏകദേശം യൂറോപ്യൻ നവോത്ഥനത്തിന്റെ ആരംഭ കാലഘട്ടത്തിൽ മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് 1660 ലാണ് ചരിത്രത്തിലെ ചേതോഹരമായ രണ്ട് സ്മാരകങ്ങൾ ലോകത്ത് ഉയർന്നു വന്നത്. ഒന്ന് പടിഞ്ഞാറും മറ്റേത് കിഴക്കും. ഒന്ന് ലണ്ടനിലെ സെൻ പോൾ കത്തീഡ്രൽ. മറ്റേത് 'കാലത്തിന്റെ കവിളിലെ കണ്ണുനീർതുള്ളി' എന്ന് മഹാകവി രവീന്ദ്രനാഥ ടാഗോർ വിശേഷിപ്പിച്ച ഇന്ത്യയിലെ താജ്മഹലും. ഈ രണ്ട് അനശ്വര സ്മാരകങ്ങളുടെ വാസ്തു ഭംഗിയും ശിൽപ്പചാതുരിയും താരതമ്യം ചെയ്ത് പടിഞ്ഞാറും കിഴക്കുമുള്ള രണ്ട് ജനതയുടെ ഭൗതിക രംഗത്തുണ്ടായ നിർമ്മാണ കലാ വൈദഗ്ദ്യവും കലാബോധവും വൈജ്ഞാനിക രംഗത്തുമുണ്ടായിരുന്ന മികവും ആർക്കും പരിശോധിക്കാൻ സാധിക്കും.

അസ്ട്രോണമിയിലും വൈദ്യരംഗത്തും നമ്മുടെ ഭാരതമായിരുന്നു ഒരു കാലത്ത് മുന്നിൽ ഗ്രീക്കുകാർ റോമക്കാർ ചൈനക്കാർ അറബികൾ എന്നിവരെല്ലാം ശാസ്ത്രത്തെ കാലകാലങ്ങളിലായി പരിപോഷിപ്പിച്ചിട്ടുണ്ട്. ഈ അടുത്തകാലത്താണ് അതായത് മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്ന നവോത്ഥാനത്തിന് ശേഷമാണ് പാശ്ചാത്യ നാഗരികത ശാസ്ത്ര വിജ്ഞാനത്തിന്റെ അഗ്രഗാമികളായി മാറിയത് എന്നാണ് പറഞ്ഞു വന്നത്. തീർച്ചയായും വിജ്ഞാനാർജ്ജനത്തിന് പാശ്ചാത്യ സമൂഹം നടത്തിയ സമർപ്പണവും തീവ്രപഠനങ്ങളും അഭിനന്ദന മർഹിക്കുന്നു. പഴം പുരാണങ്ങളിൽ അള്ളിപ്പിടിക്കുകയും പാശ്ചാത്യർ കൊണ്ടുവന്ന ശാസ്ത്രത്തെ തള്ളിപ്പറയുകയും ചെയ്യുന്നത് അൽപ്പത്തവും യഥാസ്ഥികത്വവുമായെ ഗണിക്കപ്പെടൂ.

പേപ്പട്ടി വിഷത്തിന് വാക്സിൻ കണ്ടെത്തിയ മഹാനായ ഫ്രഞ്ച് ശാസ്ത്രജ്ഞൻ ലൂയി പാസ്ചറെ ഓർക്കുക ദരിദ്രനായ ഒരു ചെരുപ്പു കുത്തിയുടെ മകനായിരുന്നു പാശ്ചർ. വിജ്ഞാനത്തിന് വേണ്ടി സമർപ്പിതനായ അദ്ദേഹം പേബാധിച്ച ഒരു പട്ടിയുടെ വായിൽ നിന്ന് പിപ്പറ്റ് എന്ന് വിളിക്കുന്ന ഒരു നീണ്ട കണ്ണാടി കുഴൽ ഉപയോഗിച്ച് ഒരു ഭാഗത്ത് വായകൊണ്ട് വായു വലിച്ചെടുത്തായിരുന്നു പേപ്പട്ടിയുടെ ഉമിനീർ ശേഖരിച്ചത്. അൽപം ഉമിനീർ അദ്ദേഹത്തിന്റെ വായയിൽ ആയിക്കഴിഞ്ഞാൽ മാരകമായ പേവിഷം അദ്ദേഹത്തിലേക്കും സംക്രമിക്കുമായിരുന്നു. മനുഷ്യസ്നേഹിയായ ആ ശസ്ത്രജ്ഞന്റെ ത്യാഗ പൂർണ്ണവും ജാഗരൂഗമായ ഗവേഷണത്തിനൊടുവിലാണ് റാബീസ് വാക്സിൻ കണ്ടുപിടിക്കപ്പെട്ടത്. അദ്ദേഹത്തോട് നാം കടപ്പെട്ടിട്ടില്ലേ?

## വിജ്ഞാനം: മാനുഷതയുടെ സാരസത്ത

വിജ്ഞാനദാഹം എന്നത് മറ്റ് ജീവികൾക്കില്ലാത്ത മാനവീയമായ ഒരു ഗുണമാണ്. അതാണ് മനുഷ്യന്റെ ആത്മാവിൽ ദൈവം പ്രത്യേകം സന്നിവേശിപ്പിച്ച ഒരു മാനവിക ഗുണം. വിശുദ്ധ ഖുർആൻ പറയുന്നു: ***'യസ്അലൂനക്ക അനിറൂഹി, കുലിൽ റൂഹു മിനൽ അമ്റി റബ്ബീ.'*** 'അവർ നിന്നോട് ആത്മാവിനെ കുറിച്ച് ചോദിക്കുന്നു. പറയുക ആത്മാവ് എന്റെ നാഥന്റെ അംമ്റിൽ നിന്നുള്ളതാണ്' (ആജ്ഞയിൽ നിന്നുള്ളതാണ്. -സൂറാ: ബനീ ഇസ്റായീൽ 17: 86) അല്ലാഹുവിനെ അറിഞ്ഞ് ആരാധിക്കാനാണ് ജിന്നിനെയും മനുഷ്യനെയും സൃഷ്ടിച്ചതെന്നാണ് അല്ലാഹു പറയുന്നത്. ഇതിന്നായി ദൈവം നമുക്ക് പഠിപ്പിച്ചു തന്ന വലിയൊരു പ്രാർത്ഥയുണ്ട്. ***'വ കുൽ റബ്ബി സിദ്നീ ഇൽമാ'*** 'എന്റെ നാഥാ എനിക്ക് നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ എന്ന് നീ പറഞ്ഞു കൊണ്ടിരിക്കുക.'- സൂറാ താഹാ 20:115

## വാനശാസ്ത്രത്തോടുള്ള വിമുഖത

ഭൗതിക ജ്ഞാനത്തിന്റെ കാര്യം തന്നെ എടുക്കാം. ശാസ്ത്ര വിജ്ഞാനത്തിന്റെ ചരിത്രം പരിശോധിച്ചാൽ ആകാശമാണ് മാനവരാശിയുടെ പ്രാകൃതാവസ്ഥ മുതൽ ഇന്ന്വരെ നമ്മുടെ മിക്ക വിജ്ഞാനത്തിന്റെയും ഉറവിടവും പ്രചോദനവും എന്ന് കാണാം. സൂര്യ-ചന്ദ്രന്മാരുടെ ചലനം, ഉദയാസ്തമയങ്ങൾ, ഗ്രഹണങ്ങൾ, ഋതുകളുടെ പരിവർത്തനം, ആകാശ രാശികളിൽ നക്ഷത്രങ്ങളുടെ വിന്യാസം, ആകാശ ഗോളങ്ങളുടെ ക്രമികമായ ചലനങ്ങൾ മുതലായ വാനലോകത്തെ പ്രതിഭാസങ്ങളാണ് പുരാതന മനുഷ്യന്റെ വിജ്ഞാന കൗതുകത്തെ ഉദ്ദീപിപ്പിച്ചത്. അസ്ട്രോണമിയാണ് ശാസ്ത്രത്തെയും ഗണിത ശാസ്ത്രത്തെയും മുന്നോട്ടു നയിച്ചത്. ആകാശത്തിലെ അത്ഭുതങ്ങൾ അവസാനിക്കുന്നില്ല. നമ്മുടെ തലക്ക് മുകളിൽ വിവൃതമായി നിൽക്കുന്ന ആകാശം മനുഷ്യ ധിഷണയെ മാടിവിളിക്കുന്ന ഒരത്ഭുതലോകമാണ്. വിശുദ്ധ ഖുർആനിൽ ആകാശനിരീക്ഷണം നടത്താൻ മനുഷ്യനെ ആഹ്വാനം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ശ്രദ്ധേയമായ അനേകം വചനങ്ങൾ കാണാം. **'ഏഴാകാശങ്ങളെ ക്രമമായി സൃഷ്ടിച്ചവനാണവൻ പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വൈകല്യവും കാണുന്നുണ്ടോ? കണ്ണ് നിഷ്ഫലമായും ക്ഷീണിച്ചുകൊണ്ടും നിന്നിലേക്ക് മടങ്ങും.'**(67:4,5)

എന്നാൽ ആധുനിക മനുഷ്യൻ ആകാശത്തിന്റെ അനന്തതയിൽ വിജ്ഞാനമന്വേഷിച്ചു പോകാൻ തയ്യാറാവുന്നില്ല. സ്റ്റീഫൻ ഹാക്കിൻസ് പറഞ്ഞത് പോലെ നാം ഭൗമേതര നാഗരികത അല്ലെങ്കിൽ

ഗോളാന്തര ജീവികളെ അന്വേഷിച്ച് അങ്ങോട്ട് ചെല്ലേണ്ട എന്നാണ്. അവർ നമ്മളേക്കാൾ ശക്തന്മാരാണെങ്കിൽ റെഡ് ഇന്ത്യൻസിനെ യൂറോപ്യന്മാർ ഉന്മൂലനം ചെയ്ത് അമേരിക്കയെ കോളനിയാക്കിയത് പോലെ ഭൂവാസികളായ നമ്മെ അന്യഗോള ജീവികൾ അടിമകളാക്കും എന്നാണ് അദ്ദേഹം ബിബിസിക്ക് അനുവദിച്ച ഒരു അഭിമുഖത്തിൽ വിശദീകരിച്ചത്.

ഭയം, ഭൗതികമായി പെട്ടെന്ന് നേട്ടമില്ലായ്മ ഇതൊക്കെക്കൊണ്ട് ഭൗമജീവികളായ ആധുനിക മനുഷ്യൻ ഭൂമിയിലമരുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. വിജ്ഞാനത്തിന്റെ ആകാശത്തേക്ക് നോക്കാൻ മനുഷ്യൻ ഇന്ന് മിനക്കെടുന്നില്ല. കോളനികൾ വെട്ടിപ്പിടിക്കാൻ കൊളംബസും വാസ്ഗോഡഗാമയും മെഗല്ലനും ഡേവിഡ് ലിവിംങ്സ്റ്റണും കരകാണാകടലിലേക്ക് ധീരമായി നടത്തിയ സമുദ്ര പര്യവേഷണം പോലെ സ്പെയ്സ് എക്പ്ലോറേഷന് ഇന്ന് മനുഷ്യൻ തുനിയുന്നില്ല.

1970 ഓടുകൂടി മുഖ്യമായ സ്പേയ്സ് മിഷൻസ് ഒന്നും നടന്നിട്ടില്ല. അമേരിക്കയും റഷ്യയും തമ്മിലുണ്ടായ സാമ്രാജ്യത്വ മത്സരത്തിന്റെ ഭാഗമായിട്ടായിരുന്നു മനുഷ്യൻ ചന്ദ്രനിലെത്തിയത്. വാസ്തവത്തിൽ അത് പ്രതിരോധത്തിലൂന്നിയ ബഹിരാകാശ മത്സരവും ശക്തിപ്രകടനവുമായിരുന്നു. പൂർണ്ണമായും വിജ്ഞാനാന്വേഷണമായിരുന്നോ എന്ന് സംശയിച്ചാൽ അത് നിഷേധിക്കാൻ സാദ്ധ്യമല്ല. 1959 സെപ്തംബർ 13 ന് റഷ്യയിലെ ലൂനാ 2 എന്ന മനുഷ്യനില്ലാത്ത സ്പേയ്സ് ക്രാഫ്റ്റ് ചന്ദ്രതലം സ്പർശിച്ചു. ഇത് അമേരിക്കയുടെ അഭിമാനത്തെയും മേധാ ശക്തിയെയും ചോദ്യം ചെയ്യുന്നതായിരുന്നു. അതിന് 1969 ജൂലായ് 20 ന് അപ്പോളോ 11 ലൂടെ അമേരിക്ക മറുപടി നൽകി. മനുഷ്യനോടുകൂടിയ ചന്ദ്രപേടകം ചന്ദ്രനിലിറങ്ങി. അമേരിക്കയുടെ ബഹിരാകാശ പ്രതിയോഗി സോവ്യറ്റ് യൂണിയൻ 1990 കളിൽ ഇല്ലാതായതോടുകൂടി കൂടി ബഹിരാകാശ ഗവേഷണത്തിന് മാന്ദ്യം ബാധിച്ചു. അതിന്റെ പ്രാധാന്യം കുറഞ്ഞു. നിങ്ങളറിയുമോ സ്പേയ്സ് എക്സ്പ്ലോറേഷന് അമേരിക്കയിൽ നാസക്ക് മതിയായ ഫണ്ട് അമേരിക്കൻ ഭരണകൂടം അനുവദിക്കുന്നില്ല. കാരണം ബഹിരാകാശ ഗവേഷണം ഒരു പാഴ്ചിലവാണ് എന്ന് കരുതുന്നവരാണ് അമേരിക്കൻ ജനതയിൽ ഭൂരിപക്ഷവും. ബഹിരാകാശ ഗവേഷണം അമേരിക്കക്ക് പ്രത്യക്ഷമായും പരോക്ഷമായും സമ്മാനിച്ച നൂറു നൂറായിരം ഗുണങ്ങൾ എണ്ണിയെണ്ണി പറഞ്ഞ് നാസയുടെ മേലധികാരികൾ ജനങ്ങൾക്കിടയിലും സെനറ്റർമാർക്കിടയിലും കൂടുതൽ ഫണ്ടനുവദിക്കാൻ പ്രചാരണം നടത്തിക്കൊണ്ടിരിക്കുകയാണ്. രാഷ്ട്രീയക്കാർക്ക് ഇത്തരം വൈജ്ഞാനിക വിഷയങ്ങളിലുള്ള താൽപര്യകുറവ് അമേരിക്കയിലായാലും ഇവിടെയായും ഒരുപോലെയാണ്.

എന്താണ് അമേരിക്കയുടെ വിജ്ഞാന വിമുഖതക്കുള്ള കാരണം? വിജ്ഞാനത്തിന്റെ കാര്യത്തിൽ നമ്മെയെല്ലാം ബാധിച്ച ലാഭക്കൊതി തന്നെയാണ് അമേരിക്കൻ വിമുഖതക്കും കാരണം. സ്പേയ്സ് ഗവേഷണം പ്രാഥമികമായി മനുഷ്യന്റെ അറിയാനുള്ള ആഗ്രഹത്തെ ശമിപ്പിക്കാനുള്ള ഏറ്റവും ഉദ്വേഗജനകമായ പദ്ധതിയാണ്. കേവലം അറിവിനോടുള്ള അഭിനിവേശത്തിന്റെ ഏറ്റവും വലിയ മാതൃകയാണ് ബഹിരാകാശ പര്യവേഷണങ്ങൾ. പക്ഷേ മുടക്കിയ പണത്തിന് ഉടനെ ഫലം തരില്ല. ചിലപ്പോൾ ലാഭക്കണക്കിൽ നഷ്ടവുമാണ്. മുതലാളിത്തത്തിന്റെ കടുത്ത പിടിയിലമർന്ന അമേരിക്കയിൽ ലാഭത്തിന്റെ ബലതന്ത്രത്തിനനുസരിച്ചേ വിജ്ഞാനവും വളരൂ. കോർപറേറ്റുകളുടെ വിഹാര ഭൂമിയായ അമേരിക്കയിൽ ഐടി, കമ്പ്യൂട്ടർ, ഫാർമസ്യൂട്ടിക്കൽ, എണ്ണ ഖനനം, വാഹന നിർമ്മാണം മുതലായ രംഗങ്ങളിൽ മുടക്കുന്ന പണത്തിന് ഉടൻ ലാഭം ലഭിക്കുന്ന ധന നിക്ഷേപങ്ങളോടാണ് താൽപര്യം. സോവ്യറ്റ് യൂണിയനുള്ള കാലത്ത് സാമ്രാജ്യത്ത മത്സരമായിരുന്നു. സോവ്യറ്റ് യൂണിയന്റെ തിരോഭാവത്തിന് ശേഷം മൂലധന ശക്തികളുടെ മത്സരം ലാഭമുണ്ടാക്കാനാണ്. വിജ്ഞാനം ലാഭത്തിന്നു വേണ്ടിയാണെങ്കിൽ അത് പ്രോത്സാഹിപ്പിക്കപ്പെടും. അല്ലെങ്കിൽ അവഗണിക്കപ്പെടും. അതാണ് എവിടെയുമുള്ള സ്ഥിതി.

നമ്മുടെ കാര്യം നോക്കാം ഇന്ന് വിൽക്കപ്പെടുന്ന പുസ്തകങ്ങളിൽ മനുഷ്യന് തൊഴിൽ ലഭിക്കാനുള്ള പ്രൊഫഷണൽ പുസ്തകങ്ങളാണ് ഏറ്റവും അധികം വിൽക്കപ്പെടുന്നത്. തൊഴിൽ ലഭിച്ചു കഴിഞ്ഞാൽ വിജ്ഞാനാന്വേഷണം, വായന എന്നീ പരിപാടികൾ എന്നെന്നേക്കുമായി അവസാനിപ്പിക്കുകയാണ് പലരും ചെയ്യുന്നത്. ഖുർആൻ പറഞ്ഞ ഒന്നാമത്തെ കൽപ്പന 'ഇഖ്‌റഅ്' വായിക്കുക എന്നാണ് ബൃഹദാരണ്യ കോപനിഷത്തിലെ പ്രശസ്തമായ ശാന്തി മന്ത്രം ഓർക്കുക. 'അസതോ മാ സദ് ഗമയ തമസോമാ ജ്യോതിർ ഗമയാ മൃത്യോമാ അമൃതം ഗമയാ, ഓം ശാന്തി ശാന്തി'.

## ജ്ഞാനം എന്നതിന്റെ ആത്മീയാർത്ഥം

ജ്ഞാനം എന്നത് പുസ്തകജന്യമായ അറിവ് മാത്രമല്ല. മനുഷ്യന്റെ ധാർമിക ഗുണങ്ങൾ ക്രിയാരൂപം ആർജ്ജിച്ച് അത് കർമ്മപഥത്തിലാവുമ്പോൾ അതിന്റെ അനുഭൂതികൾ ഹൃദയത്തിൽ മുദ്രിതമാവുന്നു. ഇതാണ് യഥാർത്ഥ ജ്ഞാനം. ഈ ജ്ഞാനാഭിരുചിയാണ് നാം സ്വയം വളർത്തുകയും കുട്ടികളിൽ വളർത്തിയെടുക്കുകയും ചെയ്യേണ്ടത്. ഇത്തരം ജ്ഞാനാഭിരുചിയെ ശമിപ്പിക്കുന്ന എന്തെങ്കിലും ശ്രമം ബോധപൂർവ്വം നാം നടത്തേണ്ടതുണ്ട്. വിജ്ഞാനം എന്ന പോലെ ധാർമികമായഗുണങ്ങൾ ആർജ്ജിക്കാനുള്ള അഭിവാ

ഞ്ചയും മനുഷ്യനിലുണ്ട് എന്ന് മാത്രമല്ല അത് മാത്രമാണ് മാനുഷത യുടെ യഥാർത്ഥ മുദ്രയായി ഗണി ക്കപ്പെടുക.

മനുഷ്യൻ നന്മ ചെയ്യുന്നത് കുടുംബത്തിൽ നിന്നും പുസ്തക ങ്ങളിൽ നിന്നും മതപാഠശാലയിൽ നിന്നോ മദ്രസകളിൽ നിന്നോ വിദ്യാലയങ്ങളിൽ നിന്നോ പഠിച്ച അറിവുകൊണ്ടല്ല. മനുഷ്യനെ സൃഷ്ടിച്ച ദൈവം മനുഷ്യ ഹൃദയ ത്തിൽ നിക്ഷേപിച്ച നന്മയുടെ ബീജങ്ങൾ കൊണ്ടാണ്. അല്ലാഹു ഖുർആനിൽ പറയുന്നു. **'വിശ്വാസി കളെ ദൈവം സത്യ വിശ്വാസത്തെ നിങ്ങൾക്ക് പ്രിയകരമാക്കുകയും അതിന്റെ സൗന്ദര്യത്തെയും സൗഭാഗ്യത്തെയും നിങ്ങളുടെ ഹൃദയത്തിൽ പതിപ്പിക്കുകയും അവിശ്വാസത്തെയും അധർമ്മ ത്തെയും പാപത്തെയും കുറിച്ച് നിങ്ങൾക്ക് വിരക്തി ജനിപ്പിക്കു കയും ദോഷമാർഗ്ഗങ്ങളെല്ലാം നിഷിദ്ധമാണെന്ന് നിങ്ങൾക്ക് ബോദ്ധ്യം വരുത്തുകയും ചെയ്തി രിക്കുന്നു.' (അൽഹുജുറാത്ത് 49: 8,9)** വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ജ്ഞാനം എന്താണ് എന്നതിനെ പറ്റി പറയുന്നു:

'മനസ്സിലും തലചോറിലും ജ്ഞാനരൂപമായി സ്ഥിതിചെയ്യുന്ന ക്ഷമ, പ്രതിക്രിയാ, ബോധനം, സഹനം, കരുണ തുടങ്ങിയ ധാർമിക ഗുണങ്ങളെല്ലാം ക്രിയാരൂ പേണ തുടങ്ങി ഹൃദയത്തിലോ തലച്ചോറിലോ ശേഖരിതമായ ജീവി താനുഷ്ഠാനത്തിൽ വരാത്ത അറി വിന് ഒരു മേന്മയുമില്ലെന്നാണ്. തലച്ചോറിൽ നിന്നും അഥവാ സ്മൃതി പഥത്തിൽ നിന്ന് നിർഗ്ഗളിച്ച് ക്രിയാ രൂപേണ വെളിയിൽ വരുകയും സകലേന്ദ്രിയങ്ങളിലും പ്രതിഫലിക്കുകയും ചെയ്യുന്ന അറിവാകുന്നു. യഥാർത്ഥ ജ്ഞാനം. (ഇസ്ലാം മതതത്വജ്ഞാനം പേ 223)

കർമ്മ മാർഗ്ഗത്തിൽ ജീവിത മാതൃകകളിലൂടെയാണ് ഇത്തരം അറിവുകൾ മറ്റുള്ളവരിൽ പകരുന്ന ത്. അതാണ് ധാർമിക ജ്ഞാനങ്ങ ൾ ആർജ്ജിക്കാൻ മനുഷ്യനെ പ്രേരിപ്പിക്കുക. പുസ്തകങ്ങളിലും കഥകളിലും ചരിത്രത്തിലും അത്ത രം ജ്ഞാനങ്ങൾ സങ്കൽപ്പരൂപത്തി ലുണ്ടാവാം. ചര്യകളും കർമ്മജീവി തവുമാണ് മനുഷ്യനെ അനുകരി ക്കാനും പ്രവർത്തിക്കാനും പ്രചോ ദിപ്പിക്കുക.

## വിജ്ഞാനം മനുഷ്യനിലുണ്ടാക്കുന്ന പരിണിതിയും ആശങ്കകളും

നാം ഇപ്പോൾ വിജ്ഞാനത്തി ന്റെ സൂപ്പർ ഹൈവേയിലൂടെയാണ് സഞ്ചരിക്കുന്നത്. പഴയത് പോലെ ഒരു പുസ്തകമോ വിവരമോ ലഭിക്കാൻ ഗുരുവിനെ തേടിയോ ഗ്രന്ഥാലയം തേടിയോ പുസ്തക ശാല തേടിയോ അലയേണ്ടതില്ല. ഈ ഇന്റർനെറ്റ് യുഗത്തിൽ വിജ്ഞാന വിസ്പോടനമാണ് നടന്നത്. എല്ലാം വിരൽ തുമ്പിൽ നമുക്ക് ലഭിക്കും പണമുണ്ടെങ്കിൽ പുസ്തകം മാത്രമല്ല. മീനും പച്ചക്കറിയും ആഹാരവും എല്ലാം നമ്മുടെ വീട്ടു പടിക്കൽ നമ്മെ കാത്തു നിൽക്കുകയാണ്. ദിവസ വും ഒരു പാട് കാര്യങ്ങൾ നാം വായിക്കുകയും കാണുകയും ചെയ്യുന്നുണ്ട്. പക്ഷേ നമ്മുടെ മാനവീയതയെയും ധിഷണാശേഷി യേയും വർദ്ധിപ്പിക്കുന്ന രീതിയിലു ള്ള വായന എത്രപേർ നടത്തുന്നു ണ്ട് എന്നതാണ് പ്രശ്നം.

ഡിജിറ്റൽ ടെക്നോളജിയും ആർട്ട്ഫിഷ്യൽ ഇന്റലിജൻസും കൂടി മനുഷ്യനെ ആമൂലാഗ്രം മാറ്റിക്കൊണ്ടിരിക്കുകയാണ്. ജൈവമനുഷ്യന്റെ കഴിവുകൾ ഇവ കവർന്നെടുത്ത് മനുഷ്യന്റെ ബുദ്ധി ശക്തിയെ ക്രമേണ നശിപ്പിക്കുക യും മനുഷ്യനെ പരാശ്രയനാക്കുക യും ചെയ്യുമോ?. ചെറിയൊരു ഉദാഹരണം പറയാം. മോബൈൽ ഫോൺ 1994 കാലഘട്ടത്തിലാണ് ഇന്ത്യയിൽ വന്നത്. വ്യാപകമായി മൊബൈലിന്റെ ഉപയോഗം വന്നിട്ട് ഏകദേശം പത്ത് പതിനഞ്ച് വർഷ മായി. മൊബൈൽ വരുന്നതിന് മുമ്പ് നമുക്ക് എത്രപേരുടെ ഫോൺ നമ്പർ ബൈഹാർട്ട് അറിയാമാ യിരുന്നു. ഇപ്പോൾ എത്ര പേരുടേ തറിയാം? കണക്ക് കൂട്ടാൻ കാൽകു ലേറ്റർ വന്നതോടെ നമ്മുടെ കണക്ക് കൂട്ടാനുള്ള കഴിവും ചോർന്നു പോയിരിക്കുന്നു. നാം ഇങ്ങനെ നമ്മുടെ സഞ്ചിത വിജ്ഞാനത്തിൽ രഥയാത്ര നടത്തിയാണ് വിജയങ്ങൾ കൊയ്യുന്നത്. നാഗരിക മനുഷ്യന്റെ ഇത്തരം കണ്ടെത്തലുകൾ അവനെ സിവിലൈസ്ഡ് ആക്കി മാറ്റുന്നു ണ്ടെങ്കിലും മനുഷ്യന്റെ സർഗ്ഗശേ ഷിയിൽ നിന്നും ഓർഗാനിക്ക് സ്വഭരൂപങ്ങളിൽ നിന്നും ഗുണത്തി ൽ നിന്നും മനുഷ്യൻ പിന്നോട്ട് പോവുകയല്ലേ?

ആർട്ടിഫിഷ്യൽ ഇന്റലിജൻസി ന്റെ അതായത് നിർമ്മിത ബുദ്ധി യുടെ അത്ഭുത ലോകത്തേക്കാണ് നാം പ്രവേശിച്ചിരിക്കുന്നത്. ഓക്സ് ഫോർഡ് യൂണിവേഴ്സിറ്റി ശാസ്ത്ര ജ്ഞർ നടത്തിയ ഒരു പഠനത്തിൽ അടുത്ത വർഷത്തോടെ 2024 ഓടെ ഭാഷകൾ വിവർത്തനം ചെയ്യുന്ന തിൽ മനുഷ്യനെക്കാൾ മികച്ചതായി കമ്പ്യൂട്ടർ വരുമെന്നാണ് പറയുന്നത്. ഒർജിനൽ രചനകൾ മനുഷ്യന്റെ ഒരു സർഗ്ഗ സൃഷ്ടി ആയത് കൊണ്ടായിരിക്കാം സാങ്കേതികത്വ ത്തിന് പ്രാമുഖ്യമുള്ള വിവർത്തന ത്തിലാണ് ആർട്ടിഫിഷ്യൽ ഇന്റലി ജൻസ് മനുഷ്യനെ കവച്ചു വെക്കു മെന്ന് ഗവേഷകന്മാർ പ്രവചിച്ചത്. ഇപ്പോൾ തന്നെ നല്ല വിവർത്തന ങ്ങൾ തരുന്ന ഗൂഗിൾ ആപ്പുകൾ ഉണ്ട്. മനുഷ്യനും കമ്പ്യൂട്ടറുമായു ള്ള ചെസ്സുകളി ബലാബലത്തിൽ നിൽക്കുകയാണ് ലോക ചെസ്സ് ചാമ്പ്യൻ ഗാരി ഗാസ്പറോവും ഐ ബി യം കമ്പ്യൂട്ടർ ഡീപ് ബ്ലൂവും തമ്മിൽ തോറ്റും ജയിച്ചും വർഷങ്ങ ളായി നടക്കുന്ന ചെസ്സ് കളി പ്രശസ്തമാണല്ലോ. കമ്പ്യൂട്ടറിന്റെ പ്രോഗ്രാം ചെയ്യപ്പെട്ട കൃത ബുദ്ധി ക്ക് കുറേ മനുഷ്യബുദ്ധിയുടെ സപ്പോർട്ട് ഉണ്ടെങ്കിൽ പ്രതിയോഗി യായ മനുഷ്യൻ അവന്റെ സ്വന്തം

മസ്തിഷ്ക്കത്തെ മാത്രമാണ് ആശ്രയിക്കുന്നത്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിലൂടെ ലോകത്തെ ഏത് ഭാഷക്കാരുമായും സംസാരിക്കാൻ കഴിയുന്ന Chatbot ആപ്പുകൾ ഇന്റർനെറ്റിൽ സമീപഭാവിയിൽ തന്നെ വരും. ഇപ്പോൾ ഇന്റർനെറ്റിൽ ChatGPT വ്യക്തികളോട് ചോദ്യോത്തര രൂപത്തിൽ സംവദിക്കാൻ ശേഷിയുള്ള സർച്ച് എഞ്ചിനുകൾ വരാൻ പോകുകയാണ്. വിജ്ഞാനാന്വേഷകന്റെ അഭിരുചികൾ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജന്റ് ഉപയോഗിച്ച് നമ്മുടെ ഇഷ്ടമറിഞ്ഞ് കത്തുകൾ എഴുതാനും സർഗ്ഗസൃഷ്ടികൾ എഡിറ്റ് ചെയ്യാനും വിവർത്തനം ചെയ്യാനും ലേഖനങ്ങൾ എഴുതാനും ചാറ്റ് ജിപിടി ഒരു പണ്ഡിതനായ കൂട്ടുകാരനെ പോലെ നിങ്ങളെ സഹായിക്കുമെന്നാണ് പറയുന്നത്. മൈക്രോ സോഫ്റ്റും ഗൂഗിളും ഇത്തരം ഒരു സെർച്ച് എഞ്ചിനു വേണ്ടിയുള്ള മത്സരത്തിലാണ്.

ഡ്രൈവറില്ലാതെ ഓടുന്ന കാറുകൾ സമീപ ഭാവിയിൽ തന്നെ കേരളത്തിലെ നിരത്തുകളിൽ തന്നെ നമുക്ക് കാണാനാകും വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട് മനുഷ്യ ശരീരത്തിലെ വിവിധതരം പരിശോധനകൾ ഇപ്പോൾതന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസാണ് നിർവ്വഹിക്കുന്നത്. ദൂരെയിരുന്ന് ഡോക്ടർക്ക് നിങ്ങളുടെ ഓപ്പറേഷൻ നടത്താം അങ്ങനെ എണ്ണമറ്റ സൗകര്യങ്ങൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസും കമ്പ്യൂട്ടറുകളും ഇന്റർനെറ്റും റോബോട്ടുകളും കൂടി നിർവ്വഹിക്കുമ്പോൾ തീർച്ചയായും മനുഷ്യ ജീവിതം സുഖകരമാകുന്നു. മനുഷ്യൻ ബുദ്ധികൊണ്ടും അവന്റെ അവയവം കൊണ്ടും ചെയ്യേണ്ട പ്രവർത്തികൾ ദീർഘകാലം ചെയ്യാതിരുന്നാൽ അത് മനുഷ്യന്റെ ദീർഘകാല പരിണാമത്തെ എങ്ങനെ ബാധിക്കും എന്നത് പരിശോധിക്കേണ്ടതാണ്. ഒരവയവം ദീർഘനാൾ ഉപയോഗിക്കാതിരുന്നാൽ ആ അവയത്തിന് ശോഷണം സംഭവിക്കുമെന്നത് ചാൾസ് ഡാർവിന്റെ പരിണാമവാദത്തിലെ പ്രധാനപ്പെട്ട ഒരു നിയമമാണെന്ന് നാം ഓർക്കണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ നിർമ്മിതലോകത്ത് ജീവിച്ചുകൊണ്ട് ഇനിയങ്ങോട്ടുള്ള മനുഷ്യന്റെ വളർച്ച മാനവരാശിയെ എങ്ങനെ ബാധിക്കുമെന്നതിനെ പറ്റി പല ഗവേഷണങ്ങളും പഠനങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്.

നമ്മുടെ ചിന്തയെ ഭാഷയായും സ്വനാവയവങ്ങളിലൂടെയും പ്രവർത്തിപ്പിച്ച് ശബ്ദതരംഗങ്ങളാക്കുന്നത് മസ്തിഷ്ക്കത്തിലെ ന്യൂറോൺ സ്പന്ദനങ്ങളാണല്ലോ. അംഗവൈകല്യം ബാധിച്ചവർക്കും പേശികൾ തളർന്ന് രോഗികളായി തീർന്നവരും അവരുടെ മസ്തിഷ്ക്കം ചിന്തിക്കുമ്പോഴുണ്ടാകുന്ന ബ്രെയ്ൻ സിഗ്നലുകൾ ഉപയോഗിച്ച് അവരുടെ തന്നെ അവയവങ്ങളെ ചലിപ്പിക്കാനാവും. വൈദ്യശാസ്ത്ര രംഗത്ത് മനുഷ്യന് ഗുണകരമായ ഒരു കുതിച്ചു ചാട്ടമാണ് ഈ ഗവേഷണങ്ങൾ നൽകുന്നത്. തലയിൽ ഒരു മില്ലീമീറ്റർ ആഴത്തിൽ മുറിവുണ്ടാക്കി തലനാരിഴ വലുപ്പത്തിലുള്ള ബ്രെയ്ൻ ഇംപ്ലാന്റ് എന്ന ഇലക്ട്രോണിക്ക് ചിപ്പുകൾ മുഖേനയാണ് ഇത് സാധിക്കുന്നത്. അതിന്റെ വാണിജ്യപരമായ ഉപയോഗമാണ് എലോൺ മസ്ക് എന്ന താരമൂല്യമുള്ള അമേരിക്കൻ കോർപറേറ്റ് ഭീമന്റെ ന്യൂറ ലിങ്ക് എന്ന കമ്പനി ഇപ്പോൾ ഏറ്റെടുത്ത് നമ്മെ ഞെട്ടിച്ചിരിക്കുന്നത്. ഈ ബ്രെയ്ൻ ഇംപ്ലാന്റുകൾ മസ്തിഷ്ക്കത്തിന്റെ ചിന്താശക്തി കൊണ്ട് സ്വന്തം അവയവങ്ങളെ മാത്രമല്ല അത് ട്രാൻസ്മിറ്റ് ചെയ്ത് കമ്പ്യൂട്ടറുകളെയും യന്ത്രങ്ങളെയും ചുറ്റുമുള്ള ഉപകരണങ്ങളെയും പ്രവർത്തിപ്പിക്കാൻ സാധിക്കും എന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. സംസാരമില്ലാതെ മസ്തിഷ്ക്കം ചിന്തിക്കുമ്പോൾ ആ ബ്രെയ്ൻ തരംഗങ്ങളെ നേരിട്ട് ഡിജിറ്റൽ കമാന്റുകളാക്കി പ്രവർത്തിപ്പിച്ച് യന്ത്രങ്ങളെ നിയന്ത്രിക്കാനും മറ്റുള്ളവരുമായി സംവദിക്കാനും സാധിക്കും. അപ്പോൾ നമ്മുടെ സംസാരിക്കാനുപയോഗിക്കുന്ന പ്രിയപ്പെട്ട അവയങ്ങളുടെ പണി കുറഞ്ഞാൽ ഭാഷണകലക്കും അവയവത്തിനും ശോഷണം സംഭവിക്കില്ലേ? വിജ്ഞാനത്തിന്റെ തരംഗമാലകൾ മനുഷ്യജീവിതത്തിനും മനുഷ്യന്റെ അനാട്ടമിയിലും ഉണ്ടാക്കുന്ന പരിണാമങ്ങൾ ദ്രുതവേഗം കൈവന്നിരിക്കുകയാണ്.

മറ്റൊന്ന് വാടക പ്രസവമാണ്. ഇന്ത്യയിൽ തന്നെ Surrogacy Rule 2022 പ്രകാരം വാടക പ്രസവം നിയമ വിധേയമാണ്. പക്ഷേ വാണിജ്യാടിസ്ഥാനത്തിൽ പാടില്ല. പല സെലിബ്രിറ്റികളും 9 മാസം ഗർഭം ചുമന്ന് നടക്കുന്നത് അവരുടെ പ്രൊഫഷനും ശരീരസൗന്ദര്യത്തെയും ബാധിക്കുന്നത് കൊണ്ട് ബീജവും അണ്ഡവും ലാബുകളിൽ വെച്ച് സങ്കലനം ചെയ്ത് വാടകക്ക് ഒരു സ്ത്രീയെ കണ്ടെത്തി പ്രസവം നടത്തി കുഞ്ഞുങ്ങൾക്ക് ജന്മം കൊടുക്കുന്ന രീതിയാണ് നിലവിൽ വന്നിരിക്കുന്നത്. ഒമ്പതുമാസം ചുമന്ന് നൊന്തുപെറ്റു പ്രസവിക്കുന്ന സമ്പ്രദായം പഴഞ്ചനായി മാറുമോ? അല്ലെങ്കിൽ തന്നെ മറ്റുജീവജാലങ്ങൾ പ്രത്യുൽപ്പാദനം വളരെ സ്വഭാവികമായി നിർവ്വഹിക്കുമ്പോൾ ഗർഭധാരണവും പ്രസവവും ഒരു ആതുരാവസ്ഥ പോലെ ആശുപത്രിയുമായി ബന്ധപ്പെട്ട ഒരു സംഗതിയായി നാം മാറ്റിയിരിക്കുന്നു. പണവും സൗകര്യവുമുള്ളവർ സ്വയം പ്രസവിക്കുന്ന രീതി ഇല്ലാതാവുമോ?

പാശ്ചാത്യ നാടുകളിൽ സ്വവർഗ്ഗ വിവാഹവും അവർക്ക് കുഞ്ഞുങ്ങളെ ദത്തെടുക്കലും അനന്തരാവകാശ നിയമവും ബാധകമാക്കി കൊണ്ടുള്ള അതിപുരോഗമന നിയമം വന്നു കഴിഞ്ഞു. കൂടാതെ ജനിറ്റിക്സിൽ മനുഷ്യന്റെ മൂലകോശങ്ങളിൽ നടക്കുന്ന ഗവേഷണങ്ങളും നമ്മെ ആശങ്കപ്പെടുത്തുന്നു. എല്ലാ ശാസ്ത്ര മുന്നേറ്റങ്ങളും തെറ്റെന്നും എല്ലാം തിന്മയാ

ണെന്ന സമീപനവും ശരിയല്ല. പക്ഷേ എല്ലാറ്റിനുമെന്ന പോലെ ധാർമിക ചിന്തയും വിവേചന ബോധവും ഇക്കാര്യത്തിൽ ഇല്ലാതായാൽ അത് നമ്മുടെ അസ്തിത്വ പ്രശ്നമായി മാറും. മനുഷ്യന്റെ സ്വാർത്ഥ ലക്ഷ്യങ്ങൾക്ക് വേണ്ടി വിജ്ഞാന മുപയോഗിച്ച് ലാഭം കൊയ്യാൻ നോക്കുന്നതാണ് അപകടം. കോടാനു കോടി വർഷങ്ങൾ കൊണ്ട് പ്രകൃതി സ്വരുപിച്ചെടുത്ത മനുഷ്യന്റെ പ്രത്യുൽപാദന സമ്പ്രദായത്തെ ജനിതക ശാസ്ത്രവും വാടക പ്രസവവും തകിടം മറിക്കുമോ? കൊറോണ രോഗം ലാബട്ടറിയിൽ ജനിതക വ്യതിയാനം വരുത്തുന്നതിനിടയിൽ സംഭവിച്ച ഒരു കൈയബദ്ധമാണ് എന്ന ആരോപണം നിലനിൽക്കുന്നുണ്ടെന്ന കാര്യം നാം മറക്കരുത്.

## വിശുദ്ധ ഖുർആന്റെ താക്കീത്

'വിജ്ഞാനത്തിന്റെ മാനവീയത' എന്ന ഈ ചർച്ചയുടെ അവസാനത്തിൽ വിദൂര ഭാവിയിൽ മനുഷ്യന്റെ സ്വഭാവ ഗുണത്തെക്കാൾ Humanity മനുഷ്യ ജീവാവസ്ഥക്ക് Humeneness സംഭവിക്കാൻ പോവുന്ന വിരൂപണത്തെ സംബന്ധിച്ചാണ് ഞാൻ ആശങ്കപ്പെടുന്നത്. മനുഷ്യൻ തന്നെ നിർമ്മിച്ച ഒരു കൃത്രിമ ലോകത്തും ഒരു പരിസ്ഥിയിലും ആവാസ വ്യവസ്ഥയിലും ദീർഘകാലം നാം ജീവിക്കുകയാണെങ്കിൽ നമ്മുടെ പല അവയവങ്ങളുടെയും പ്രവർത്തന ക്ഷമത ഇല്ലാതാവുകയും നമ്മുടെ മനുഷ്യശേഷിക്ക് അവശോഷണം സംഭവിക്കുകയും ഹോമോസാപിയൻസ് എന്ന മനുഷ്യജീവിക്ക് വിരൂപണം സംഭവിക്കുകയും ചെയ്തേക്കാം. മനുഷ്യൻ മറ്റൊരു ജീവിയായി മാറ്റപ്പെടുമോ എന്നും സന്ദേഹിക്കാവുന്നതാണ്.

ഏതായാലും ഈ വിഷയങ്ങൾ ശാസ്ത്രത്തിന്റെ നിരീക്ഷണ മണ്ഡലത്തിൽ അജ്ഞാതമായി നിൽക്കുകയാണ്. നമ്മെയെല്ലാം തെല്ല് ആശങ്കപ്പെടുത്തുകയും അതോടൊപ്പം കൗതുകമുണർത്തുകയും ചെയ്യുന്ന മൂന്ന് അനിഷേധ്യമായ ഖുർആൻ വചനങ്ങൾക്ക് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് തന്റെ Revelation Rationality Knowledge And Truth എന്ന പുസ്തകത്തിൽ പരാമർശിച്ച കാര്യം ഉണർത്തിക്കൊണ്ട് ഞാൻ എന്റെ സംസാരം അവസാനിപ്പിക്കാം.

ഖുർആൻവചനങ്ങൾ ഇവിടെ ഭൂമിയിൽ തന്നെ ആവിർഭവിക്കുന്ന പുതിയ ജീവി രൂപങ്ങളുടെ ആകൃതിയെപ്പറ്റി വ്യക്തമായ ഒരു ചിത്രം നൽകുന്നുണ്ട്. അതായത് മനുഷ്യന്റെ തന്നെ രൂപം മാറ്റിക്കൊണ്ട് മനുഷ്യന്റെ സ്ഥാനത്ത് പകരമുണ്ടാവുന്ന, അവനിൽ നിന്ന് വ്യത്യസ്തനായ പുതിയ ജീവിരൂപത്തെ പറ്റിയാണ് ഖുർആൻ വ്യക്തമായും പറയുന്നത്.

**'അല്ലാഹു ആകാശങ്ങളേയും ഭൂമിയേയും യാഥാർത്ഥ്യത്തിന് (ഹഖ്) നിരക്കുന്ന വിധത്തിൽ സൃഷ്ടിച്ചത് നീ കാണുന്നില്ലേ? അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങളെ അവൻ നശിപ്പിക്കുകയും നിങ്ങളുടെ സ്ഥാനത്ത് ഒരു പുതിയ സൃഷ്ടിയെ (ബി ഖൽക്കിം ജദീദാ) കൊണ്ടുവരികയും ചെയ്യുന്നതാണ്. അല്ലാഹുവിന് അത് പ്രയാസമുള്ള കാര്യമല്ല.'**(14: 20)

ഈ വചനങ്ങൾ ഒരിക്കലും തന്നെ മരണാനന്തര ജീവിതത്തെപ്പറ്റിയുള്ളതല്ല. ഈ വചനത്തിൽ ഉപയോഗിച്ച 'ഇൻ' (*ഇൻ യശാ ഉ* )എന്ന സോപാധിക വിഭക്തി (Conditional Preposition)യുടെ അർത്ഥം 'എങ്കിൽ'(If) എന്നാണ്. ഇതൊരിക്കലും മരണാനന്തര ജീവിതത്തെക്കുറിച്ചല്ല ഉദ്ദേശിച്ചത് എന്ന് വ്യക്തമാണ്. മരണാനന്തര ജീവിതത്തെക്കുറിച്ചാണെങ്കിൽ ഇവിടെ ഉപയോഗിച്ച 'എങ്കിൽ' എന്ന ഉപാധി പരലോക ജീവിതത്തിന്റെ അസ്തിത്വത്തെക്കുറിച്ച് സംശയത്തിലാണെന്ന് പറയേണ്ടി വരും. എന്നാൽ, മുഴുവൻ ഖുർആനിക വചനങ്ങളിലും പരലോക ജീവിതം യാതൊരു ഉപാധിയും കൂടാതെ സംഭവിക്കുന്ന ഒരു യാഥാർത്ഥ്യമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. നാം ചർച്ച ചെയ്യുന്ന ഈ വചനത്തിൽ മനുഷ്യനെ മാറ്റി പകരം മനുഷ്യനെ പോലെയുള്ള മറ്റൊരു ജീവിയെ കൊണ്ടു വരുമെന്നല്ല പറയുന്നത്. ഒരു പുതിയ സൃഷ്ടിയെ 'ഖൽഖ്' കൊണ്ടു വരുമെന്നാണ് ഖുർആൻ വ്യക്തമായും പറയുന്നത്. അതായത് മുഴുവൻ മനുഷ്യ വർഗ്ഗത്തിന്റേയും അസ്തിത്വത്തെ മറ്റൊരു രൂപത്തിൽ മാറ്റുമെന്നാണ്.

മനുഷ്യനെ പോലെ തന്നെ സകല പ്രപഞ്ചവും യാഥാർത്ഥ്യം (ഹഖ്) കൊണ്ടാണ് സൃഷ്ടിച്ചിട്ടുള്ളത്. അപ്രകാരം തന്നെ സൃഷ്ടിയുടെ പരമോന്നത സ്ഥാനമായ മനുഷ്യനും. മരണാനന്തര ജീവിതത്തിൽ നിന്ന് വിഭിന്നമായി മനുഷ്യനെ അതിവർത്തിക്കുന്ന കഴിവുകളുള്ള ഭൂമിയിലുണ്ടാകുന്ന വ്യത്യസ്തമായൊരു രൂപത്തെക്കുറിച്ചാണ് ഇവിടെ ഖുർആൻ സംസാരിക്കുന്നത്.

**'അവരെ സൃഷ്ടിച്ചതും അവരുടെ ശരീരഘടനയെ ബലപ്പെടുത്തിയതും നാമാണ്. നാം ഉദ്ദേശിക്കുന്നതായാൽ അവരുടെ രൂപം തികച്ചും വ്യത്യസ്തമായ മറ്റൊരു രൂപത്തിൽ നാം മാറ്റിക്കളയുന്നതാണ്.'** (76:29)

വീണ്ടും ഖുർആൻ പറയുന്നു:

**'അല്ല കിഴക്കിന്റേയും പടിഞ്ഞാറിന്റേയും നാഥനെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു. തീർച്ചയായും നാം അവരുടെ സ്ഥാനത്ത് അവർക്ക് പകരം അവരേക്കാൾ ഗുണമേൻമയുള്ളവരെ പകരം കൊണ്ടുവരുവാൻ കഴിവുള്ളവനാണ്.'** (70:41–42)

നാം (നമ്മുടെ) പദ്ധതിയെ വൃഥാവിലാക്കുന്നവനല്ല. പകരം കൊണ്ടു വരുന്ന സൃഷ്ടിയെ പറ്റി

ശേഷം പേജ് 31 ൽ

പുസ്തകാവ
ലോകനം

# പ്രപഞ്ചത്തിൽ നാം തനിച്ചോ?




സമയം പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച 'പ്രപഞ്ചത്തിൽ നാം തനിച്ചോ?' എന്ന പുസ്തകത്തിന് എഴുതിയ അവതാരിക.

പ്രൊഫ. മഹ്മൂദ് അഹ്മദ്

നമ്മുടെ സാഹിത്യത്തിൽ ചിന്തയുടേയും യുക്തിയുടേയും ശാസ്ത്ര സാങ്കേതിക ജ്ഞാനത്തിന്റേയും വഴി തുറന്നു തന്ന ഒരു എഴുത്തുകാരനാണ് എ. എം. മുഹമ്മദ് സലീം. ഒട്ടേറെ മികച്ച ലേഖനങ്ങളും പരിഭാഷാഗ്രന്ഥങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. മതസാഹിത്യ രംഗത്ത് അദ്ദേഹം മുന്നണിയിൽ തന്നെയാണ്. ബഹുമുഖ പ്രതിഭയായ എ. എം. സലീമിന്റെ വിജ്ഞാനക്കലവറയിലെ പല സന്ദർഭങ്ങളിലായി എഴുതിയ എണ്ണം പറഞ്ഞ ശേഖരങ്ങളിൽ ചിലതാണ് 'പ്രപഞ്ചത്തിൽ നാം തനിച്ചോ?' എന്ന ഗ്രന്ഥത്തിലൂടെ നമ്മുടെ മുന്നിലെത്തുന്നത്.

എ. എം. സലീം 'സത്യദൂതൻ' പത്രാധിപരാണ്. മലയാളത്തിലെ ആദ്യത്തെ മുസ്‌ലിം മാസികകളിൽ പ്രഥമ സ്ഥാനീയമാണ് സത്യദൂതന്റേത്. അതിന്റെ ഇപ്പോഴത്തെ പത്രാധിപരായ സലീം ഗവേഷണാത്മക പത്രപ്രവർത്തനത്തിന്റെ ആചാര്യസ്ഥാനത്ത് തന്നെയുണ്ട്.

ഇപ്പോൾ പ്രകാശനം ചെയ്യപ്പെടുന്ന 'പ്രപഞ്ചത്തിൽ നാം തനിച്ചോ?' എന്ന പ്രബന്ധ സമാഹാരം നമ്മുടെ ബുദ്ധിമണ്ഡലത്തിൽ സോപാന സംഗീതങ്ങളായാണ് പെയ്തു തീരുക. ഇവ വായിച്ചു തീർക്കുമ്പോൾ ഒരു ക്ലാസിക് കൃതിയുടെ ധിഷണാപ്രഭാവത്തിലാവും നാം.

പൂർവ്വികന്റെ ചരിത്രം തേടിയ 'പേബോയ്ക്ക്' ആണ് ഇത്തവണത്തെ വൈദ്യശാസ്ത്ര നോബൽ സമ്മാനം. മനുഷ്യപരിണാമത്തിന്റെ ജനിതക രഹസ്യം തേടുകയായിരുന്നു 'പേബോയ്'. നാമെങ്ങനെ നമ്മളായി എന്ന് അന്വേഷിക്കുകയായിരുന്നു അദ്ദേഹം. എ. എം. സലീം ഈ കൊച്ചുകേരളത്തിൽ നിന്ന് നോബൽ ജേതാവിന്റെ കണ്ടെത്തലിന്റെ ചരിത്രചാരുത അവരന്യോന്യം അറിയാതെ തന്നെ പഠന വിധേയമാക്കുന്നു.

'പ്രപഞ്ചത്തിൽ നാം തനിച്ചോ' എന്ന പ്രബന്ധസമാഹാരം അറിവിനെ എങ്ങനെ ലഘൂകരിക്കാമെന്നതിനും മധുരീകരിക്കാമെന്നതിനും തെളിവാണ്.' "ഏകാന്തതയുടെ അപാരതീരത്തിലൂടെ ഭൂമിതന്റെ ജീവീ പരിവാരങ്ങളുമായി പ്രപഞ്ചത്തിൽ ഒറ്റക്ക് കറങ്ങിത്തിരിയുകയാണോ? മനുഷ്യസമൂഹത്തിന്റേയും അവന്റെ സഹജീവികളുടേയും ചിന്തകളും അനുഭൂതികളും പങ്കിടാൻ അന്യഗ്രഹജീവികളോ മറ്റു ഭൗമേതര നാഗരികതകളോ നമ്മുടെ പ്രപഞ്ചത്തിലുണ്ടോ?" എന്ന ചിന്തയിലൂടെ ആരംഭിക്കുന്ന ഈ ഗ്രന്ഥം മനുഷ്യ മനസ്സിലെ അന്തർ മണ്ഡലത്തിന്റെ ബോധപ്രവാഹത്തിലാണ് വിരൽ തൊടുന്നത്. അല്ലെങ്കിലും 'പാവങ്ങൾ' എന്ന വിശ്വവിഖ്യാതമായ നോവൽ നമുക്ക് പരിഭാഷപ്പെടുത്തിത്തന്ന മലയാളത്തിന്റെ പ്രിയകവി നാലാപ്പാട്ട് നാരായണമേനോൻ 'കണ്ണുനീർത്തുള്ളി' എന്ന കവിതയിലൂടെ ആ ചോദ്യം നമ്മുടെ മനസ്സിൽ എറിഞ്ഞു തന്നതാണല്ലോ.

അനന്ത,മജ്ഞാത,മവർണ്ണനീയ
മീ ലോകഗോളം തിരിയുന്ന മാർഗം;
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്ത്യൻ കഥയെന്തു കണ്ടു!"

ആ കഥതേടിയാണ് ഗ്രന്ഥകാരൻ പുറപ്പെട്ടിരിക്കുന്നത്. അതും സ്ഫുടസുന്ദരമായ സുതാര്യഭാഷയിൽ.

ഭൂമിയിൽ മാത്രമേ ജീവനുള്ളുവെന്നും ഭൂമിയാണ് പ്രപഞ്ചകേന്ദ്രം എന്നുമുള്ള ഭൂകേന്ദ്ര പ്രപഞ്ചവീക്ഷണം മധ്യകാലഘട്ടത്തിലെ ഒരു യാഥാസ്തിതിക ക്രിസ്ത്യൻ വീക്ഷണമായിരുന്നു. പതിനാറാം നൂറ്റാണ്ടിൽ നവോത്ഥാന ഭൗതികശാസ്ത്രജ്ഞനായിരുന്ന കോപ്പർനിക്കസ് 'സൂര്യകേന്ദ്രസിദ്ധാന്തം' അവതരിപ്പിച്ചുകൊണ്ട് ഭൂകേന്ദ്ര സിദ്ധാന്തം തിരുത്തിക്കുറിച്ചു.

ഇവിടെയാണ് വിശുദ്ധഖുർആന്റെ പ്രപഞ്ചവീക്ഷണം ഗ്രന്ഥകാരന്റെ ചിന്തയെ മനനം ചെയ്തത്. ആ വിശുദ്ധഗ്രന്ഥം പറയുന്നതിങ്ങനെ: 1) അതിബൃഹത്തായ ഈ പ്രപഞ്ചം മഹാവിസ്ഫോടനത്തിലൂടെയാണ് നിലവിൽ വന്നത്. 2) വിസ്ഫോടനത്തിനുശേഷം അതു

വികസിച്ചുകൊണ്ടിരുന്നു. 3) ഒരു നിശ്ചിത പരിധിയിലെത്തിയാൽ വികസനം നിലച്ച് പ്രപഞ്ചം സങ്കോചിക്കുകയും പൂർവ്വസ്ഥിതി പ്രാപിക്കുകയും ചെയ്യും. 4) പ്രപഞ്ചഗോളങ്ങളെല്ലാം ചലിച്ചുകൊണ്ടിരിക്കുന്നു. 5) സൂര്യൻ നമ്മുടെ ഗാലക്സിയിൽ ഒരു പ്രത്യേക ഭ്രമണപഥത്തിലൂടെ സഞ്ചരിക്കുന്നു.

പ്രബന്ധകാരൻ എഴുതുന്നു: 'ദൈവം ജീവൻ എന്ന വരദാനം കൊണ്ട് സമ്പന്നമാക്കിയ അനുഗൃഹീത ഗോളമാണ് ഭൂമി. ധിഷണാബദ്ധമായ ജീവിതോത്സവങ്ങളുടെ നിറപ്പകിട്ട് കൊണ്ട് മനോഹരമാണ് നമ്മുടെ ഭൂഗോളം. ഈ ഭൂമിയെപ്പോലെ ജീവന്റെ തുടിപ്പുകളും വികാരവിസ്മയങ്ങളും ഉള്ള മറ്റു ജൈവഗോളങ്ങൾ പ്രപഞ്ചത്തിലുണ്ടോ? ശാസ്ത്ര സംബന്ധിയായ ഒരുപ്രബന്ധം ഭാഷക്ക് പട്ടുടയാട ചാർത്തിയാണ് അസാമാന്യപ്രതിഭയായ ഈ എഴുത്തുകാരൻ അവതരിപ്പിക്കുന്നത്.

എ. എം. സലീം എഴുതുന്നു: ശാസ്ത്രലോകം തന്നെ വേണ്ടത്ര ശ്രദ്ധപതിപ്പിക്കാത്ത അസാധാരണമായ ഒരു വിഷയത്തെപ്പറ്റി നൂറ്റാണ്ടുകൾക്ക് മുമ്പ് അവതരിച്ച വിശുദ്ധ ഖുർആനിൽ ഒരു പ്രസ്താവനയുണ്ട്. അതിപ്രകാരമാണ്:

'അല്ലാഹുവാണ് ഏഴ് ആകാശങ്ങളെ സൃഷ്ടിച്ചത്. അവയുടെയത്ര ഭൂമികളെയും. അല്ലാഹു അവർക്കിടയിൽ കല്പനകളിറക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിനും പൂർണ്ണമായ കഴിവുള്ളവനാണെന്നും അല്ലാഹു സകലവസ്തുക്കളെയും അറിവിനാൽ വലയം ചെയ്തിരിക്കുന്നുവെന്നും അറിയുന്നതിനുവേണ്ടി' (65:13)

ഈ ഖുർആൻ വാക്യങ്ങൾ വ്യക്തമാക്കുന്നതെന്ത്? (1) ഭൂമിയെ പോലെയുള്ള ജൈവഗ്രഹങ്ങൾ പ്രപഞ്ചത്തിൽ വേറെയുമുണ്ട്. 2) പ്രപഞ്ചഘടനക്ക് സംവിധാനമുണ്ട്. 3) പ്രപഞ്ചത്തെ സൃഷ്ടിച്ചത് അല്ലാഹുവാണ്. 4) സർവ്വാധിനാഥൻ അല്ലാഹുവാണ് 5) അല്ലാഹു എല്ലാം അറിയുന്നവനാണ്.

ദൈവാസ്തികൃത്തിന് അടിവരയിടുകയാണ് ഖുർആൻ. ഇനി നിരീശ്വരത്വം തെളിയിക്കേണ്ടത് ദൈവനിഷേധികളുടെ ചുമതലയാണ്. അതിന്നവർക്ക് ആജന്മാന്തം ആവില്ല. അവരുടെ മുമ്പിലും ഉണ്ടല്ലോ 'മരണ'മെന്ന ശാശ്വതസത്യം.

ഈ സമാഹാരത്തിലെ 'പ്രപഞ്ചോല്പത്തി: ശാസ്ത്രത്തിന്റെ പ്രതിസന്ധി' എന്ന പ്രബന്ധം 'പ്രകൃതിനിയമങ്ങളുടെ ക്രോഡീകൃത ജ്ഞാനരൂപമാണ് ശാസ്ത്രം എന്ന നിർവ്വചനത്തിലൂടെയാണ് നമ്മുടെ ശ്രദ്ധനേടുന്നത്. ശാസ്ത്രവിജ്ഞാനം ദൈവീകപ്രവർത്തനങ്ങളുടെ പ്രതിഫലനമാണ്. 'ആൃേ ശ േവേല ശാശമേശേീ ീള വേല ിമൗേൃല' എന്നത് ഒരു കലാപാഠമാണ്. പ്രകൃതിയുടെ ആവർത്തമാണ് കല. ഏറ്റവും പ്രയോജനപ്രദമായ കലയാണ് ശാസ്ത്രം. ഇസ്ലാമിന്റെ ഔപചാരിക ഭാഷയായ അറബിയിൽ സയൻസിനെ സൂചിപ്പിക്കുന്ന പദം 'ഇൽമ്' ആണ്. എന്നുവെച്ചാൽ എല്ലാവിധ അറിവിനേയും സ്വരൂപിക്കുന്ന പ്രക്രിയയാണ് ശാസ്ത്രം. അതിന്റെ അടിസ്ഥാനത്തിൽ പ്രകൃതിവസ്തുക്കൾ ഉപയോഗിച്ചു മനുഷ്യൻ നിർമ്മിതികൾ നടത്തുന്നു. അപ്പോഴും യഥാർത്ഥ സ്രഷ്ടാവിനെക്കുറിച്ച അപരിമേയ സത്യത്തിന് നാം വഴിതുറക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ ദൈവത്തിന്റെ ഗുണങ്ങളെ നാം പഠനവിധേയമാക്കണം. പ്രപഞ്ചസൃഷ്ടിയെക്കുറിച്ച ഖുർആനിലെ സൂചനകൾ, മഹാവിസ്ഫോടനത്തെത്തുടർന്ന് ബിംഗ്ബാഗിലെ അർത്ഥധ്വനി, അനന്തത, ഇത് സംബന്ധമായി ഭൗതിക ശാസ്ത്രത്തിലെ പ്രതിസന്ധി, സൃഷ്ടിപ്പിലെ പ്രഹേളിക, അതിന്റെ ആത്മീയ വിശദീകരണം, അസ്തിത്വം ഇവയൊക്കെ ഈ ഉപന്യാസത്തിൽ ചർച്ചാവിധേയമാവുന്നു.

നമ്മുടെ സാഹിത്യത്തിന്റെ 'സുൽത്താൻ' പദവിയിൽ നാം അവരോധിച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ അനർഘ നിമിഷത്തിലെ ഈ വാക്കുകൾ ശ്രദ്ധിക്കുക.

എനിക്കു മുമ്പേപോയ അനന്തകോടി....

അപാരതയുടെ, അത്ഭുത രഹസ്യത്തിന്റെ അജ്ഞാതമായ അതിരിൽ ഞാൻ എത്തിച്ചേർന്നത് പോലെ. ദാ ഒരു മുഴക്കം... നാദബ്രഹ്മത്തിന്റെ അനന്തമനന്തമായ വിഭ്രമം. തീർച്ചയായും ഈ അനന്തത ശാസ്ത്രത്തിനും ഒരു പ്രഹേളികയാണ്. ഇതറിയാവുന്ന ഒരു ശക്തിയേ ഉള്ളൂ - ദൈവം. ഈ പ്രപഞ്ചരഹസ്യത്തെ തത്ത്വചിന്തയുടെ ഗൌരവ വചസ്സുകളിൽ പ്രോജ്വലിപ്പിക്കുകയാണ് സലീം സാഹിബ്.

ഈ ഗ്രന്ഥത്തിലെ പഠനാർഹമായ മറ്റൊരു പ്രബന്ധമാണ്. 'മനുഷ്യ ഭാഷ: ഒരു നിഗൂഢയാഥാർത്ഥ്യം' ദൈവം മനുഷ്യന്റെ ശരീരത്തിലും ആത്മാവിലും ജനിതകപരമായി സന്നിവേശിപ്പിച്ച ധൈഷണിക സിദ്ധിയാണ് ഭാഷ. ഇതിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയെ ലേഖകൻ ശാസ്ത്രസിദ്ധിയോടെ വിവരിക്കുന്നു. ആംഗ്യ ഭാഷയിൽ നിന്നു തുടങ്ങി മൃഗഭാഷ, ഭാഷയും മസ്തിഷ്കവും, നോം ചോസ്കിയുടെ ഭാഷാശാസ്ത്രം, ശിശുഭാഷ, ഭാഷോല്പത്തി ഗവേഷണം, വാമൊഴിയും വരമൊഴിയും എന്നിങ്ങനെ ഭാഷയുടെ വികാസപരിണാമങ്ങൾ ഈ പ്രബന്ധത്തിൽ സൂചിസൂക്ഷ്മമായി അപഗ്രഥിക്കുന്നു.

തുടർന്ന് അറബി- ഭാഷകളുടെ മാതാവ് ആണെന്ന് ഒരു ലേഖനത്തിലൂടെ അദ്ദേഹം സമർത്ഥിക്കുന്നു. ഇന്ത്യൻ സാഹചര്യത്തിൽ ആദ്യഭാഷയും ആര്യഭാഷയും സംസ്കൃതമാണെന്ന് നമ്മുടെ ഋഷീശ്വരന്മാർ കരുതിയിരുന്നു. ഇത് സലീം സാഹിബ് കാണാതെപോയിട്ടില്ല. ഇന്ത്യൻ ഭാഷകളുടെ വേരുകൾ തേടുമ്പോൾ സംസ്കൃതത്തിന്റെ പ്രാധാന്യം അവഗണിക്കാവുന്നതല്ല. എന്നാൽ ലോകത്തിന്റെ ചരിത്രഗതിയിൽ അതിനൊത്ത ഭാഷാനിർണ്ണയം പ്രസക്തമാണ്. ലോകത്തിന്റെ സാംസ്കാരിക ജീവിതത്തിന് വഴി തുറന്നതു മദ്ധ്യപൂർവ്വേഷ്യയാ

ണെന്ന് കേസരി ബാലകൃഷ്ണപിള്ള യടക്കമുള്ള ഗവേഷകർ വ്യക്തമാക്കിയിട്ടുണ്ട്. അവിടങ്ങളിലെ ഭാഷയായ അറബിയെ പ്രഥമസ്ഥാനത്തു കൊണ്ടുവരുന്നത് തീർച്ചയായും സംഗതമാണ്.

'നിരക്ഷരത: റസൂൽ തിരുമേനിയുടെ യോഗ്യത' എന്ന ലേഖനവും വിസ്മയവഹമായ ഒരു സാക്ഷര പാഠത്തിലേക്കാണ് നമ്മെ നയിക്കുക. ഇവിടെ നിരക്ഷരനായ പ്രവാചകനാണ് നബി(സ). എന്നാൽ അദ്ദേഹമാണ് വരമൊഴിയുടെ സാദ്ധ്യതയിലൂടെ ദൈവത്തിൽ നിന്നും തനിക്ക് ലഭിച്ച വി. ഖുർആനെ ലോകത്തിന് നൽകിയത്. അങ്ങിനെയാണ് സാക്ഷരതയുടെ പ്രകാശം മിന്നിത്തിളങ്ങിയത്. എഴുത്ത് വിദ്യയുടെ അപാരശക്തി കണ്ടറിഞ്ഞ തിരുനബി എഴുത്ത് വിദ്യ അഭ്യസിപ്പിക്കാൻ ബദ്ധശ്രദ്ധനായിരുന്നു. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട ശത്രുക്കളിൽ ആർക്കെങ്കിലും എഴുത്തുവിദ്യ വശമുണ്ടെങ്കിൽ അത് സ്വന്തം അനുയായികൾക്ക് പഠിപ്പിച്ചു കൊടുത്താൽ അതു മോചന ദ്രവ്യമായി നബി കരുതി. അല്ലെങ്കിലും അടിമത്തത്തിന് അറുതിവരുത്തിയ തിരുനബിയുടെ സാക്ഷരമനസ്സ് ദിവ്യദീപ്തം തന്നെ.

പരിമിതികളെ കീഴടക്കിയ ശാസ്ത്രപ്രതിഭ എന്ന നിലയിൽ സ്റ്റീഫൻഹോക്കിനെക്കുറിച്ച വിജ്ഞേയമായ ഒരു ലേഖനം ഇതിലുണ്ട്. സ്റ്റീഫൻഹോക്കിൻസിന്റെ തമോഗർത്തത്തെക്കുറിച്ചുള്ള കണ്ടെത്തൽ നമ്മുടെ ശാസ്ത്ര പുരോഗതിയുടെ നാഴികക്കല്ലായിത്തീരുകയുണ്ടായി. വികിരണം എന്ന പേരിലറിയപ്പെടുന്ന ഈ ഭൗതിക പ്രതിഭാസം അതിഗംഭീരമായ ഒരു ശാസ്ത്രപ്രതിഭാസമാണെന്ന് ലേഖകൻ നിരീക്ഷിക്കുന്നു.

ഭൗതിക ശാസ്ത്രത്തിൽ നോബൽ പുരസ്കാര ജേതാവും ഇരുപതാം നൂറ്റാണ്ടിന്റെ മഹാശാസ്ത്രപ്രതിഭയുമായ ഡോ. അബ്ദുസ്സലാമിനെക്കുറിച്ച് ആദരവിന്റെ വിശ്വപ്പൊലിമയിൽ വിവരിക്കുന്നുണ്ട്, ലേഖകൻ. പാക്കിസ്ഥാൻ ജന്മനാടായിട്ടും മതരാഷ്ട്ര മൗലിക വാദത്തിന്റെ പിടിയിലമർന്ന ഉജ്ജ്വല തേജസ്സിയായ ഈ മഹാനെ ജീവിച്ചിരുന്നപ്പോഴും മരിച്ചു കഴിഞ്ഞപ്പോഴും പാക്കിസ്ഥാൻ തീരെ അവഗണിക്കുകയായിരുന്നു. തന്റെ ഭീമമായ നോബൽ സമ്മാന തുകയിൽ നിന്നും ഒരു ചില്ലിക്കാശ്പോലും സ്വയം എടുക്കാതെ മുഴുവനും മൂന്നാം ലോകത്തിലെ പാവങ്ങൾക്കായി നീക്കി വെക്കുകയായിരുന്നു അദ്ദേഹം. ഐക്യരാഷ്ട്ര സഭയുടെ കീഴിൽ ഇറ്റലിയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനമായ ഇന്റർനാഷണൽ സെന്റർ ഫോർ തിയററ്റിക്കൽ സയൻസ്(കഇഠജ) വികസിത രാജ്യങ്ങളുടെ സാമ്പത്തിക സഹായത്തോടെ ഏറെക്കൂറെ ഒറ്റയ്ക്കാണ് അദ്ദേഹം സ്ഥാപിച്ചത്. ദരിദ്ര രാജ്യങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാൻ വിദ്യാഭ്യാസ സഹായവും സാമ്പത്തിക സഹായവും ഉറപ്പുവരുത്തിയ ഡോ. സലാം വിശ്വനന്മയുടെ ഹൃദയതാളമാണ്. ശാസ്ത്രം മനസ്സ് തൊടുന്ന സ്നേഹത്തിന് വേണ്ടിയാണെന്ന് അദ്ദേഹം വിനയപൂർവ്വം സ്ഥാപിച്ചെടുത്തു.

പ്രപഞ്ചോല്പത്തിയിൽ നിന്നും പ്രപഞ്ചഘടനയിൽ നിന്നും ഭാഷയുടേയും ശാസ്ത്രത്തിന്റേയും പഠന മനനങ്ങളിൽ നിന്നും ലോക സമൂഹത്തിലേക്കും ഇന്ത്യൻയാഥാർത്ഥ്യങ്ങളിലേക്കും പ്രവേശിക്കുകയാണ് പ്രബന്ധകാരൻ. 'വ്യാപാരവും ബാങ്കിംഗും' എന്ന ലേഖനത്തിൽ കോർപ്പറേറ്റ് ആധിപത്യത്തിൽ തകർന്നു കൊണ്ടിരിക്കുന്ന ലോക സാമ്പത്തിക സന്തുലിതാവസ്ഥയെ വിവരിക്കുന്നു. ശരിക്കും സാമ്പത്തിക രംഗത്തെ വൻകിട മുതലാളിത്ത രാഷ്ട്രങ്ങളുടെ മുതലപ്പിടുത്തം ദരിദ്രരാജ്യങ്ങളെ ഇരകളാക്കിത്തീർക്കുന്നു. ഇതിലൂടെ സാമ്പത്തികമായ വർഗ്ഗവർണ്ണ വിവേചനം ലോകത്തെ അശാന്തമാക്കുന്നു. യഥാർത്ഥത്തിൽ ലോകസമാധാനത്തെ വേട്ടയാടുന്ന ഭീകരപ്രശ്നം ഇതുതന്നെയാണ്. വ്യാപാരത്തിന്റെ സ്വീകാര്യതയും പലിശയുടെ തിരസ്കാരവും അംഗീകരിക്കുന്ന ഇസ്ലാമിക സമ്പദ് വ്യവസ്ഥയിൽ നോട്ടമിട്ടിരിക്കയാണ് ലേഖകൻ. ഇസ്ലാമിക സമ്പദ് വ്യവസ്ഥയുടെ മൃദുശീതള ഛായയാണ് ലേഖകൻ ഉയർത്തിക്കാണിക്കുന്ന സാമ്പത്തിക ബദൽ. കമ്പോളശക്തികളുടെ ചെകുത്താൻ പിടുത്തത്തിൽ നിന്നു വിമോചിതമാവാൻ സദഖയും, സക്കാത്തും, വസിയത്തും ഉൾക്കൊള്ളുന്ന, ഭൂമിയിലും ആകാശത്തിലും സ്വർഗ്ഗമായിത്തീരുന്ന ഒരു സാമ്പത്തിക വ്യവസ്ഥതയുടെ മരുപ്പച്ചയാണ് ലേഖകൻ ഉദ്ദേശിക്കുന്ന പ്രതിവിധി.

ലോകസമാധാനത്തിനുള്ള ഫലപ്രദമായ ഉപാധി ബഹുസ്വരതയെ അംഗീകരിക്കലാണ്: 'ബഹുസ്വര സമൂഹം ഇസ്ലാമിക സമീപനം' എന്ന പ്രബന്ധം അതിന് വേണ്ടിയാണ് ലേഖകൻ എഴുതിയത്. ഒരു ജനാധിപത്യസമൂഹത്തിൽ ബഹുസ്വരത ആത്മസ്പന്ദം തന്നെ. മതത്തിൽ നിർബ്ബന്ധമില്ല; എനിക്കെന്റെ മതം നിനക്ക് നിന്റെ മതം എന്നിങ്ങനെയുള്ള ഖുർആൻ വചനങ്ങൾ സമാധാന ജീവിതത്തിനു വേണ്ടിയുള്ള വിശ്വസന്ദേശമാണ്. ലോകത്തിലെ ഏത് മതവും അതിന്റെ തനിമയിൽ മനുഷ്യരെ സാത്വിക വിശുദ്ധിയുടെ മാലാഖമാരാക്കി. എന്നാൽ ആ മതങ്ങൾക്ക് ഇന്ന് സംഭവിച്ച ശോഷണം യഥാർത്ഥമതവിശ്വാസികളെ വ്യാകുലചിത്തരാക്കുന്നില്ലേ എന്ന് ലേഖകൻ ചോദിക്കുന്നു. ഇന്ന് പേരുച്ചരിക്കാൻ കഴിയാത്ത അശ്ലീല പദമായി 'അധികാര' മതങ്ങൾ അധ: പതിച്ചിട്ടുണ്ടോ? മതം ചർച്ചചെയ്യാൻ തന്നെ ആളുകൾ ഭയക്കുന്നുണ്ടോ?

പ്രബന്ധകാരൻ എഴുതുന്നു: 'നമ്മുടെ ഇന്ത്യ മതവൈവിധ്യത്തിന്റെ പ്രദർശന ശാലയാണ്'. നിർഭാഗ്യവശാൽ ഈ ബഹുസ്വരതയെ അടിയോടെ പിഴുതെറിയുന്ന വിധത്തിൽ 'തീപിടിക്കുന്ന വികാരമായി വർഗ്ഗീയവൽക്കരിക്കപ്പെടുന്ന മതം' ഇവിടെ മാറുന്നു. ഇന്ത്യാ ഭൂഖണ്ഡത്തിൽ മതവർഗ്ഗീയ കലാപം മൂലം മരിച്ചവരുടെ എണ്ണത്തെ മറിക

ടക്കാൻ ലോകമഹായുദ്ധങ്ങൾക്ക് മാത്രമേ കഴിയൂ.

ലോകാസമസ്താ സുഖിനോ ഭവന്തു:, വസുധൈവകുടുംബകം, തമസോമാ ജ്യോതിർ ഗമയാ തുടങ്ങിയ ഉപനിഷത്ത് പാഠങ്ങളിലൂടെ ആർഷഭാരത സംസ്കാരം നമുക്ക് നൽകിയ സമാധാന സാരസർവ്വം, ‘നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക’ ‘അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി’, ‘ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം’ എന്നീ മൊഴികളിലൂടെ ക്രിസ്തുമതവും നമുക്ക് പ്രദാനം ചെയ്തു.

ഇസ്ലാമിന്റെ അർത്ഥം തന്നെ സമാധാനമെന്നാണ്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നാണ് അതിന്റെ ആപ്തവാക്യം. എല്ലാവർക്കും ശാന്തി നേരുന്നതാണ് അതിന്റെ അഭിവാദനരീതി. വിശുദ്ധ ഖുർആൻ രേഖപ്പെടുത്തിയത് ഓരോ സമുദായത്തിനും ദൈവദൂതൻമാർ വന്നുകഴിഞ്ഞിട്ടുണ്ട് എന്നു. പരമ കാരുണികനായ ദൈവത്തിന്റെ കാരുണ്യമാണ് ഇസ്ലാമിക ജീവിതത്തിന്റെ ആന്തര പ്രതീകം. എന്നാൽ മതരാഷ്ട്രവാദത്തിന്റേയും ഭീകരവാദത്തിന്റേയും തീവ്രവാദത്തിന്റേയും പര്യായമായി കപട മതവാദികൾ മൂലം ഇസ്ലാം സമാധാന പാതയിൽ നിന്നും വ്യതിചലിച്ചുപോയി എന്ന് ചിലരെങ്കിലും കരുതുന്നുണ്ടോ?

ഇസ്ലാമിക നവോത്ഥാനത്തിന്റെ വിശ്വനായകനായ ഹദ്റത്ത് മീർസാ ഗുലാം അഹ്മദും അദ്ദേഹത്തിന്റെ ഖലീഫമാരും ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന വിശ്വശാന്തി പ്രചരണ മാർഗ്ഗം ലേഖകൻ ഉദ്ധരിക്കുന്നുണ്ട്. ഈ ഗ്രന്ഥത്തിലുടനീളം ലോകത്തിലെ ശാസ്ത്രസാഹിത്യ സാംസ്കാരിക പ്രതിഭകളുടെ നിരവധി ഉദ്ധരണികൾ ഇടം നേടിയിട്ടുണ്ട്. അവരെയൊക്കെ അതീവ ആദരവോടെയാണ് ലേഖകൻ ഓർക്കുന്നത്.

പ്രപഞ്ച പഠനത്തിന്റെ ഗതിവിഗതികളിൽ നിന്ന് കേരളീയ ജീവിതത്തിലെത്തുന്ന എ. എം. സലീമിന്റെ അന്വേഷണ കൌതുകം സമർത്ഥവും രസകരവുമായ വഴിത്തിരിവിലെത്തുന്നത് മാർത്തോമ്മാ പുരാണവും ചേരമാൻ പെരുമാളുടെ മക്കായാത്രയും ഉൾക്കൊള്ളുന്ന കേരളാ ഖണ്ഡത്തിലൂടെയാണ്. കേരളീയ ക്രിസ്തീയ ജീവിതത്തിന്റെ ഗമനാഗമന മന്ത്രങ്ങളും തന്ത്രങ്ങളും ഉൾവിരിയുന്നതാണ് കേരളത്തിന്റെ മാർത്തോമ്മാ പാരമ്പര്യം.

‘ചേരമാൻ പെരുമാളും കേരള ചരിത്രവും’ കേരള ചരിത്രത്തെക്കുറിച്ച ദിശാബോധം നൽകുന്ന ഗവേഷണ പ്രബന്ധമാണ്. ഗവേഷകർക്ക് പോലും ഇതൊരു മാർഗ്ഗദർശന പഠന ഗ്രന്ഥമാണ്. ഇതുവരെ വെളിച്ചം കാണാത്ത ചരിത്രവസ്തുക്കൾ ഇതിലുണ്ട്. ചെങ്കോലും സിംഹാസനവും ത്യജിച്ച് ദേശാടനം ചെയ്ത ഈ കേരളീയ ചക്രവർത്തി നമുക്ക് ഉദാത്തസ്മരണയും അഭിമാന പൈതൃകവുമാണ്. ശരിക്കും ഈ പ്രബന്ധം നമുക്ക് പാഠവും പാഠഭേദവുമാണ്. കേരളത്തിലെ ഇസ്ലാമിന്റെ ആവിർഭാവവും കേരളവും അറേബ്യയും തമ്മിലുള്ള ബന്ധവും പെരുമാളിന്റെ മതമാറ്റവും ചന്ദ്രൻ പിളർന്ന ദൃഷ്ടാന്തവും കൊടുങ്ങല്ലൂർ, മാടായി പള്ളികളുടെ നിർമ്മാണ ശില്പ ചാതുര്യവും പെരുമാളിന്റെ മക്കായാത്രയും ഒമാനിലെ സലാലയിലുള്ള പെരുമാളിന്റെ കബറും ഈ പ്രബന്ധത്തിൽ ചരിത്രചിത്രവീഥിയൊരുക്കുന്നു. നിരവധി ചരിത്രകാരന്മാരുടേയും ഗവേഷകരുടേയും നിഗമനങ്ങൾക്ക് തുല്യം ചാർത്തിയാണ് എ. എം. സലീം സ്വന്തം ഗവേഷണത്തെ പുതിയ കാലത്തിന്റെ ചരിത്ര മുദ്രയാക്കുന്നത്.

മനുഷ്യജന്മങ്ങളുടെ പരിമിതിയിലൊതുങ്ങാത്ത ചരാചരപ്രപഞ്ചം മുഴുവൻ കടന്നുവരുന്ന ഒരു ധാർമ്മിക വ്യവസ്ഥയുടെ പീലിവേൽ മുനയാണ് എ. എം. സലീമിന്റെ ഈ ഗ്രന്ഥം. ഇത് കയ്യിലെടുക്കുമ്പോൾ നാം നമ്മുടെ തന്നെ ജ്ഞാനബോധത്തെയാണ് തൊട്ടുണർത്തുന്നത്.

പേജ് 27 ൽ നിന്ന് തുടർച്ച

മറ്റൊരു ജനത (*അൻ നുബദ്ദില ഖൈറൻ മിൻഹും)* യാണെന്നോ മനുഷ്യ സമൂഹത്തിന്റെ മറ്റൊരു തലമുറയാണെന്നോ അല്ല ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. എങ്കിൽ ‘എന്ന’ ഉപാധിയുടെ അർത്ഥം, മനുഷ്യൻ നല്ല രീതിയിൽ പെരുമാറുകയും സ്വയം സംസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ ഒരു വർഗ്ഗം എന്ന നിലക്ക് അവർ തുടച്ച് നീക്കപ്പെടുകയോ ഗുണമേൻമയുള്ള മറ്റൊരു വർഗ്ഗത്തെ പകരം കൊണ്ടുവരികയോ ഇല്ല എന്നാണ്. ഈ അർത്ഥമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്.

ഇവിടെ ഖുർആൻ വളരെ ഉന്നത രൂപത്തിലുള്ള ഒരു സൃഷ്ടിയുടെ വികാസ സാധ്യതയെ കുറിച്ചാണ് സംസാരിക്കുന്നത്. ആ സൃഷ്ടിക്ക് ഉന്നതമായ സംവേദനേന്ദ്രിയങ്ങളുണ്ടാവാം. നമ്മുടെ അഞ്ച് സംവേദനേന്ദ്രിയങ്ങൾ കൂടാതെ അധികമായി മറ്റു ഇന്ദ്രിയങ്ങളുമുണ്ടാവാം. അതോടൊപ്പം തന്നെ ഇത് തീർച്ചയായും സംഭവിക്കുമെന്ന് ഖുർആൻ പറയുന്നില്ല. എന്നാൽ, ദൈവത്തിന് തന്റെ സൃഷ്ടി പദ്ധതിയിൽ അത്തരത്തിലുള്ള ഒരു മാറ്റം കൊണ്ടുവരാൻ കഴിയുമെന്ന കാര്യം ഉറപ്പിച്ചു പറയുകയാണിവിടെ ചെയ്യുന്നത്. (വെളിപാട് യുക്തി ജ്ഞാനം സത്യം പേ. 748)

## ഉപസംഹാരം

വിജ്ഞാനം എന്നത് മനുഷ്യൻ വളരെ വിവേകത്തോടും വിവേചന ബോധത്തോടെയും ആർജ്ജിച്ച് സ്രഷ്ടാവായ ദൈവത്തെ സ്തുതിച്ചുകൊണ്ട് പ്രാവർത്തികമാക്കേണ്ട ഒരു വരദാനമാണ് മസ്തിഷ്ക്കത്തിൽ നിന്നും ഹൃദയത്തിൽ നിന്നും വിജ്ഞാന ചോദനങ്ങളെ സ്വാംശീകരിച്ച് ഭൂമിയിൽ നാം സ്വർഗ്ഗം പണിയണം. മരണമെന്ന മഹാസമസ്യക്കപ്പുറമുള്ള ലോകത്തേക്ക് ജീവിതയാത്രയിൽ നമ്മുടെ പാഥേയം തീർച്ചയായും അതായിരിക്കണം.

ഭാഗം - 37

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കുതിരപ്പുറത്തുനിന്നുള്ള വീഴ്ച

ഹദ്റത്ത് മസീഹ് മൗഊദ് (അ) 1903 ൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് കുതിരപ്പുറത്തു നിന്നും വീണതായും ഗുരുതരമായ പരിക്കേറ്റതായും ഒരു ദർശനത്തിൽ കാണുകയുണ്ടായി. വാഗ്ദത്ത് മസീഹിന്റെ ഈ ദർശനം തികച്ചും വിപരീത സാഹചര്യത്തിലും ചുറ്റുപാടിലും ഏകദേശം ഏഴു വർഷങ്ങൾക്കു ശേഷം അതേ പടി പൂർത്തിയായി കൊണ്ട് അഹ്മദിയ്യത്തിന്റെ സത്യസാക്ഷ്യത്തിനു ഒരു തിളങ്ങുന്ന നക്ഷത്രമായി മാറി. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ഈ പ്രവചന സമയത്ത് ഖാദിയാനിൽ ആരുടെ പക്കലും കുതിര ഉണ്ടായിരുന്നില്ല. പിന്നീട് വർഷങ്ങൾക്കു ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ മകൻ അബ്ദുൽ ഹൈയ് സാഹിബിനു ആരോ ഒരാൾ കുതിര സമ്മാനമായി നൽകിയപ്പോഴാണു ഖാദിയാനിൽ ഒരു കുതിരയെത്തുന്നത്. അതൊരു ചുവപ്പു നിറത്തിലുള്ള പെൺ കുതിരയായിരുന്നു.

ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് 1910 നവംബർ 17-ാം തീയതി തന്റെ സ്വദേശമായ മാലേർ കോട്ടിലയിൽ നിന്നും ഏതാനും മാസത്തെ ഇടവേളയ്ക്കു ശേഷം ഖാദിയാനിൽ തിരിച്ചെത്തിയതായിരുന്നു. വളരെ സാത്വികനും മസീഹ് മൗഊദി (അ)ന്റെ സഹാബിയുമായ അദ്ദേഹം മാലേർകോട്ടിലെ നവാബുമാണ്. പിറ്റേ ദിവസം നവംബർ 18-ാം തീയതി വെള്ളിയാഴ്ച ജുമുഅ നമസ്ക്കാരത്തിനു ശേഷം അദ്ദേഹത്തെ സന്ദർശിക്കുന്നതിനായി ഒരു മൈൽ അകലെയുള്ള അദ്ദേഹത്തിന്റെ ബംഗ്ലാവിലേയ്ക്കു പോകാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തീരുമാനിച്ചു. ഹുസൂർ തന്റെ വീട്ടിൽ നിന്നും പുറപ്പെടാൻ ഒരുങ്ങുമ്പോഴേക്കും നവാബ് സാഹിബ് ഹുസൂറിനെ കാണുന്നതിനായി ഹുസൂറിന്റെ താമസ സ്ഥലത്ത് എത്തി. നവാബ് സാഹിബ് ഹുസൂറിനെ കാണുവാൻ വന്ന സ്ഥിതിക്കു ഇനി ഹുസൂറിനു നവാബ് സാഹിബിന്റെ വീട്ടിൽ യഥാർഥത്തിൽ പോകേണ്ട ആവശ്യം ഇല്ലായിരുന്നു. ആ കാര്യം ചിലർ ഹുസൂറിനോടു സൂചിപ്പിക്കുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ തീരുമാനത്തെ ആർക്കാണു തടയുവാൻ സാധിക്കുക. ഖലീഫത്തുൽ മസീഹിനു വാഗ്ദത്ത മസീഹ് (അ) നോടും അവിടത്തെ സന്താനങ്ങളോടും ആ കുടുംബത്തോടും ഉണ്ടായിരുന്ന അടങ്ങാത്ത സ്നേഹവും ആദരവും നിമിത്തം ഹുസൂർ, നവാബ് സാഹിബിന്റെ വീട്ടിൽ പോകാൻ തന്നെ തീരുമാനിച്ചു. ഹദ്റത്ത് മസീഹ് മൗഊദിന്റെ മകൾ നവാബ് മുബാറക്കാ ബേഗം സാഹിബയെ വിവാഹം ചെയ്തതു ഹദ്റത്ത് നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് ആയിരുന്നുവല്ലോ. അവരും കുറച്ചു മാസങ്ങളായി മാലേർകോട്ടിലയിലായിരുന്നതു കൊണ്ട് അവിടെ വീട്ടിൽ ചെന്നാൽ അവരേയും കാണാം എന്നായിരിക്കാം ഹുസൂർ കരുതിയത്. അവരോടും ഹുസൂർ വളരെ ചെറുപ്പം മുതൽ വലിയ സ്നേഹവും വാത്സല്യവും കാണിച്ചിരുന്നു.

നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് ഹുസൂറിന്റെ വീട്ടിൽ നിന്നും തിരിച്ചു പോയ ശേഷം ഹുസൂർ മകനു സമ്മാനം കിട്ടിയ ഈ ചുവന്ന പെൺകുതിരപ്പുറത്തു

നവാബ് സാഹിബിന്റെ ബംഗ്ലാവിലേയ്ക്കു പുറപ്പെട്ടു. ഹുസൂറിന്റെ മക്കളായിരുന്നു ഈ കുതിര കൂടുതലായി ഉപയോഗിച്ചിരുന്നത്. അതിനാൽ സവാരി സമയത്ത് കാൽ വയ്ക്കുന്ന കുതിരയുടെ ഇരുവശവുമുള്ള പട്ടയുടെ (Saddle - ഉറുദുവിൽ റിക്കാബ് എന്നു വിളിക്കുന്നു) നീളം ഹുദൂർ തനിക്കനുസരിച്ചു കൂട്ടിയിട്ടുണ്ടായിരുന്നില്ല. അതിന്റെ ആവശ്യമില്ലെന്നും കൂട്ടികൾക്കത് ബുദ്ധിമുട്ടാകുമെന്നും അടുത്ത സ്ഥലത്തേക്കാണല്ലോ പോകുന്നത് എന്നും കരുതിയതു കൊണ്ടാവാം ഹുദൂർ അങ്ങനെ ചെയ്തത്. ഹുദൂർ നവാബ് സാഹിബിന്റെ വീട്ടിൽ ചെന്നു കുറച്ചു സമയം ചെലവഴിച്ച ശേഷം തിരിച്ചു വരുമ്പോൾ അകമ്പടിയെന്ന നിലയിൽ പലരും കൂടെ ചെല്ലാൻ ആഗ്രഹിച്ചിരുന്നുവെങ്കിലും അതിന്റെ ആവശ്യമില്ലെന്നും രണ്ടു പേർ പതുക്കെ പുറകിൽ വന്നാൽ മതിയെന്നും ഹുസൂർ അവരോടു പറഞ്ഞു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ വളരെ ചെറുപ്പം മുതൽ നീന്തലിലും കുതിരസ്സവാരിയിലും അതിവിദഗ്ദ്ധനായിരുന്നു. യാത്രക്കായി കുതിരയെ കൂടുതലായി ഉപയോഗിക്കാറുണ്ടായിരുന്ന പഴയ കാലത്തു ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ വീട്ടിലും കുതിരകളെ വളർത്തിയിരുന്നു. മക്കൾ അനാവശ്യമായി കുതിരസ്സവാരി നടത്തുന്നത് തടയുന്നതിനായി പിതാവ് ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ സാഹിബ് കുതിരയെ നിയന്ത്രിക്കുന്ന അതിന്റെ മൂക്കു കയർ അഴിച്ചു വെക്കുമായിരുന്നു. എന്നാലും ഹുസൂർ അടക്കമുള്ള മക്കൾ മൂക്കു കയറില്ലാതെ കുതിരസ്സവാരി നടത്തുമായിരുന്നു. കുതിരസ്സവാരിയിൽ അത്ര കണ്ട് പ്രാഗൽഭ്യമുള്ളവരായിരുന്നു അവർ.

നവാബ് സാഹിബിന്റെ ബംഗ്ലാവിൽ നിന്നും ഹുദൂറിനു വീട്ടിലേയ്ക്കു മടങ്ങാൻ രണ്ടു വഴികളുണ്ടായിരുന്നു. ഒന്നു അങ്ങാടിയിലൂടെയുള്ള വഴി. അതു താരതമ്യേന വൃത്തിയുള്ളതും സുരക്ഷിതവുമാണ്. ആളുകൾ കൂടുതലായി ഉപയോഗിക്കുന്ന വഴിയുമാണത്. മറ്റൊരു വഴി ഇടുങ്ങിയതും അൽപം ദുർഘടം പിടിച്ചതുമായിരുന്നു. ഹുദൂർ അങ്ങാടിയിലേയ്ക്കുള്ള വഴിലേയ്ക്കു പുറപ്പെട്ട് അവിടെയെത്തിയപ്പോൾ ഈ വഴിയിൽ സ്ത്രീകളും കുട്ടികളുമുണ്ടാകുമെന്നും അവർക്കു ബുദ്ധിമുട്ടുണ്ടായേക്കാമെന്നും കരുതി ആ വഴി ഉപേക്ഷിച്ചു ഇടുങ്ങിയ വഴിയിലേയ്ക്കു വന്നു. എന്താണെന്നറിഞ്ഞില്ല കുതിര നേരത്തെ തന്നെ ഇടഞ്ഞു നിൽക്കുന്നുണ്ടായിരുന്നു. വേഗതയോടും നിർദേശങ്ങൾ പാലിക്കാതെയുമാണു കുതിര ഓടിയിരുന്നത്. ഒരു വളവിലെത്തിയപ്പോൾ കുതിരയുടെ ശക്തമായ ഇളക്കത്തിൽ ഹുദൂർ താഴെ വീണു. ഹുസൂറിന്റെ കാൽ പട്ടയിൽ (റിക്കാബ്) കുരുങ്ങിയതു കാരണം വിടുവിക്കാനാവാതെ തല കീഴായി തൂങ്ങിക്കിടക്കുന്ന ഹുദൂറിനേയും കൊണ്ട് കുതിര അൽപം മുന്നോട്ട് ഓടി. മഹാഭാഗ്യമെന്നു പറയട്ടെ, കരിക്കച്ചവടം നടത്തുന്ന ശേഖ് റഹ്മത്തുല്ലാഹ് സാഹിബിന്റെ വീട് ഇതിന്നടുത്തായിരുന്നു. അദ്ദേഹം ഇതു കാണുകയും ഓടി വന്നു കുതിരയുടെ മൂക്കു കയർ പിടിച്ചെങ്കിലും കുതിര അദ്ദേഹത്തെ തട്ടി മാറ്റി അൽപം മുന്നോട്ടു പോയി. ഈ പിടിവലിയിൽ ഹുദൂറിന്റെ കാൽ പട്ടയിൽ നിന്നു വിടുകയും കൃത്യമായി പാറക്കല്ലുള്ള ഒരു സ്ഥലത്തു തലയടിച്ചു വീഴുകയും ചെയ്തു. ഹുസൂറിനു നെറ്റിയിൽ സാരമായ മുറിവ് പറ്റി. തികച്ചും തഖ്ദീറെ ഇലാഹിയും അല്ലാഹുവിന്റെ ഖുദ്റത്തുമായിരുന്നു ഇത്. ഹുസൂർ തലയടിച്ചു വീണ ആ ഭാഗത്തു മാത്രമായിരുന്നു കല്ലുണ്ടായിരുന്നത്. അര മീറ്റർ മുന്നിലേയ്ക്കോ പിന്നിലേയ്ക്കോ ആയിരുന്നു വീണതെങ്കിൽ ഒരിക്കലും തന്നെ ഹുസൂറിനു ഇത്തരത്തിൽ മുറിവേൽക്കുകയില്ലായിരുന്നു. കുതിര നിയന്ത്രണം വിട്ട് വേഗത്തിൽ ഓടിയതു കാരണം ഹുദൂറിന്റെ പിന്നലേ വന്നിരുന്ന രണ്ടു പേർ വളരെ പുറകിലുമായി. വീഴ്ചയോടു കൂടി ഹുദൂറിനു ബോധം നഷ്ടപ്പെട്ടു.

ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് സഹായത്തിന്നായി തന്റെ ഭാര്യയെ വിളിച്ചു. കുറച്ചു തുണിയും ഒരു ചെറിയ കട്ടിലും കൊണ്ടുവരാൻ പറഞ്ഞു. അപ്പോഴേക്കും സമീപത്തുണ്ടായിരുന്ന മറ്റു ചില അഹ്മദികളും എത്തി. എല്ലാവരും ചേർന്നു ഹുസൂറിനെ കട്ടിലിൽ കിടത്തി. ഹുസൂറിന്റെ തലയിൽ നിന്നും രക്തം ശക്തിയായി ഒഴുകിക്കൊണ്ടിരുന്നു. തലയിൽ വെള്ളമൊഴിച്ചു കഴുകി വൃത്തിയാക്കിയെങ്കിലും രക്തസ്രാവം നിലച്ചില്ല. ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് തന്റെ തലപ്പാവഴിച്ചു മുറിവ് വൃത്തിയാക്കുകയും കെട്ടുകയും ചെയ്തു. അൽപ നേരം കൊണ്ട് തന്നെ ഹുദൂറിനു ബോധം തിരിച്ചു കിട്ടി. ബോധം തിരിച്ചു കിട്ടിയ ആ നിമിഷം പറഞ്ഞത്.

خدا کے مامور کی بات پوری ہو گئی

അല്ലാഹുവിനാൽ നിയോഗിതനായ മസീഹിന്റെ വാക്കുകൾ പൂർത്തിയായിരിക്കുന്നു. ശേഖ് റഹ്മത്തുല്ലാഹ് സാഹിബ് ചോദിച്ചു ഏതു വാക്ക്? അപ്പോൾ ഹുസൂർ ചോദിച്ചു ഞാൻ കുതിരപ്പുറത്തു നിന്നും വീണതായി വർഷങ്ങൾക്കു മുമ്പ് ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വപ്നം കണ്ടിട്ടുണ്ടായിരുന്നു. ആ കാര്യം നമ്മുടെ പത്രങ്ങളിൽ വന്നിട്ടുമുണ്ടായിരുന്നുവല്ലോ. നിങ്ങളത് വായിച്ചിരുന്നില്ലേ? കുറച്ചു സമയത്തിനു ശേഷം ഹുദൂറിനെ കട്ടിലിൽ കിടത്തി വീട്ടിലേയ്ക്കു കൊണ്ടു പോയി.

## വീഴ്ചയെ തുടർന്നുള്ള ഹുദൂറിന്റെ അസുഖവും ശക്തിക്ഷയവും

ഈ അപകട സമയത്തു ഹുദൂറിനു എഴുപതു വയസ്സു പ്രായമുണ്ടായിരുന്നു. എന്നാൽ ഹുദൂർ അൽപം പോലും പരിഭ്രമമോ വേവലാതിയോ കാണിച്ചിരു

ന്നില്ല. പിന്നീട് ഡോക്ടർ ബശാറത്ത് അഹ്മദ് സാഹിബ്, ഡോക്ടർ ഇലാഹി ബഖ്ശ് സാഹിബ് ഡോക്ടർ ശേഖ് അബ്ദുല്ലാഹ് സാഹിബ് എന്നിവരുടെ സംഘം മുറിവ് നന്നായി പരിശോധിച്ച ശേഷം തുന്നുകയും മരുന്നു വെച്ച് കെട്ടുകയും ചെയ്തു. ഇതെല്ലാം തന്നെ ക്ലോറോഫോം നൽകാതേയും മരവിപ്പിക്കാതെയുമായിരുന്നു ചെയ്തിരുന്നത്. എന്നിട്ടും ഹുദൂർ വളരെ ധൈര്യത്തോടും നിശ്ചയ ധാർഢ്യത്തോടും കൂടി യാതൊരു ഭാവഭേദവും കൂടാതെയാണ് ഈ സമയം കഴിച്ചുകൂട്ടിയത്. ഈ വീഴ്ചയ്ക്കു അൽപം മുമ്പ് തന്നെ അതിസാരം കൊണ്ടുള്ള ബുദ്ധിമുട്ടുണ്ടായിരുന്നു. ഈ അപകടത്തെ തുടർന്നു ഹുദൂർ ഏഴു മാസത്തോളം ശയ്യാവലംബിയായി. പിന്നീട് മൂന്നു വർഷത്തോളം ക്ഷീണിതനായും പലതരം അസുഖങ്ങളിലൂടേയുമാണു കഴിച്ചു കൂട്ടിയത്.

ഈ അപകട വിവരമറിഞ്ഞു അടുത്തുള്ള സ്ത്രീകളും പുരുഷന്മാരും ഹുസൂറിനെ സന്ദർശിക്കുവാനെത്തി. ഹുസൂർ പറഞ്ഞു, എനിക്കു സുഖമാണെന്നും എനിക്കു യാതൊരു പരിഭ്രമവുമില്ലെന്നും സ്ത്രീകളോടു പറഞ്ഞേക്കൂ, അവരെല്ലാവരും വീട്ടിലേയ്ക്കു തിരിച്ചു പോയിക്കൊള്ളട്ടെ. അവരുടെ പേര് എനിക്കെഴുതിത്തരികയാണെങ്കിൽ ഞാൻ അവർക്കു വേണ്ടി ദുആ ചെയ്യുന്നതായിരിക്കും. അപകടത്തിന്റെ മൂന്നാം ദിവസം രക്തം പുരണ്ട തലപ്പാവ് ഹുദൂർ ആവശ്യപ്പെടുന്നു എന്നു പറഞ്ഞു കൊണ്ട് ഹുദൂറിന്റെ അടുത്ത ശിഷ്യന്മാരിൽ ഒരാളായ ഹക്കിം ഗുലാം മുഹമ്മദ് സാഹിബ് ശേഖ് റഹ്മത്തുല്ലാഹ് സാഹിബിന്റെ അടുക്കൽ ചെന്നു. അപകടം നടന്നപ്പോൾ തന്റെ തലപ്പാവ് കൊണ്ട് രക്തം തുടക്കുകയും മുറിവ് കെട്ടുകയും ചെയ്തത് ശേഖ് റഹ്മത്തുല്ലാഹ് സാഹിബായിരുന്നു വല്ലോ.

ആ തലപ്പാവ് പിന്നീട് സ്മാരകമായി സൂക്ഷിക്കുകയോ അതിന്റെ കഷ്ണങ്ങൾ തിരുശേഷിപ്പായി മറ്റു അഹ്മദികളിൽ ശേഖ് സാഹിബ് വിതരണം ചെയ്തേക്കുമോ എന്നൊക്കെയായിരുന്നു ഹുദൂറിന്റെ ഭയം. അതു കൊണ്ടാണു ഹുദൂർ ശേഖ് റഹ്മത്തുല്ലാഹ് സാഹിബിനോടു ആ തലപ്പാവ് ആവശ്യപ്പെട്ടത്. ശേഖ് സാഹിബ് പറയുകയാണ് ഞാൻ അപ്പോൾ തന്നെ ഹുദൂറിന്റെ സന്നിധിയിൽ ഹാജരായി. എന്നെ കണ്ടപ്പോൾ ഹുദൂർ ചോദിച്ചു ആ തലപ്പാവെവിടെ അതെനിക്കു തന്നേക്കൂ. ഞാൻ ഒന്നും പറയാതെ ഹുദൂറിനു മുന്നിൽ നിന്നപ്പോൾ ഞാനെന്താണു ആഗ്രഹിക്കുന്നതെന്നു ഹുദൂറിനു മനസ്സിലായി. ഹുദൂർ പറഞ്ഞു ശരി, അതു നന്നായി കഴുകി വൃത്തിയാക്കിയ ശേഷം ഉപയോഗിച്ചോളൂ. അതു കഷ്ണമാക്കി ആർക്കും കൊടുക്കരുത്. തിരിച്ചു വരാൻ നേരത്തു എനിക്കു പുതിയൊരു തലപ്പാവ് തന്നു കൊണ്ട് പറഞ്ഞു ഇതു കൂടി ഉപയോഗിച്ചോളൂ. പരിശുദ്ധ രക്തം പുരണ്ട ആ തലപ്പാവ് കാണാൻ പലരും എന്റെയടുക്കൽ വന്നു കൊണ്ടിരുന്നു. പലരും അതു മുഴുവനോ അല്ലെങ്കിൽ കഷണമെങ്കിലും ലഭിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും ഞാൻ ഹുദൂറിന്റെ നിർദേശ പ്രകാരം തലപ്പാവ് കഴുകി വൃത്തിയാക്കി. രണ്ടു തലപ്പാവും ഉപയോഗിക്കാൻ തുടങ്ങി.

### ജമാഅത്തിലുള്ളവരുടെ സ്നേഹവും അർപ്പണ മനോഭാവവും

ഹുസൂറിനു പറ്റിയ ഈ അപകടം മുഴുവൻ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഹൃദയഭേദകമായിരുന്നു. മാനസികമായി എല്ലാവരേയും അതീവ ദു:ഖത്തിലാഴ്ത്തി. വിവരം അറിഞ്ഞവർ അറിഞ്ഞവർ തങ്ങളുടെ പ്രിയപ്പെട്ട യജമാനനെ കാണുവാനായി ഖാദിയാനിലേയ്ക്കു ഓടി വന്നു. ഇന്ത്യയുടെ എല്ലാ ഭാഗത്തുനിന്നും ഹുദൂറിന്റെ ക്ഷേമമന്വേഷിച്ചു കൊണ്ട് അധികമായി കത്തുകൾ കേന്ദ്രത്തിലേയ്ക്കു വരാൻ തുടങ്ങി. അതോടൊപ്പം ജമാഅത്തിലെ ചെറിയവരും വലിയവരും ദുആയിൽ മുഴുകിക്കൊണ്ടിരുന്നു. ആ അവസരത്തിൽ ജമാഅത്തിലെ മുഖ്ലിസീങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട ഖലീഫയോടു കാണിച്ച സ്നേഹത്തിനും അർപ്പണ മനോഭാവത്തിനും മറ്റൊരു ഉദാഹരണം കാണിക്കാനില്ലായിരുന്നു. പലരുടേയും ദുആകൾ പല രൂപത്തിലായിരുന്നു. ശേഖ് ഹുസൈൻ സാഹിബ് ലായൽപൂരി ദുആ ചെയ്തു അല്ലാഹുവേ ഹുസൂറിന്റെ എല്ലാ അസുഖങ്ങളും ബുദ്ധിമുട്ടുകളും നീ എനിക്കു നൽകി കൊണ്ട് ഹുസൂറിനു നീ ശമനം നൽകേണമേ, സയ്യിദ് ഇറാദത്ത് ഹുസൈൻ സാഹിബ് സുങ്കടവി ദുആ ചെയ്തു അല്ലാഹുവേ എന്റെ ആയുസ്സ് രണ്ടു വർഷം കുറച്ച് അതു നീ ഹുദൂറിനു നൽകേണമേ, ഇതൊക്കെ തന്നെ തങ്ങളുടെ ഖലീഫയോടുള്ള അടങ്ങാത്ത സ്നേഹവും അവരുടെ ആശങ്കയുമാണു കാണിക്കുന്നത്. ദുആക്കു പുറമെ ധാരാളമായി സദഖയും ദാനധർമങ്ങളും മൃഗബലിയും നൽകിക്കൊണ്ടിരുന്നു. ഒരിക്കൽ ഹുദൂർ വളരെ സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് പറഞ്ഞു എന്റെ അസുഖാവസരത്തിൽ ജമാഅത്തു കൂടുതലായി അല്ലാഹുവിലേയ്ക്കു തിരിഞ്ഞിരുന്നു.

### തദ്കിറയിലെ പ്രവചനവും മുസ്ലിഹ് മൗഊദിന്റെ അപഗ്രഥനവും

വാഗ്ദത്ത മഹ്ദി മസീഹി (അ) ന്റെ ഇൽഹാമുകളുടേയും ദിവ്യ ദർശനങ്ങളുടേയും സ്വപ്നങ്ങളുടേയും സമാഹാരമായ തദ്കിറ എന്നറിയപ്പെടുന്ന ഗ്രന്ഥത്തിന്റെ 671-ാം പേജിൽ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ സ്വപ്നത്തിലൂടെയുള്ള ഈ പ്രവചനം ചേർത്തിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്ലിഹ് മൗഊദ് (റ) ആ പ്രവചനത്തിന്റെ

പ്രത്യേകതകൾ വിവരിച്ചു കൊണ്ട് തശ്ഹീദുൽ അസ്ഹാൻ മാസികയിൽ നിശാനെ ആസ്മാനി എന്ന തല വാചകത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് കുതിരപ്പുറത്തു നിന്നും വീണതായി മസീഹ് മൗഊദ് (അ) സ്വപ്നം കണ്ട അവസരത്തിൽ മൗലവി സാഹിബിന്റെ പക്കലോ ഖാദിയാനിൽ ആരുടേയെങ്കിലും അധീനതയിലോ കുതിരയുണ്ടായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ വഫാത്തുവരേയും ഈ പ്രവചനം പൂർത്തിയാകാതിരിക്കുക, പിന്നീട് മൗലവി സാഹിബിന്റെ മകൻ അബ്ദുൽ ഹൈയ് സാഹിബിനു ഒരാളിൽ നിന്നും കുതിര സമ്മാനമായി ലഭിക്കുക, വില കൊടുത്തു വാങ്ങാതിരിക്കുക, നവാബ് മുഹമ്മദ് അലി ഖാൻ സാഹിബ് ഹുസൂറിനെ സന്ദർശിക്കാൻ നേരിട്ടു വന്നിട്ടും ഹുസൂർ അദ്ദേഹത്തിന്റെ വീട്ടിൽ പോവുക, റിക്കാബ് ചെറുതായിട്ടും മറ്റുള്ളവർ പറഞ്ഞിട്ടും കുട്ടികൾക്കു ബുദ്ധിമുട്ടാകുമെന്നു പറഞ്ഞിട്ടു അതിന്റെ നീളം കൂട്ടാതിരിക്കലും, കൂടെ പോകാൻ ജമാഅത്തിലെ സഹോദരന്മാർ ആഗ്രഹം പ്രകടിപ്പിച്ചിട്ടും ഹുസൂർ അവരെ തടഞ്ഞതും, കുതിരയുടെ നിയന്ത്രണം വിട്ടുള്ള വേഗതയോടുള്ള ഓട്ടവും, അതു കാരണം കൂടെയുള്ളവർ പുറകിൽ ആയിപ്പോയതും പിന്നീട് പാറക്കല്ലുള്ള സ്ഥലത്തു തന്നെയുള്ള ഹുസൂറിന്റെ വീഴ്ചയും എല്ലാം തന്നെ അസാധാരണവും അത്ഭുതകരവുമായ സംഭവവികാസങ്ങളാണു. ഇതു ഹദ്റത്ത് മസീഹ് മസീഹ് മൗഊദി (അ) ന്റെ പ്രവചന പൂർത്തീകരണത്തിനായുള്ള അല്ലാഹുവിന്റെ തീരുമാനങ്ങളായിരുന്നുവെന്നു വിശ്വസിക്കുകയല്ലാതെ മറ്റൊരു കാരണവും ഈ സംഭവത്തിനു പുറകിൽ ഞാൻ കാണുന്നില്ല. (തശ്ഹീദുൽ അസ്ഹാൻ വാല്യം 15. പേജ് 404. നവംബർ 1910)

ഹദ്റത്ത് ശേഖ് മഹ്മൂദ് അഹ്മദ് സാഹിബ് ഇർഫാനി (റ) നിവേദനം ചെയ്യുന്നു. ഹുദൂർ കുതിരപ്പുറത്തു നിന്നും വീണ അന്നു രാത്രി മഗ്രിബ് നമസ്ക്കാരാനന്തരം ഹദ്റത്ത് മിയാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് (മുസ്‌ലിഹ് മൗഊദ് (റ)) മസീഹ് മൗഊദിന്റെ ഇൽഹാമുകൾ എഴുതിവച്ച ഒരു നോട്ടു ബുക്കിൽ നിന്നും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് കുതിരപ്പുറത്തു നിന്നും വീണതായി വാഗ്ദത്ത മസീഹ് (അ) കണ്ട ആ ദർശനം പള്ളിയിൽ വായിച്ചു കേൾപിച്ചു കൊണ്ട് പറഞ്ഞു ഇതു ജമാഅത്തിനു വന്നു ഭവിച്ച വളരെ വേദന നിറഞ്ഞ ഒരു സംഭവമാണെങ്കിലും ആ ദു:ഖത്തിലും അല്ലാഹുവിന്റെ വാക്കുകൾ പൂർത്തിയായി എന്ന ഒരു സന്തോഷവുമുണ്ട്.

## വീഴ്ചയ്ക്കു മുമ്പുള്ള ജുമുഅ ഖുതുബ

1910 നവംബർ 18 വെള്ളിയാഴ്ച ജുമുഅ ഖുതുബയിൽ ഹുസൂർ ജമാഅത്തിനു മുന്നിൽ ഒരു വിടവാങ്ങൽ പ്രസംഗം പോലുള്ള ഒരു ഖുതുബയായിരുന്നു നിർവ്വഹിച്ചത്. അതിന്റെ ചില ഭാഗങ്ങൾ ഇങ്ങനെയായിരുന്നു. നിങ്ങൾ അല്ലാഹുവിനെ ആത്മാർത്ഥമായി സ്നേഹിക്കുകയും റസൂൽ(സ)തിരുമേനിയെ പരിപൂർണമായി അനുസരിക്കുകയും ഖുർആനെ നന്നായി മനസ്സിലാക്കുകയും ചെയ്യുന്ന ഒരു ഒരു ജമാഅത്തായിത്തീരണമെന്നാണു ഞാൻ ആഗ്രഹിക്കുന്നത്. എന്റെ യജമാനനായ അല്ലാഹു എന്നെ ഒരുപരീക്ഷണത്തിലും അകപ്പെടുത്താതേയും ആവശ്യപ്പെടാതേയും അനേകമനേകം ആശ്ചര്യകരമായ അനുഗ്രഹങ്ങൾ എനിക്കവൻ വാരിക്കോരി നൽകിയിട്ടുണ്ട്. എനിക്കത് എണ്ണിത്തിട്ടപ്പെടുത്തുവാൻ കൂടി സാദ്ധ്യമല്ലാത്തവയാണു. എന്റെ എല്ലാ ആവശ്യങ്ങളും കണ്ടറിഞ്ഞു പൂർത്തിയാക്കുന്നവനാണവൻ. അവനെനിക്കു ആഹാരം നൽകുന്നു. അവൻ സ്വന്തമായിത്തന്നെയാണു ആഹാരം നൽകുന്നത്. അവനെന്നെ വസ്ത്രമുടുപ്പിക്കുന്നു. അവൻ സ്വന്തമായി തന്നെയാണു വസ്ത്രമുടുപ്പിക്കുന്നത്. അവനെനിക്കു വിശ്രമവും സുഖവും നൽകുന്നു. അവൻ സ്വന്തമായിത്തന്നെയാണു വിശ്രമവും സുഖവും നൽകുന്നത്. അവനെനിക്കു അനേകം വീടുകൾ നൽകിയിട്ടുണ്ട്. ഭാര്യാമക്കളേയും നൽകി.

ആത്മാർഥരായ ധാരാളം സുഹൃത്തുക്കളെ അവനെനിക്കു നൽകി. കാണുന്നവർക്കു തലകറക്കം ഉണ്ടാക്കുന്ന ഗ്രന്ഥ ശേഖരവും അവനെനിക്കു നൽകി. പാരായണത്തിനായി സമയവും ആരോഗ്യവും അറിവും നൽകി. ഞാനെന്റെ നാഥനായ അല്ലാഹുവിന്റെ മുന്നിൽ വലിയ വലിയ പ്രതീക്ഷകളാണു അർപ്പിക്കുന്നത്. അതുകൊണ്ട് അവൻ എന്റെ ഈ ആഗ്രഹവും പൂർത്തിയാക്കുമെന്ന ഉത്തമ വിശ്വാസം എനിക്കുണ്ട്. നിങ്ങൾ ഖുർആന്റെ വിധി വിലക്കുകളനുസരിക്കുകയും നബി തിരുമേനിയുടെ ചര്യയനുസരിച്ച് ജീവിക്കുകയും ചെയ്യുന്ന ഒരു ജമാഅത്തായി തീരണമെന്നാണു എന്റെ ഹൃദയാഭിലാഷം. ഞാൻ ഈ ലോകം വിട്ടു പിരിയുമ്പോൾ അതിലൂടെ എന്റെ കണ്ണുകൾക്കു കുളിർമയും ഹൃദയത്തിനു സമാധാനവും ലഭിക്കും. നോക്കു ഞാൻ നിങ്ങളിൽ നിന്നു യാതൊരു പ്രതിഫലവും ഒരിക്കലും ആഗ്രഹിക്കുന്നില്ല. നിങ്ങളുടെ സമ്മാനങ്ങളും കാണിക്കയും ഞാൻ ഇഷ്ടപ്പെടുന്നില്ല. എത്രമാത്രമെന്നാൽ നിങ്ങളെനിക്കു സലാം പറയണമെന്നു പോലും ഞാൻ താൽപര്യപ്പെടുന്നില്ല. നിങ്ങളിൽ നിന്നു വല്ലതും ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുന്നവരും റസൂൽ കരീമി (സ) ന്റെ അനുയായികളായി തങ്ങളുടെ കഴിവും അറിവുമനുസരിച്ചു സമാധാനത്തോടും സഹിഷ്ണുതയോടും കൂടി ലായിലാഹ ഇല്ലല്ലാഹ് മുഹമ്മദുർ റസൂലുല്ലാഹ് എന്ന പരിശുദ്ധ കലിമ ലോകത്തിന്റെ കോണുകളോളം മറ്റുള്ളവർക്കു എത്തിച്ചു കൊടുക്ക

ണം എന്നു മാത്രമാണ്.

### പ്രവാചകർക്കും ഖലീഫമാർക്കുമുള്ള പരീക്ഷണത്തിന്റെ പൊരുൾ

അല്ലാഹുവിന്റെ പ്രവാചകർക്കും അവരുടെ ഖലീഫമാർക്കും ഔലിയാക്കൾക്കും അല്ലാഹുവിന്റെ മറ്റു പ്രിയപ്പെട്ടവർക്കും ഉണ്ടാകുന്ന രോഗങ്ങൾ പരീക്ഷണങ്ങൾ മറ്റു ബുദ്ധിമുട്ടുകൾ യഥാർഥത്തിൽ അവരുടെ ആത്മീയ ഔന്നത്യത്തിനും ഉന്നതിക്കും വേണ്ടിയുള്ളതാകുന്നു. ഹദ്റത്ത് റസൂൽ കരീം (സ) അരുൾ ചെയ്യുന്നു

إِنَّ الْعَبْدَ إِذَا سَبَقَتْ لَهُ مِنَ اللهِ مَنْزِلَةٌ فَلَمْ
يَبْلُغْهَا بِعَمَلٍ اِبْتِلَاهُ اللهُ فِي جَسَدِهِ أَوْ مَالِهِ
أَوْ فِي وَلَدِهِ ثُمَّ صَبَرَ عَلَى ذَالِكَ حَتّٰى
يُبَلِّغَهُ الْمَنْزِلَةَ الَّتِي سَبَقَتْ لَهُ مِنَ اللهِ عَزَّ وَجَلَّ
(مِشْكَاةُ الْمَصَابِيح . بَاب عِيَادَةُ الْمَرِيض وَثَوَابُ الْمَرَض)

അല്ലാഹുവിന്റെ സ്വാലിഹും മുത്തഖിയുമായ ഒരു ദാസനു അല്ലാഹു നൽകാൻ തീരുമാനിക്കുകയും വിധിക്കുകയും ചെയ്തിട്ടുള്ള ആത്മീയമായ ഉന്നത സ്ഥാനം ആ ദാസനു തന്റെ അമലുകളിലൂടെ പ്രാപിക്കാൻ സാധിക്കാതെ വരുമ്പോൾ അല്ലാഹു അവനു ശാരീരികവും സാമ്പത്തികവുമായ പരീക്ഷണങ്ങളും സന്താനങ്ങൾ മുഖേന യുള്ള വിഷമങ്ങളും നൽകുന്നു. അതോടൊപ്പം അവനു ക്ഷമ കൈകെള്ളുവാനുള്ള തൗഫീഖും പ്രദാനം ചെയ്യുന്നു. ഇത്തരത്തിൽ അല്ലാഹു നൽകാൻ തീരുമാനിച്ച ഉന്നതമായ ആത്മീയ സ്ഥാനത്തിനു അവനെ അർഹനാക്കുന്നു. (മിശ്ക്കാത്തുൽ മസാബീഹ്. ബാബ് ഇയാദത്തുൽ മരീദ് വ സവാബുൽ മർസ്)

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു. നബിമാർക്കും അല്ലാഹുവിന്റെ പരിശുദ്ധർക്കും അഭിമുഖീകരിക്കേണ്ടി വരുന്ന പരീക്ഷണങ്ങളുടേയും ബുദ്ധിമുട്ടുകളുടേയും അവസരത്തിൽ അല്ലാഹു അവർക്കു ക്ഷമയും സഹനവും കൈകൊള്ളുവാനുള്ള ശക്തിയും കഴിവും നൽകുന്നു. ഈ കഷ്ടപ്പാടും വേവലാതിയും അവരെ സംബന്ധിച്ചിടത്തോളം മാധുര്യം നിറഞ്ഞ ഒരു അനുഭൂതിയാണ്. അവരത് ആസ്വദിക്കാൻ തുടങ്ങുകയും അതവരുടെ ആത്മീയ ഉന്നതിക്കുള്ള ഉപാധിയായിത്തീരുകയും ചെയ്യുന്നു. കാരണം അവരുടെ ആത്മീയ ഉന്നതിക്കു ഇത്തരം പരീക്ഷണങ്ങളും മുസീബത്തുകളും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. അതവരുടെ ആത്മീയ ഔന്നത്ത്യത്തിലേയ്ക്കുള്ള ഗോവണിയായി പ്രവർത്തിക്കുന്നു. ഈ പരീക്ഷണങ്ങളിലൂടെ അവർ ആസ്വദിക്കുന്ന മാധുര്യം വാക്കുകളിലൂടെ വിവരിക്കാനാവുകയില്ല. അവർക്കിതൊരു കഷ്ടപ്പാടേയല്ല. ഇത് അവരെ സംബന്ധിച്ചിടത്തോളം ആതിഥ്യമര്യാദകളും ഉപചാരങ്ങളുമുള്ള വൈവിധ്യങ്ങളായ കായ്കനികളും പഴങ്ങളും നിറഞ്ഞ സൽക്കാരമാണ്. അല്ലാഹു അപ്പോൾ തികച്ചും അവരുടെ സമീപസ്ഥമായിരിക്കും. തുടർന്നു അവർ ദൈവിക ഭാഷണമെന്ന അനുഗ്രഹത്തിന്നവകാശികളാകും. മലക്കുകൾ ഹസ്തദാനം ചെയ്യും. വഹിയിലൂടേയും ഇൽഹാമിലൂടേയും അവർക്കു സാന്ത്വനവും സമാധാനവും നൽകപ്പെടും. അവരെ കാണുന്ന സാധാരണ ജനങ്ങളുടെ ദൃഷ്ടിയിൽ ഇതു പരീക്ഷണങ്ങളുടെയും കഷ്ടപ്പാടുകളുടേയും ദിനങ്ങളായിരിക്കാം. എന്നാൽ യഥാർഥത്തിൽ ഇത് അല്ലാഹുവിന്റെ പാരിതോഷികത്തിന്റേയും അനുഗ്രങ്ങളുടേയും ഔദാര്യത്തിന്റേയും വൃഷ്ടിയുടെ ദിനങ്ങളാണ്. അല്ലാഹുവിന്റെ പ്രേമികളായ ഈ സജ്ജനങ്ങൾ എങ്ങനെയാണു സുരക്ഷിതരായിത്തീരുന്നതെന്നും ആ പരീക്ഷണങ്ങളിലും കഷ്ടപ്പാടിലുമുള്ള മാധുര്യം എങ്ങനെയുള്ളതാണെന്നും ഞാനെങ്ങനെയാണു പറഞ്ഞു തരേണ്ടത്. ചുരുക്കത്തിൽ ഈ സുകൃതവാന്മാർക്കും സജ്ജനങ്ങൾക്കും ഈ പരീക്ഷണങ്ങളുടെ ഫലം സ്വർഗത്തിന്റേയും ആത്മീയ ഔന്നത്യത്തിന്റേയും രൂപത്തിൽ ലഭ്യമാകുന്നു. (അൽഹക്കം 7 ഡിസംബർ 1910 പേജ് 3 കോളം 1)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രോഗാവസ്ഥയിൽ കഴിഞ്ഞിരുന്ന ആ ദിനങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ച സജ്ജനങ്ങളുടെ ആ പ്രത്യേക അനുഭൂതിയും ആത്മീയ് വർണവും തികച്ചും അതേ രൂപത്തിൽ ഹുദൂറിൽ പ്രതിഫലിച്ചിട്ടുണ്ടായിരുന്നു. മുകളിൽ എഴുതിയതു പോലെ അപകടം സംഭവിച്ച അവസരത്തിൽ ഹുദൂറിന്റെ നാവിൽ നിന്നും ആദ്യം വന്ന വാചകം മസീഹ് മൗഊദിന്റെ സ്വപ്നം പൂർത്തിയായി എന്നായിരുന്നുവല്ലോ. മറ്റൊരു ദിവസം ഹുദൂർ പറഞ്ഞു എന്റെ ഈ അവസ്ഥയിലൂടെയും തുടർന്നുള്ള രോഗത്തിലൂടേയും അല്ലാഹു എന്തോ മഹത്തായ കാര്യം തീരുമാനിച്ചിട്ടുണ്ട്. അതു കൊണ്ടാണു വാഗ്ദത്ത മഹ്ദി മസീഹി (അ) നു ഈ സംഭവം അതേപടി എത്രയോ വർഷങ്ങൾക്കു മുമ്പ് കാണിച്ചു കൊടുക്കുകയും പിന്നീട് ആ സംഭവം അതുപോലെ തന്നെ പൂർത്തിയാക്കുകയും എന്നെ കട്ടിലിൽ കൊണ്ടെത്തിക്കുകയും ചെയ്തത്.

കുതിരപ്പുറത്തു നിന്നും വീണ് പ്രാഥമിക ചികിത്സ നൽകിയ ശേഷം ഹുദൂറിനെ വീട്ടിലെത്തിച്ചപ്പോൾ ഹുദൂർ പറഞ്ഞു ഇവിടെ വല്ലവരും ഹാഫിസ് ഖുർആൻ ഉണ്ടെങ്കിൽ എനിക്കു കുറച്ചു ഖുർആൻ ഓതി കേൾപിച്ചാലും. അങ്ങനെ ആദ്യം കുറച്ചു നേരം ഹാഫിസ് സയ്യിദ് മഹ്മൂദുല്ലാഹ് ശാഹ് സാഹിബും പിന്നീട് ഹാഫിസ് സയ്യിദ് അസീസുല്ലാഹ് ശാഹ് സാഹിബും ഖുർആൻ ഓതിക്കേൾപിച്ചു. ഇത്തരം അവസ്ഥയിൽ ആരെങ്കിലും ഖുർആൻ ഓതിക്കേൾപിച്ചാൽ ഹുദൂറിന്റെ മനസ്സിനും ശരീരത്തിന്നും വലിയ ആശ്വാസവും സമാധാനവും ലഭിക്കാറുണ്ട്. പിന്നീട് അവരോടു പറഞ്ഞു എത്ര

സാത്വികരായ മക്കളെയാണു നിങ്ങളുടെ പിതാവിനു അല്ലാഹു നൽകിയിരിക്കുന്നത് എന്നതു എനിക്കു വലിയ സന്തോഷം നൽകുന്നു. ഹുദൂറിനു വളരെ മുമ്പ് തന്നെ ഖുർആനോടു എന്തെന്നില്ലാത്ത അഭിനിവേശമായിരുന്നു. ആ വികാരം ഈ അസുഖത്തോടെ ഉത്തുംഗതയിലെത്തി. ഹുസൂർ കിടന്നു കൊണ്ട് ഖുർആൻ ആയത്തുകളെ കുറിച്ചും അതിലടങ്ങിയിരിക്കുന്ന തത്ത്വരഹസ്യങ്ങളെ കുറിച്ചും നിഗൂഢ ജ്ഞാനങ്ങളെ കുറിച്ചും അഗാധമായി ചിന്തിക്കുമായിരുന്നു. ആ രോഗാവസ്ഥയിലും ഹുസൂർ നമസ്ക്കാരം കൃത്യമായി അനുഷ്ടിക്കുമായിരുന്നു. ഒരു ദിവസം നമസ്ക്കാരത്തിനായി നിന്നു. പക്ഷേ ഖുർആന്റെ ഏതോ ഒരായത്തിനെ കുറിച്ചുള്ള ചിന്ത മനസ്സിൽ കുടുങ്ങിയതു കാരണം രണ്ടു മണിക്കൂറിനു ശേഷവും നമസ്ക്കാരം പൂർത്തിയാക്കാനായില്ല. എന്നിട്ടു പറഞ്ഞു എന്താ ചെയ്യുക. നമസ്ക്കാരം പൂർത്തിയാകാനായില്ല. (അൽ ഹക്കം 7 ഡിസ്ംബർ 1910 പേജ് 4 കോളം 3 )

ഖലീഫത്തുൽ മസീഹ് അവ്വൽ പറയുകയാണ്. ഒരിക്കൽ എന്നോടു ഭാര്യ ചോദിച്ചു ഇത്ര വലിയ അപകടം എന്തുകൊണ്ടാണു സംഭവിച്ചതെന്നറിയാമോ? ഞാൻ പറഞ്ഞു അല്ലാഹുവിന്റെ നിഗൂഢങ്ങളിൽ നിഗൂഢങ്ങളായ പല രഹസ്യങ്ങളുമുണ്ട്. അതു ഞാനെങ്ങനെ അറിയാനാണ്. ഭാര്യ പറഞ്ഞു ഒരു കാരണം എന്റെ മനസ്സിലുണ്ട്. വേണമെങ്കിൽ പറയാം. ഞാൻ പറഞ്ഞു പറയൂ കേൾക്കട്ടെ. അപ്പോൾ ഭാര്യ പറഞ്ഞു സാധാരണ ജുമുഅ നമസ്ക്കാരത്തിനു ശേഷം താങ്കൾ ദീർഘമായി ദുആയിൽ മുഴുകുകയായിരുന്നു പതിവ്. അന്നു താങ്കൾ പതിവിനു വിപരീതമായി അതൊഴിവാക്കി വലിയൊരു പണക്കാരനെ കാണാൻ ചെന്നു. ഹുദൂർ പറയുകയാണ് എനിക്കെന്റെ ഭാര്യയുടെ ആ പുതിയ കണ്ടുപിടുത്തം വളരെ ഇഷ്ടപ്പെട്ടു.

ആരംഭത്തിൽ രോഗത്തിന്റെ കാഠിന്യം വളരെ അധികമായിരുന്ന അവസരത്തിൽ ഹാഫിസ് മുഹമ്മദ് ഇബ്റാഹീം സാഹിബും ഖാരി മുഹമ്മദ് യാസീൻ സാഹിബും ഖുർആൻ കൃത്യമായി ഹുസൂറിനു ഓതിക്കേൾപിക്കാറുണ്ടായിരുന്നു. പിന്നീട് വേദനയും ശാരീരിക അസ്വാസ്ഥ്യങ്ങളും താരതമ്യേന കുറഞ്ഞപ്പോൾ ഹുസൂർ മറ്റുള്ളവർക്കു ഖുർആൻ കേൾപിക്കാനും ഖുർആൻ ദറസ് നടത്താനും ആരംഭിച്ചു. ഇതു കണ്ടപ്പോൾ ഡോക്ടർമാർ പറഞ്ഞു ഇതു ശരിയല്ല. ഇതിലൂടെ രോഗവും വേദനയും വർദ്ധിക്കാൻ സാദ്ധ്യതയുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു ഇതു നൂറുദ്ദീന്റെ ഭക്ഷണമാണ് ദയവു ചെയ്തു നൂറുദ്ദീനെ ദറസുൽ ഖുർആനിൽ നിന്നും തടയരുത്. ഹുദൂർ ആ അവസരത്തിൽ ശേഖ് മുഹമ്മദ് തൈമൂർ സാഹിബിനേയും ഒരനഹ്മദി മൗലവിയായ മൗലവി മുഹമ്മദ് ശഫീഖ് സാഹിബിനേയും ഖുർആനും ഹദീസും പഠിപ്പിക്കാറുണ്ടായിരുന്നു.

ഹുദൂറിന്റെ അസുഖം കാരണം ജമാഅത്തിനു വലിയ നഷ്ടമാണുണ്ടായത്. അതിൽ ഏറ്റവും വലുത് ഹുസൂറിന്റെ ദറസുൽ ഖുർആൻ ആയിരുന്നു. ആ നഷ്ടം ഹുദൂറിനും കൂടുതലായി അനുഭവപ്പെട്ടിരുന്നു. അതിനാൽ ഹുദൂർ സാഹിബ് സാദാ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് സാഹിബിനോടു അസറിനു ശേഷം ഖുർആൻ ദറസ് നൽകാൻ കൽപിക്കുകയുണ്ടായി. വല്ല കാരണവശാലും അദ്ദേഹത്തിനു ദറസ് നൽകാൻ സാധിക്കാതെ വന്നാൽ മൗലവി സയ്യിദ് മുഹമ്മദ് സർവർ ശാഹ് സാഹിബോ ഖാസി അമീർ ഹുസൈൻ സാഹിബോ ദറസ് നൽകേണ്ടതാണെന്നു ഹുദൂർ നിർദേശിക്കുകയുണ്ടായി. ഹുദൂർ രോഗാവസ്ഥയിൽ രാവും പകലും ഹാഫിസുമാരിൽ നിന്നും ഖുർആൻ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യുമായിരുന്നു. ഇതിനു പുറമെ ഹുദൂർ ബുഖാരിയും ഉംദത്തുൽ അഹ്ഖാം എന്ന ഹദീസ് ഗ്രന്ഥവും മറ്റുള്ളവരിൽ നിന്നും കേൾക്കാറുണ്ടായിരുന്നു. ഇതെല്ലാം തന്നെ ഹുദൂറിനു ഖുർആനോടും ഹദ്റത്ത് ഖാത്തമുന്നബിയ്യീൻ മുഹമ്മദ് മുസ്തഫാ (സ) നോടുമുള്ള സ്നേഹവും പ്രേമവും ആദരവുമാണു വിളിച്ചോതുന്നത്.

## രോഗാവസ്ഥയിലും അതീവ ശ്രദ്ധയും തവക്കലും ഖുർആനോടുള്ള പ്രേമവും

ഇനി ഹുദൂറിന്റെ അസുഖ വേളയിലെ തവക്കലിന്റേയും അനിതര സാധാരണമായ സൂക്ഷ്മതയുടേയും മസീഹ് മൗഊദിനോടുണ്ടായിരുന്ന സ്നേഹത്തിന്റേയും ജീവൻ തുടിക്കുന്ന ചില സംഭവങ്ങൾ വിവരിക്കാം. ഒരിക്കൽ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബി (റ) നെ വിളിച്ചിട്ടു ഹുദൂർ പറഞ്ഞു, നോക്കു ജീവിതത്തിന്റെ കാര്യത്തിൽ യാതൊരുറപ്പുമില്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ പത്രത്തിൽ ഒരു വിളംബരം നൽകണം. എന്റെ കയ്യിൽ വച്ചിട്ടുള്ള അമാനത്തായാലും ശരി, വല്ലവരും തന്ന കടമായാലും ശരി, ചികിത്സക്കായി വല്ലവരും എന്നെ ഏൽപിച്ച പണമനുസരിച്ചുള്ള സേവനം അവർക്കു ലഭിച്ചില്ലെന്നു അവർ മനസ്സിലാക്കുന്നുവെങ്കിൽ അതുമല്ലെങ്കിൽ മറ്റെന്തെങ്കിലും ഉദ്ദേശത്തിൽ വല്ലവരും വല്ലതും എന്നെ ഏൽപിച്ചിട്ടുണ്ടെങ്കിൽ അവർ ആ തുകയോ സാധനമോ എന്നിൽ നിന്നും തിരിച്ചുവാങ്ങേണ്ടതാണ്.

ഒരിക്കൽ ഹുദൂറിന്റെ സഹോദര പുത്രൻ അബ്ദുർ റഹ്മാൻ സാഹിബ് തന്റെ അമാനത്ത് തിരികെ ചോദിക്കുന്നതായി ഹുദൂറിനെ അറിയിച്ചു. പക്ഷേ, അമാനത്തു വെച്ച അവസരത്തിൽ നൽകപ്പെട്ട റസീറ്റ് കളഞ്ഞു പോയിരുന്നു. ഹുദൂർ പറഞ്ഞു അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ അമാനത്തുകളുടെ പ്രവർത്തനങ്ങൾ വളരെ സുരക്ഷിതവും ഭദ്രവുമാണ്. ആർക്കു വേണമെങ്കിലും ഏത് സമയം വേണമെങ്കിലും തന്റെ

അമാനത്തുകൾ തിരിച്ചെടുക്കാവുന്നതാണ്. അമാനത്തു ഏതു രീതിയിലാണോ ഏൽപിക്കുന്നത് അതേ സ്ഥിതിയിൽ തന്നേയാണ് അതു വെച്ചിരിക്കുന്നത്. ഈ കാര്യം എന്റെ വീട്ടുകാർക്കും നന്നായിട്ടറിയാം. നമ്മുടെ കൈയിൽ വച്ചിരിക്കുന്ന അമാനത്തിനു എന്റെ ജീവിതമോ മരണമോ യാതൊരു സ്വാധീനവും ചെലുത്തുകയില്ല. എന്നിട്ടു അമാനത്തിന്റെ റസീദിന്റെ കാര്യം പറഞ്ഞു അതു സാരമില്ല. അയാളുടെ അമാനത്തിനോടൊപ്പം അതിന്റെ ഒരു കോപ്പി ഉണ്ടാവാം. അതു നോക്കി ഇപ്പോൾ തന്നെ അയാളുടെ അമാനത്തു തിരിച്ചു കൊടുത്തേക്കു. പരിശോധിച്ചപ്പോൾ ഹുദൂർ പറഞ്ഞതു വളരെ ശരിയായിരുന്നു. ആ അമാനത്ത് രൂപയോടൊപ്പം ഹുദൂർ എഴുതിയ റസീറ്റും ഉണ്ടായിരുന്നു. അപ്പോൾ തന്നെ അത് അയാൾക്കു കൊടുത്തു.

1910 ഡിസംമ്പർ 10-ാം തീയതി പെരുന്നാൾ ദിവസം തഅ്ലീമുൽ ഇസ്‌ലാം ഹൈസ്ക്കൂളിന്റെ ഹെഡ്മാസ്റ്റർ മൗലവി സദറുദ്ദീൻ സാഹിബ് സ്ക്കൂളിലെ കുട്ടികളെ ഒരു ടൂർണമെന്റിനായി പുറത്തേയ്ക്കയക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. ഹുദൂറിനിതു തീരെ ഇഷ്ടമില്ലായിരുന്നു. ഹുദൂർ മൗലവി സദറുദ്ദീൻ സാഹിബിനെ വിളിച്ചിട്ടു പറഞ്ഞു പെരുന്നാൾ ദിവസം ഇത്തരത്തിലുള്ള ഒരു യാത്ര ഞാൻ ഇഷ്ടപ്പെടുന്നില്ലെന്നു മാത്രമല്ല അതു അനുവദനീയമാണെന്നു മനസ്സിലാക്കുന്നുമില്ല. അതു കൊണ്ട് താങ്കൾക്കിതു മറ്റുള്ളവരുടെ മുന്നിൽ പറയാൻ പേടിയുണ്ടെങ്കിൽ നൂറുദ്ദീൻ സമ്മതിച്ചില്ലെന്നു പറഞ്ഞേക്കു.

കിടപ്പിലായിരുന്ന അവസരത്തിൽ ഹുദൂർ ധാരാളമായി ദുആയിൽ വ്യാപൃതനാകാറുണ്ടായിരുന്നു. എന്നാൽ അറഫ ദിനം വന്നെത്തിയാൽ അന്നേ ദിവസം ഹുദൂർ സൂര്യോദയം മുതൽ സൂര്യാസ്തമനം വരെ ഒരു മുറിയിൽ അടച്ചു ഏകാന്തനായിരുന്നു ദുആ ചെയ്യുമായിരുന്നു. അന്നു ആ മുറിയിൽ പ്രവേശിക്കാൻ ആർക്കും അനുവാദമുണ്ടായിരിക്കുകയില്ല. അന്നു അല്ലാഹുവിനോടു വളരെ ദയനീയമായി കേണുകൊണ്ട് മറ്റു ദുആകൾക്കു പുറമെ ഇങ്ങനേയും ദുആ ചെയ്യുമായിരുന്നു. എന്റെ നാഥാ ഇന്നു അറഫാ മൈതാനത്തിരുന്നു നിന്നോടു ദുആ ചെയ്യുന്നവരോടൊപ്പം ഈ ഞാനും ചേർന്നിരിക്കുന്നു.

ഹുസൂറിനെ രോഗാവസ്ഥയിൽ ഖ്വാജാ കമാലുദ്ദീൻ സാഹിബ് ആദ്യമായി സന്ദർശിക്കാൻ വന്നപ്പോൾ സംസാരമദ്ധ്യേ, അലിഗഡിൽ തന്റെ പ്രസംഗമുണ്ടായിരുന്നുവെന്നും എന്നാൽ താങ്കളുടെ രോഗാവസ്ഥ പരിഗണിച്ചു ഞാൻ അവരോട് ക്ഷമാപണം ചെയ്തുവെന്നും പറഞ്ഞപ്പോൾ ഹുദൂർ പറഞ്ഞു അതു പാടില്ല. എന്റെ അസുഖം തബ്‌ലീഗ് പ്രവർത്തനങ്ങളിൽ ഒരിക്കലും തടസ്സമാകരുത്. അതു കൊണ്ട് താങ്കൾ തീർച്ചയായും പോകണം കാരണം എന്റെ അസ്തിത്വം ഇസ്‌ലാമിന്റെ പ്രവർത്തനങ്ങളിൽ ഒരു തരത്തിലും തടസ്സം സൃഷ്ടിക്കരുതെന്നും ഇസ്‌ലാമിക സേവനത്തിലൂടെ ഈ ജീവിതം പൂർത്തിയാകണമെന്നതുമാണ് എന്റെ ഹൃദയഭിലാഷം.

ഒരു ദിവസം മഗ്‌രിബ് നമസ്ക്കാരാനന്തരം അൽഹക്കം പത്രാധിപരായ ഹദ്റത്ത് ശേഖ് യഅ്കൂബ് അലി സാഹിബ് ഇർഫാനിയും മറ്റു ചിലരും ഹുദൂറിന്റെ അടുക്കൽ ഇരിക്കുകയായിരുന്നു. ആ അവസരത്തിൽ ഹുദൂർ പറഞ്ഞു ബാഹ്യമായി എന്റെ വരുമാന മാർഗം വൈദ്യമായിരുന്നു. അതു ഈ രോഗത്തോടെ ഇല്ലാതായിരിക്കുകയാണ്. ഇന്നു എന്നോട് എന്റെ ഭാര്യ പറഞ്ഞു അത്യാവശ്യ സാധനങ്ങൾക്കുള്ള പണം പോലുമില്ലാതായിരിക്കുകയാണ്. മനുഷ്യൻ ഇത്തരം രോഗാവസ്ഥയെ കുറിച്ചും നേരത്തെ ചിന്തിക്കേണ്ടതായിരുന്നു. താങ്കൾ അൽപം പോലും അതു ശ്രദ്ധിച്ചില്ല. ഞാൻ പറഞ്ഞു എനിക്കു അല്ലാഹുവിൽ വിശ്വാസമില്ലെങ്കിലല്ലേ അങ്ങനെയുള്ള മുൻകരുതൽ ചെയ്യേണ്ടതുള്ളു. അല്ലാഹു ഒരിക്കലും എന്റെ ആവശ്യങ്ങൾ പൂർത്തിയാക്കാതിരിക്കുകയില്ല. അപ്പോൾ ശേഖ് സാഹിബ് പറഞ്ഞു ഡോക്ടർമാരും മറ്റുള്ളവരും അങ്ങയെ സേവിക്കാൻ കിട്ടുന്ന ഏതു അവസരവും തങ്ങളുടെ സൗഭാഗ്യമായിട്ടാണ് കരുതുന്നത്. അപ്പോൾ ഹുദൂർ പറഞ്ഞു എന്റെ മേൽ അല്ലാഹുവിന്റെ ധാരാളം അനുഗ്രഹങ്ങൾ ഉണ്ട്.

ഇതു പറയുമ്പോഴേയ്ക്കും ശേഖ് മുഹമ്മദ് തൈമൂർ സാഹിബ് ശേഖ് മുഹമ്മദ് ഇസ്മാഈൽ സാഹിബ് ഹൈദാബാദ് സിന്ധിൽ നിന്നു അയച്ച കത്തും 125 രൂപയുടെ മണി ഓഡറും കൊടുത്തു. അദ്ദേഹത്തിനു സുഖമില്ലാതായപ്പോൾ ഇതു നിയ്യത്താക്കിയതായിരുന്നുവെന്നും അദ്ദേഹം കത്തിൽ എഴുതിയിട്ടുണ്ടായിരുന്നു. അതോടൊപ്പം പിൻഡ് ദാദൻഖാനിൽ നിന്നും മറ്റൊരാളുടെ കത്തും നാലു രൂപയുടെ മണിയോഡറും കിട്ടി. അമ്പതു വർഷം മുമ്പ് 1860-65 കാലഘട്ടത്തിൽ ഹുദൂർ തന്റെ 21-ാമത്തെ വയസ്സിൽ പിൻഡ് ദാദൻഖാനിലെ ഒരു സ്ക്കൂളിൽ ഹെഡ് മാസ്റ്ററായി നാലു വർഷം ജോലി ചെയ്തിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ ഹുദൂറിനു ഒരാൾ നാലു രൂപ കൊടുക്കാനുണ്ടായിരുന്നുവെന്നും ആ കാശാണു ഇതെന്നും അയാൾ കത്തിലെഴുതിയിട്ടുണ്ടായിരുന്നു. പക്ഷേ, ഹുദൂറിനു ആ കാര്യം തീരെ ഓർമയില്ല. ഏതായാലും നിമിഷ നേരം മുമ്പ് അത്യാവശ്യ സാധനം വാങ്ങാൻ പോലും പണമില്ലെന്ന ഭാര്യയുടെ പരാതി പറയുമ്പോഴേക്കും അല്ലാഹു 129 രൂപ ഹുദൂറിനു അയച്ചു കൊടുത്തു. ഹുദൂർ അല്ലാഹുവിന്റെ ഈ അനുഗ്രഹം കണ്ട് വികാരഭരിതനായി കണ്ണീർ പൊഴിച്ചു കൊണ്ട് പറഞ്ഞു എന്റെ നാഥൻ എത്രമാത്രം കാരുണ്യവാനാണെന്നു കാണിച്ചിരിക്കുകയാണ്. അവൻ വൈദ്യം മുഖേനയുള്ള എന്റെ

ശേഷം പേജ് 42 ൽ

കുറിപ്പുകൾ

# പാകിസ്താൻ വിതച്ചത് കൊയ്യുന്നു

## മുസാഫിർ

ഒരു രാഷ്ട്രമായി പിറവികൊണ്ടിട്ട് 75 വർഷം പിന്നിട്ടിട്ടും ഇസ്‌ലാമിക രാഷ്ട്രമാണെന്ന് അവകാശപ്പെടുന്ന പാകിസ്താൻ ശിഥിലമായ ഒരു ആൾകൂട്ടം പോലെ ദുർബലവും അരക്ഷിതവുമായി തുടരുകയാണ്. മതഭീകരവാദികളുടെയും മതമൗലികവാദികളുടെയും ഭീഷണി ഒരു ഭാഗത്തും പട്ടാളം മറുഭാഗത്തുമായി പതിറ്റാണ്ടുകളായി പാക്കിസ്താൻ ഭരണകൂടത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ്. മതനേതൃത്വവും രാഷ്ട്രീയക്കാരും പട്ടാളക്കാരും കൂടിയാണ് ആ നാടിനെ ഈ വിധത്തിലാക്കി തീർത്തതിന്റെ പൂർണ്ണ ഉത്തരവാദികൾ. പരിശുദ്ധ ദേശം എന്ന് അർത്ഥമുള്ള പാകിസ്താൻ ഇന്ന് ലോകത്തെ ഏറ്റവും അപകടകരമായ ദേശവും ഭീകരവാദികളുടെ പറുദീസയുമാണ്.

അഹ്‌മദികളടക്കം പാകിസ്താനിലെ ന്യൂനപക്ഷളെ സ്ഥിരമായി വധിക്കുകയും കൂട്ടക്കൊല നടത്തുകയും പീഡിപ്പിക്കുകയും അവിടെയുള്ള മുസ്‌ലിം ഗ്രൂപ്പുകൾ തമ്മിൽ പള്ളികളിൽ ചാവേറായി ബോംബ് സ്‌പോടനം നടത്തി നിരവധിപേരെ കൊന്നൊടുക്കുകയും ചെയ്യുന്നത് അവിടെ പതിവാണ്. ഇസ്‌ലാമിക വേഷം ധരിച്ച് കയറൂരി വിട്ട ഈ ഭീകരന്മാർക്ക് ആശയപരമായും രാഷ്ട്രീയമായും സാമ്പത്തികമായും പിന്തുണ നൽകുന്നത് പാകിസ്താനിലെ മത-രാഷ്ട്രീയ പാർട്ടികളാണ്. ഇസ്‌ലാമിന്റെ പേരിലാണ് ഈ എല്ലാ പൈശാചിക കൃത്യങ്ങളെല്ലാം നടന്നിരുന്നത്. ഇസ്‌ലാം മതത്തെ അപകീർത്തിപ്പെടുത്തുന്ന ഈ ഭീകരതയെ പ്രത്യക്ഷമായും പരോക്ഷമായും പിന്തുണക്കുന്നവർ ലോകത്തെല്ലായിടത്തുമുള്ള മുസ്‌ലിം സമൂഹങ്ങളിൽ കാണാം. ക്ഷമയുള്ളവനും കരുണാമയനുമായ ദൈവം ശിക്ഷിക്കുന്നതിൽ സാവകാശമുള്ളവനാണ്. **വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്‌മദ് (അ)** പറയുന്നു: **'തന്റെ മുമ്പാകെ പല നിന്ദ്യമായ കർമ്മങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലം വരെ അവൻ മൗനം അവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല...... ഞാൻ സത്യമായും നിങ്ങളോട് പറയുന്നു. ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു.' (ഹഖീഖത്തുൽ വഹി-1905)**

പാകിസ്ഥാൻ ഇന്ന് നേരിടുന്ന ദുരന്തങ്ങൾ കാണുമ്പോൾ അവിടെ ദീർഘനാളുകളായി നടക്കുന്ന ഈ ദ്രോഹങ്ങളുടെയെല്ലാം ഫലമാണെന്ന് ദൈവ വിശ്വാസികളായവർക്കെല്ലം കണ്ണടച്ചു പറയാവുന്നതാണ്. അത്രയും അനീതിയും പരദ്രോഹവുമാണ് ഇസ്‌ലാമിന്റെ പേരിൽ അവിടെ നടക്കുന്നത്.

വിശപ്പടക്കാൻ ഭക്ഷണമില്ലാതെ ചികിത്സിക്കാൻ മരുന്നില്ലാതെ വെളിച്ചം പകരാൻ വൈദ്യുതിയില്ലാതെ 24 കോടിയുള്ള പാക് ജനതയുടെ വലിയൊരു വിഭാഗം കൊടും ദുരിതത്തിലേക്ക് പോകുകയാണ്. കഴിഞ്ഞ ജൂൺ-ജൂലായ് മാസങ്ങളിലുണ്ടായ പേമാരിയും അസാധാരണമായ പ്രളയത്തിലും 1700 ലേറെ പേർ മരിക്കുകയും മൂന്ന് ലക്ഷം കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്തു. അതിന് മുമ്പേ വന്ന കോവിഡ് മഹാമാരി ഏൽപ്പിച്ച അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്കു മേലെയാണ് ഈ താങ്ങാനാവാത്ത ദുരന്തങ്ങൾ പാകിസ്താനെ ആകപ്പാടെ തകർത്തിക്കളഞ്ഞത്. ഈ വൻപതനത്തിൽ നിന്നും കരകയറാൻ അടുത്തൊന്നും പാകിസ്താനാവില്ല. അത്ര പരിതാപകരമാണ് അവരുടെ സ്ഥിതി എന്നാണ് അവിടെ നിന്നും വരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്.

ശ്രീലങ്കയേക്കാൾ അതിരൂക്ഷമാണ് സാമ്പത്തിക പ്രതിസന്ധി. പാകിസ്താന്റെ കൈയ്യിലുള്ള വിദേശ നാണ്യം ഏകദേശം 300 കോടി ഡോളർ മാത്രമാണ്. ജനസംഖ്യ അധികമുണ്ടെങ്കിലും താരതമ്യത്തിന് വേണ്ടി പറയാം ഇന്ത്യയുടെ വിദേശ ശേഖരം 2023 ഫിബ്രവരിയിൽ 5,75,270 ദശലക്ഷം ഡോളറാണ്. ഭക്ഷണവും മരുന്നും ഇറക്കുമതി ചെയ്യാൻ അവരുടെ കൈയ്യിൽ വിദേശ കറൻസിയില്ല. പാകിസ്താൻ അഭിമുഖീകരിക്കുന്ന ഈ വൻ പ്രതിസന്ധി തരണം ചെയ്യാൻ അവർ ഐ എം എഫിനെയാണ് സമീപിച്ചിരിക്കുന്നത്. ഈ ആഗോള ധനകാര്യ സ്ഥാപനത്തി

ന്റെ വായ്പ ലഭിക്കണമെങ്കിൽ കടുത്ത സാമ്പത്തിക അച്ചടക്കവും നിബന്ധനകളും പാലിക്കണം. കടം വാങ്ങുന്ന അധമർണ രാജ്യത്തിന് തിരിച്ചടവ് ശേഷിയുണ്ടാവാനാണ് ഈ കടുത്ത നിബന്ധനകൾ. പാകിസ്താന് അവ പാലിക്കാനാവാതെ ചർച്ചകൾ വഴിമുട്ടി നിൽക്കുകയാണ്. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 600 കോടി ഡോളർ പാക്കേജിൽ ആദ്യഘടു 110 കോടി ഡോളറിന്നായി കൈനീട്ടി കാത്തു നിൽക്കുകയാണ് പാകിസ്താൻ. ഐ എം എഫ് സഹായിച്ചാൽ ജൂൺ വരെ മുന്നോട്ടു പോകാം. അടുത്ത സാമ്പത്തിക വർഷത്തേക്ക് 1000 കോടി ഡോളർ അടിയന്തിരമായി വേണം. കൊടുക്കാൻ ആരുമില്ലാത്ത അവസ്ഥയാണ് ഇപ്പോൾ. കടം എവിടെ നിന്നെല്ലാം കിട്ടുമോ അവിടെയെല്ലാം പോയി യാചിക്കുകയാണ് പാകിസ്താൻ. അഫ്ഘാൻ യുദ്ധകാലത്ത് അമേരിക്കക്ക് വേണ്ടി മുജാഹിദീങ്ങളെ കൊണ്ട് യുദ്ധം ചെയ്യിക്കാൻ അമേരിക്ക നൽകിയ കോടിക്കണക്കിന് സഹായ ധനം പട്ടാളക്കാരും രാഷ്ട്രീയ നേതാക്കന്മാരും ചേർന്ന് വീതിച്ചെടുക്കുന്ന സമ്പ്രദായമായിരുന്നു അവിടെ ഉണ്ടായിരുന്നത്. അഫ്ഘാൻ യുദ്ധകാലം മുതൽ അമേരിക്കയുടെ സഹായധനമായി ലഭിക്കുന്ന പണമെല്ലാം രാഷ്ട്രീയക്കാരും പട്ടാളവും ഉദ്യോഗസ്ഥന്മാരും ധൂർത്തടിക്കുകയും അഴിമതി നടത്തി പൊതുധനം നശിപ്പിക്കുയും ചെയ്യുന്ന ഒരു പാരമ്പര്യമാണ് അവിടെ പ്രബലമായി നിൽക്കുന്നത്. ഇപ്പോൾ അമേരിക്കൻ സഹായമില്ല. ഇത് നന്നായറിയാവുന്ന ധനകാര്യ ഏജൻസികൾ രണ്ട് വട്ടം ആലോചിച്ച ശേഷമേ പാകിസ്താന് പണം നൽകൂ. മാത്രമല്ല തീവ്രവാദികളുടെ കൈകളിൽ സഹായധനം അതെത്താതിരിക്കാതെ നോക്കുകയും വേണം.

2018 ലെ പണപ്പെരുപം 4.5 ശതമാനമാണെങ്കിൽ 2021 ൽ അത് 10.5 ആണ് ഇപ്പോൾ 30 ശതമാനമാണ്. ഐ എം എഫിനെ പ്രീതിപ്പെടുത്താൻ വിവിധ മേഖലകളിൽ അധിക നികുതിയും തീരുവകളും ചുമത്തുന്ന ബിൽ പാക് പാർലമെന്റിൽ ഇതിനകം അവതരിപ്പിച്ചു കഴിഞ്ഞു. പ്രകൃതി വാതകത്തിന്റെ വില 113% വർദ്ധിച്ചപ്പോൾ ഊർജ്ജ വിലയും കുതിച്ചുയരുകയാണ്. ഐ എം എഫിന്റെ നിർദ്ദേശ പ്രകാരം ഏറ്റവും താഴ്ന്നു നിൽക്കുന്ന പാകിസ്താൻ രൂപയുടെ മൂല്യം വിണ്ടും കുറക്കുകയുണ്ടായി. ഇതെഴുതുമ്പോഴുള്ള പാകിസ്താൻ റുപ്പിയുടെ മൂല്യം ഒരു അമേരിക്കൻ ഡോളറിന് 270 രൂപയാണ്. (ഇന്ത്യൻ രൂപയുടെ മൂല്യം 82.8 ആണ് -ഫെബ്ര. 21ന്) പെട്രോളിന്റെ വില ലിറ്ററിന് 272, ഡീസലിന് 196 രൂപ, മണ്ണെണ്ണക്ക് 202.73. പാലിന് പാക്കറ്റിന് 210 രൂപ, കോഴി കിലോ 700 മുതൽ 780 വരെ. ആട്ട കിലോ 200 രൂപ. സാധാണ ഹോട്ടലിൽ ഊണിന് 300 രൂപ. റഷ്യയിൽ നിന്നായിരുന്നു പാകിസ്താന് ധാന്യങ്ങൾ വന്നിരുന്നത്. റഷ്യാ ഉക്രയ്ൻ യുദ്ധം തുടങ്ങിയതിന് ശേഷം അവിടെ നിന്നുള്ള ധാന്യ വരവ് നിലച്ചു. അതാണ് ഇത്രയധികം ധാന്യ വിലക്കയറ്റമുണ്ടാകാനുള്ള പലകാരണങ്ങളിൽ ഒരു കാരണം. അവിടെ ഇപ്പോൾ ഗവൺമെന്റിന്റെ സബ്സിഡിറിയുള്ള ധാന്യ വിതരണത്തിന്നായി ട്രക്കുകൾ വരുമ്പോൾ പിന്നാലെ ജനം പാഞ്ഞടുക്കുന്നു. തിക്കിലും തിരക്കിലും പെട്ട് ആളുകൾ മരിക്കുന്ന വാർത്തകളാണ് വരുന്നത്.

27 ബില്ല്യൻ ഡോളറാണ് മൊത്തം പാകിസ്താന്റെ രാജ്യാന്തര വായ്പ. അതിൽ 23 ബില്യൻ ഡോളറും ചൈനയിൽ നിന്നാണ് പാകിസ്താൻ വാങ്ങിയത്. സാമ്പത്തിക പ്രതിസന്ധിക്ക് ശേഷം പാകിസ്താനിലെ ചൈനീസ് എംബസ്സിയിലെ കോൺസുലർ സെക്ഷൻ ചൈന അടച്ചു പൂട്ടി. പാകിസ്താനിലെ സ്ഥിതി ഗതികൾ മോശമാവുന്ന സാഹചര്യത്തിൽ വിസനിയന്ത്രണവും അവരുടെ പൗരന്മാരുടെ സുരക്ഷയും കണക്കിലെടുത്താണ് കോൺസുലർ വിഭാഗം അടച്ചു പൂട്ടിയതെന്ന് പറയപ്പെടുന്നു. ഫെബ്ര: 13 മുതൽ പുതിയൊരറിയിപ്പുണ്ടാകുന്നത് വരെയാണ് അടച്ചുപൂട്ടൽ. പാക് താലീബാന്റെ നേതൃത്വത്തിൽ പാകിസ്താനിൽ കൂടുതൽ ആക്രമണങ്ങൾ ഉണ്ടാകുമെന്ന് ചൈന ആശങ്കപ്പെടുന്നു. കഴിഞ്ഞ ഏപ്രിലിൽ മൂന്ന് ചൈനീസ് അധ്യാപകരെ ഒരു വനിതാ ചാവേർ സ്വയം പൊട്ടിത്തെറിച്ച് കൊലപ്പെടുത്തിരുന്നു. ചൈനയുടെ അഭിമാന പദ്ധതിയായ ചൈനാ-പാകിസ്താൻ സാമ്പത്തിക ഇടനാഴിക്കെതിരെ അന്തർദേശീയ തലത്തിൽ എതിർപ്പുള്ളതിനാൽ പാകിസ്താന്റെ ഈ അവസ്ഥ മുതലെടുത്ത് കൂടുതൽ തീവ്രവാദി ആക്രമണങ്ങളും ചൈന പ്രതീക്ഷിക്കുന്നുണ്ടാവാം.

ഇമ്രാൻ ഖാൻ പ്രധാനമന്ത്രിയായിരിക്കുമ്പോൾ അനുദിനം ക്ഷയിച്ചു കൊണ്ടിരിക്കുന്ന പാകിസ്താനെ സാമ്പത്തിക ദുരന്തത്തിൽ നിന്നും കരകയറ്റാൻ അമേരിക്കയിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ അമേരിക്കാ-പാകിസ്താൻ സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന ആതിഫ് റഹ്മാൻ മിയാൻ സാഹിബിനെ 2018 സെപ്തംമ്പറിൽ തന്റെ ഉപദേശക സമിതിയിൽ അദ്ദേഹം നിയമിക്കുകയുണ്ടായി. അമേരിക്കയിലെ മസാച്ചുസെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്നും മാത്തമറ്റിക്സിൽ ബിരുദവും ഡോക്റേറ്റും എടുത്ത ഈ പ്രതിഭാശാലി. ചിക്കാഗോ യൂണിവേഴ്സിറ്റിയിലും കാലിഫോർണിയാ യൂണിവേഴ്സിറ്റിയിലും ഫാക്കൽറ്റി മെബറായി പ്രവർത്തിച്ചതിന് ശേഷമാണ് പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിൽ എത്തുന്നത്. ലോകത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന ഏറ്റവും സമുന്നതരായ സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ, ഐ. എം. എഫ് പ്രസിദ്ധീകരിച്ച പട്ടികയിൽ ഇരുപത്തഞ്ചാമത് റാങ്കിലുള്ള സാമ്പത്തിക പണ്ഡിത

നാണ് അന്ന് നാല്പത് വയസ്സ് ഉണ്ടായിരുന്ന ചെറുപ്പക്കാരനായ ആതിഫ് റഹ്മാൻ മിയാൻ. അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിൽ അംഗമായതിനാൽ പാകിസ്താനിലെ മുല്ലമാർക്ക് ഹാലിളക്കമുണ്ടായി. ആതിഫ് മിയാൻ സാഹിബിനെ ഉപദേശക സമിതിയിൽ നിന്നും പുറത്താക്കണമെന്ന വൻ സമ്മർദ്ദം നാലുഭാഗത്തു നിന്നുമുണ്ടായി. മാന്യനായ ആതിഫ് മിയാൻ സാഹിബ് ഇമ്രാൻ ഖാന്റെ ഭരണകൂടത്തിന്റെ സ്ഥിരതക്ക് വേണ്ടി രാജിവെച്ച് ഒഴിയുകയുണ്ടായി. ആതിഫ് മിയാൻ സാഹിബിനോട് പാകിസ്താനിലെ രാഷ്ട്രീയ വർഗ്ഗം കാണിച്ച അനീതിയിൽ പ്രതിഷേധവും ആതിഫിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചും ഇമ്രാന്റെ ഉപദേശക കൗൺസിലിൽ നിന്നും അനഹ്മദിയായ സാമ്പത്തിക വിദഗ്ദനും ഹാർവാർഡ് കെന്നഡി വിദ്യാപീഠത്തിലെ അദ്ധ്യാപകനുമായ ആസിം ഇഅ്ജാസ് ഖ്വാജായും രാജിവെച്ചൊഴിഞ്ഞു. അദ്ദേഹം ട്വീറ്റ് ചെയതത് 'ഒരു മുസ്‌ലിം എന്നനിലക്ക് വ്യക്തിപരമായി എനിക്ക് ഇതിനെ നീതികരിക്കാൻ സാധിക്കുന്നില്ല' എന്ന് എഴുതികൊണ്ടാണ് അദ്ദേഹം രാജിവെച്ചത്. വിശ്വപ്രസിദ്ധനായ നോബൽ സമ്മാന ജേതാവ് പ്രൊഫ. അബ്ദുസ്സലാം സാഹിബിനോട് ചെയ്തത് തന്നെയാണ് ആതിഫ് മിയാനോടും പാക് ഭരണകൂടം ചെയ്തത്. നല്ല സാമ്പത്തിക വിദഗ്ദനും ആസൂത്രകനുമായിരുന്ന പ്രൊഫ. അബ്ദുസ്സലാം ഐക്യരാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിലുള്ള അണുശക്തി ഗവേഷണ പഠന കേന്ദ്രം പാകിസ്താനിൽ സ്ഥാപിക്കാനും പാകിസ്താന്റെ മറ്റു വികസനപരിപാടികൾ ചർച്ചചെയ്യാനും വേണ്ടി ഐക്യരാഷ്ട്ര സഭയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ അബ്ദുസ്സലാം സാഹിബ് അന്നത്തെ പ്രധാന മന്ത്രി ബേനസീർ ഭൂട്ടോവിനെ കാണാൻ സമയം കണ്ടെത്തി ഇസ്‌ലാമാബാദിലെത്തുകയുണ്ടായി. മൂന്ന് ദിവസം കാത്തുകെട്ടികിടന്നിട്ടും അൽപ്പബുദ്ധിയായ ആ സ്ത്രീ മുല്ലമാരുടെ പ്രതിഷേധം ഭയന്ന് അബ്ദുസ്സലാമിനെ കാണാൻ കൂട്ടാക്കിയില്ല. നോബൽ സമ്മാന ജേതാവായ ലോകം ആദരിക്കുന്ന ആ ശാസ്ത്രജ്ഞൻ നിരാശയോടെ പാകിസ്താൻ വിട്ടു. അദ്ദേഹത്തോട് അഹ്മദി ആയതിന്റെ പേരിൽ കാണിച്ച അവഗണന അചിന്ത്യമാണ്. ആ മഹാ പ്രതിഭയെ അവഗണിച്ചതിനാൽ ലോകത്തിന് മുന്നിൽ മുല്ലാക്കളുടെ പാകിസ്താൻ അപമാനിതയായി എന്നല്ലാതെ അദ്ദേഹത്തിന്റെ യശസ്സിന് എന്തെങ്കിലും ഗ്ലാനി സംഭവിച്ചോ? പാകിസ്താനിലെ മതയാഥാസ്ഥിതികത്വത്തിന്റെ അതിപ്രസരം അത്രശക്തമാണ്.

കടക്കെണിയിലും പ്രകൃതി ദുരന്തങ്ങളിലും പെട്ട് നിലനിൽപ്പിന്നായി ഊർദ്ദശ്വാസം വലിക്കുമ്പോഴും പാക് മുല്ലായിസം തീവ്രവാദത്തിൽ യാതൊരു കുറവും വരുത്താൻ മറന്നുപോയിട്ടില്ല. കുറേക്കാലമായി തുടർച്ചയായുണ്ടാകുന്ന ബോംബ് സ്ഫോടനങ്ങൾ നിർബാധം തുടരുകയാണ്. ഒടുവിലത്തെ വലിയ സ്ഫോടനം നടന്നത് ഒരു മാസം മുമ്പ് 2023 ജനുവരി 30 ന് തിങ്കളാഴ്ച്ച വടക്ക് പടിഞ്ഞാറൻ നഗരമായ പെഷവാറിലെ ഒരു പള്ളിയിലാണ്. മധ്യാഹ്ന നമസ്ക്കാരത്തിന്നിടെ ഒരു ചാവേർ പൊട്ടിത്തെറിച്ചുണ്ടായ മഹാസ്ഫോടനത്തിൽ 101 പേരാണ് മരിച്ചത്. 170 ൽ അധികം പേർക്ക് ഗുരുതരമായ പരിക്കേറ്റിട്ടുണ്ട്. 400 ഓളം പേർ പങ്കെടുത്ത നമസ്ക്കാരത്തിലാണ് ചാവേർ പൊട്ടിത്തെറിച്ചത്. തെഹ്‌രീകെ താലീബാൻ പാകിസ്താൻ (ടി ടി പി) എന്ന ഭീകര സംഘടനയാണ് കൃത്യം നിർവ്വഹിച്ചത് എന്ന് അവർ അവകാശപ്പെടുന്നു. 'പാകിസ്താനു നേരെയുള്ള ആക്രമണത്തിൽ കുറഞ്ഞതൊന്നുമല്ല ഈ അക്രമണം' എന്നാണ് പ്രധാനമന്ത്രി ശഹബാസ് ശരീഫിന്റെ വിലാപം. അതിന് ശേഷം നടന്ന ആക്രമണം കറാച്ചിയിലെ പോലീസ് മേധാവിയുടെ ആസ്ഥാനത്ത് ആ ഭീകര സംഘം തന്നെ (ടി ടി പി) നടത്തിയതാണ്. ഭീകരാക്രമണത്തിൽ 7 പേർ മരിച്ചു. പാകിസ്താനിൽ ശരീഅത്ത് നിയമങ്ങൾ നടപ്പാക്കുന്നത് വരെ ആക്രമണങ്ങൾ തുടരുമെന്നാണ് ടി ടി പി യുടെ വാദം. ഇതിന്നായി ഉന്നത പോലീസ് ഓഫീസർമരെ ഇനിയും കൊല്ലുമെന്നും അവർ ഭീഷണി മുഴക്കിയിട്ടുണ്ട്.

2007 ൽ രംഗത്ത് വന്ന ടി ടി പി എന്ന ഈ ഭീകര സംഘടനയാണ് 2010 ലാഹോറിലെ രണ്ട് അഹ്മദിയ്യാ പള്ളികൾ ആക്രമിച്ച് 120 ലധികം അഹ്മദികളെ ശഹീദാക്കിയത്. കഴിഞ്ഞ വർഷം ഈ ഭീകരരുടെ തലവൻ, കമാണ്ടർ ഉമർ ഖാലിദ് ഖുറാസാനി അഫ്ഘാനിസ്ഥാനിൽ കൊല്ലപ്പെട്ടതിന്റെ പ്രതികാരമാണ് പെഷവാറിൽ നടന്ന ചാവേറാക്രമണം എന്ന് അദ്ദേഹത്തിന്റെ സഹോദരൻ അവകാശപ്പെടുന്നു. പോയ വർഷം പെഷവാറിലെ തന്നെ ശിയാ പള്ളിയിലുണ്ടായ ചാവേർ ആക്രമണത്തിൽ 63 പേരാണ് കൊല്ലപ്പെട്ടത്. 2007 ൽ ബേനസീർ ഭൂട്ടോയെ വെടിവെച്ച് കൊന്നത് ടി ടി പി ആണെന്ന ആരോപണവുമുണ്ട്. ഇത്തരം നിരവധി ഭീകര സംഘങ്ങൾ ഇസ്‌ലാമിന്റെ പേരിൽ പാകിസ്താനിൽ നിലയിയുറപ്പിച്ചിട്ടുണ്ട്. അവിടുത്തെ മത സംഘടനകളും രാഷ്ട്രീയ പാർട്ടികളും പട്ടാളവും ഗവൺമെന്റും മറ്റു അന്തരാഷ്ട്രാ ഏജൻസികളും ഇത്തരം ഭീകര സംഘങ്ങളെ തരാതരം പോലെ പോറ്റി വളർത്തുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. ഇനി പാകിസ്താനെ ദൈവത്തിന് മാത്രമേ രക്ഷിക്കാൻ കഴിയൂ. ദൈവം ആ നാടിന് മതരാഷ്ട്ര മൗലികവാദത്തിൽ നിന്നും മതഭീകരവാദത്തിൽ നിന്നും മോചനം നൽകുകയും സാമ്പത്തിക ദുരന്തങ്ങളിൽ നിന്നും കരകയറുകയും ചെയ്യുമാറാകട്ടെ.




എ.എം. മുഹമ്മദ് സലീം രചിച്ച് സമയം പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'പ്രപഞ്ചത്തിൽ നാം തനിച്ചോ' എന്ന പുസ്തകത്തിന്റെ പ്രകാശനം കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ അഹ്മദിയ്യാ ജില്ലാ അമീർ അഹ്മദ് കോയാ സാഹിബ്, മാത്തോട്ടം അമീർ ടി അഹ്മദ് സയിദ് സാഹിബിന് നൽകിക്കൊണ്ട് നിർവ്വഹിക്കുന്നു. കണ്ണൂർ അമീർ അബ്ദുൾ അസീസ് സാഹിബ്, ബി. മൻസൂർ സാഹിബ്, ബി.ബി. അഹ്മദ് കബീർ സാഹിബ്, ഡോ. സലാഹുദ്ദീൻ സാഹിബ്, പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്, ശ്രീ. സോമൻ മാസ്റ്റർ, ഡോ. ഇഫ്തികാർ സാഹിബ്, എ.എം. മുഹമ്മദ് സലീം സാഹിബ്, ശ്രീ. മനോഹരൻ വെങ്ങര എന്നിവരെ വേദിയിൽ കാണാം.

**പേജ് 16 ൽ നിന്ന് തുടർച്ച**

പുനരുജ്ജീവിപ്പിക്കാൻ അഹ്മദിയ്യാ സമൂഹത്തെ ദൈവം തിരഞ്ഞെടുക്കുക വഴി അല്ലാഹു വലിയ തോതിൽ അവരെ ബഹുമാനിച്ചിരിക്കുകയാണ്. അദ്ധ്യാത്മികതയുടെ അതേ ഉന്നതിയിലെത്താൻ അഹ്മദിയ്യാ സമൂഹത്തിലെ ഓരോ വ്യക്തിക്കും സാധിക്കണമെന്നില്ല. എങ്കിലും അഹ്മദിയ്യാ സമൂഹത്തിന്ന് ഇസ്‌ലാം മതത്തിന്റെ ധാർമിക സൗന്ദര്യത്തിന്റെ പതാക വാഹകരാകാൻ സാധ്യമാണ്.

ഇസ്‌ലാം മതത്തിന്റെ പുനരുജ്ജീവനത്തെ പറ്റി അഹ്മദികൾ പറയുമ്പോൾ ചരിത്രത്തിൽ ഏതെങ്കിലും ഒരു കാലഘട്ടത്തിൽ ഇസ്‌ലാമിക മൂല്യങ്ങൾ പൂർണ്ണമായും ഉന്മൂലനം ചെയ്യപ്പെട്ട ഒരു ഘട്ടമുണ്ടായിരുന്നു എന്നല്ല അർത്ഥമാക്കുന്നത്. മറിച്ച് ഇസ്‌ലാമിന്റെ സ്വഛമായ സൗന്ദര്യത്തിൽ നിന്നും തുടർന്നു വരുന്ന ഓരോ തലമുറകളും അകന്നകന്നു പോകുന്നു എന്നാണ് അർത്ഥമാക്കുന്നത്.

ഇസ്‌ലാമിലെ അഹ്മദിയ്യാ ജമാഅത്തിന്റെ മുഖ്യലക്ഷ്യം ഒരുകാലത്ത് മുസ്‌ലിംകൾ വിരാചിച്ചിരുന്ന ഉന്നത നിലവാരത്തിൽ അവരെ പുനസ്ഥാപിക്കുക എന്നതാണ്. എന്നെന്നേക്കുമായ് ജീവിക്കാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ ഇസ്‌ലാമിന് വേണ്ടി മരിക്കാൻ അവർ തയ്യാറാകേണ്ടിയിരിക്കുന്നു. .

**പേജ് 38 ൽ നിന്ന് തുടർച്ച**

വരുമാനം നിലച്ചെങ്കിലും ചിന്തകൾക്കും പ്രതീക്ഷകൾക്കും അതീതമായി അവനെനിക്കു നൽകുന്നു.

ഒരവസരത്തിൽ ശേഖ് തൈമൂർ സാഹിബിനെ വിളിച്ചിട്ട് ഹുദൂർ തന്റെ ചികിത്സക്കും മരുന്നിനുമായി ഇതു വരെ ചെലവായ പണത്തിന്റെ കണക്കു തയ്യാറാക്കാൻ നിർദേശിക്കുകയുണ്ടായി. അതിനു ശേഷം ഭാര്യയുടെ കയ്യിൽ സൂക്ഷിക്കാൻ കൊടുത്ത പണത്തിൽ നിന്നും ആ ചെലവ് മുഴുവനും കൊടുക്കാൻ പറയുകയുണ്ടായി. ഹുസൂർ സ്വന്തം വീട്ട് ചെലവിനോ ചികിത്സക്കോ വേണ്ടി അഞ്ചുമനിൽ നിന്നും ഒരു പൈസ വാങ്ങുന്നത് അൽപം പോലും ഇഷ്ടപ്പെട്ടിരുന്നില്ല.

വീഴ്ച കാരണം ഉണ്ടായ മാരകമായ ആ മുറിവ് വൃണമായി മാറിയതിനാൽ 1911 ജനുവരി 17–ാം തീയതി ഹുദൂറിനു വീണ്ടും ഒരു ഓപ്പറേഷൻ കൂടി ചെയ്യേണ്ടി വന്നു. അന്നു ഹുദൂറിനു അതി കഠിനമായ വേദന സഹിക്കേണ്ടി വന്നിരുന്നു. ആ അവസരത്തിൽ

لَا إِلٰهَ إِلَّا أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظَّالِمِينَ سبحان الله سبحان الله

എന്നു ചൊല്ലിക്കൊണ്ടിരിക്കുകയായിരുന്നു. (തുടരും)

**പേജ് 9 ൽ നിന്ന് തുടർച്ച**

കാലം അവന് മുത്തഖിയാകാൻ കഴിയില്ല. എല്ലാ ഭാഗത്തുനിന്നും കണ്ണടച്ചുകൊണ്ട് ആദ്യം തഖ്‌വയുടെ പടവുകൾ കയറുക. ആഗതരായ എല്ലാ പ്രവാചകരുടെയും ലക്ഷ്യം തഖ്‌വയുടെ രഹസ്യങ്ങൾ പഠിപ്പിക്കുക എന്നതായിരുന്നു. إِنْ أَوْلِيَاؤُهُ إِلَّا الْمُتَّقُونَ പക്ഷെ വിശുദ്ധ ഖുർആൻ തഖ്‌വയുടെ സൂക്ഷമ വശങ്ങളെയും പഠിപ്പിച്ച് തന്നു. നമ്മുടെ അധ്യാപനങ്ങളുടെ ചുരുക്കമെന്തെന്നാൽ മനുഷ്യൻ തന്റെ എല്ലാ കഴിവുകളും അല്ലാഹുവിലേക്ക് തിരിക്കേണ്ടതാണ്.

വ്യത്യസ്ത രീതിയിൽ ഹദ്റത് മസീഹ് മൗഊദ്(അ) നമുക്ക് നൽകിയ ഉദ്ധരണികളാണ് ഞാൻ സമർപ്പിച്ചത്. അതിൽ നിന്ന് നമുക്ക് തഖ്‌വയുടെ അർഥവും അതിന്റെ ആഴത്തിലുള്ള അറിവും ലഭിക്കുന്നതാണ്. ഹദ്റത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നമുക്ക് ആ മഹാത്മാവിന്റെ ജമാഅത്തിൽ ഉൾപെട്ടുകൊണ്ട് തഖ്‌വയുടെ യഥാർഥ ആത്മാവ് മനസ്സിലാക്കാനും അതനുസരിച്ച് നീങ്ങാനും കഴിയുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

അനുസ്മരണം

# പി. കെ മുഹമ്മദ് സാഹിബ്



തലശ്ശേരി ജമാഅത്ത് അംഗവും കേരളാ ഹൈക്കോടതി ജസ്റ്റീസ് കൗസർ സാഹിബിന്റെ പിതാവുമായ പി. കെ മുഹമ്മദ് സാഹിബ് (87) എറണാകുളം ആസ്റ്റർ മിംമ്സ് ആശുപത്രിയിൽ ഫെബ്രുവരി 19 ന് വഫാത്തായി. ഇന്നാലില്ലാഹി........ മകന്റെ കൂടെ എറണാകുളത്തായിരുന്നു താമസിച്ചുവന്നത്. തലശ്ശേരി പുന്നോലിലെ ഒരു യാഥാസ്ഥിതിക സുന്നി കുടുബത്തിൽ പറമ്പത്ത്കണ്ടി മൊയ്തു സാഹിബിന്റെയും കക്കാട്ടുമ്മൽ റാബിയ്യാ സാഹിബയുടെയും പുത്രനായിട്ടാണ് മുഹമ്മദ് സാഹിബ് ജനിച്ചത്. 25-ാമത്തെ വയസ്സിൽ യുവാവായിരിക്കുമ്പോൾ തന്നെ അഹ്മദിയ്യാ ജമാഅത്തിൽ ബൈഅത്ത് ചെയ്യുകയുണ്ടായി. മൗലാന അബുൽ വഫാ സാഹിബിന്റെ തബ്ലീഗ് ഫലമായി ജമാഅത്തിൽ ആകൃഷ്ടനായ അദ്ദേഹം ഒരേ നാട്ടുകാരനും കേരള ജമാഅത്ത് അമീറുമായിരുന്ന പരേതനായ കുഞ്ഞാമു സാഹിബിന്റെ കൂടെയാണ് ബൈഅത്ത് ചെയ്തത്. അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചതിന്റെ പേരിൽ കുടുബത്തിൽ നിന്നും നാട്ടുകാരിൽ നിന്നും ഒരുപാട് കഷ്ടപ്പാടുകളും യാതനകളും സഹിക്കേണ്ടി വന്നു. വീട്ടിൽ നിന്നും ബഹിഷ്കൃതനായ അദ്ദേഹം കോഴിക്കോട് ദാറുസ്സലാമിൽ അഭയാർത്ഥിയായി വന്ന് കുറേക്കാലം താമസിക്കുകയുണ്ടായി. പിന്നീട് എടപ്പകത്ത് തറവാട്ടിൽ നിന്നും അബ്ദുൾ ഹമീദ് ഹാജിയുടെ മകൾ റൗള സാഹിബയെ വിവാഹം കഴിച്ചു. മൗലാനാ അബുൽ വഫാ സാഹിബ് തന്നെയായിരുന്നു അതിനുള്ള ഒരുക്കങ്ങളും നടത്തിയത്. ബഹിഷ്കൃതനായ അദ്ദേഹത്തിന് വിവാഹം ഒരു സുരക്ഷിതമായ സങ്കേതം കൂടിയായിരുന്നു. അടിയുറച്ച ഭക്തനായ അദ്ദേഹത്തിന് തന്റെ വിശ്വാസം മൂലം വളരെ ക്ലേശങ്ങളും സാമ്പത്തികമായി വളരെ പ്രയാസങ്ങളും അനുഭവിക്കേണ്ടി വന്നു. പിന്നീട് അദ്ദേഹം ഖത്തറിലേക്ക് പോയി. അവിടെ 40 വർഷം ജോലി ചെയ്ത ശേഷം കണ്ണൂരിൽ 2005 ലാണ് തിരിച്ചെത്തിയത്, പിന്നീട് കണ്ണൂരിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു.

പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. **ഭാര്യ:** റൗളാ സാഹിബ. **മക്കൾ:** ഓർച്ചാഡ് അഹ്മദ് സാഹിബ് (മർഹൂം), ജവഹർ സാഹിബ്, കൗസർ സാഹിബ്, റോസിന **മരുമക്കൾ:** ഷമീന, ഡോ. അമീറ, അബ്ദുല്ല.

# അഡ്വ: ഷഹീദ് സാഹിബ് രാഷ്ട്രീയ ലോക്ദൾ കേരള സംസ്ഥാന പ്രസിഡണ്ട്



അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് കൊല്ലം അംഗമായ അഡ്വ. ശഹീദ് അഹ്മദ് സാഹിബിനെ രാഷ്ട്രീയ ലോക്ദൾ കേരള ഘടകം പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ഡൽഹിയിൽ നടന്ന (R L D) കൗൺസിൽ യോഗത്തിൽ ദേശീയ പ്രസിഡണ്ട് ജയന്ത് ചൗധരി എം പി യാണ് ഷഹീദ് അഹ്മദ് സാഹിബിനെ പ്രസിഡണ്ട് സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്തത്. കേരള ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുകയാണ് ഷഹീദ് അഹ്മദ് സാഹിബ്. തിരുവിതാകൂർ നാട്ടു രാജ്യത്തിൽ ആദ്യമായി ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ച ജനാബ് മുഹമ്മദ് യൂസുഫ് എം എ യാണ് പിതാവ്. പത്തനംതിട്ട സ്വദേശിയും പടിഞ്ഞാരെ കൊല്ലം ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസ്സായിരുന്നു സഫിയാ യൂസുഫ് സാഹിബയാണ് മാതാവ്.

പേജ് 12 ൽ നിന്ന് തുടർച്ച

### തീവ്രയത്നം അനിവാര്യം

"അല്ലാഹുത്തആല ഇസ്ലാം ദീനിൽ 5 മുജാഹദാത്ത് (തീവ്രയത്നങ്ങൾ) നിശ്ചയിച്ചിരിക്കുന്നു.

1. നമസ്ക്കാരം 2. നോമ്പ് 3. സക്കാത്ത്, സ്വദഖാത്ത് 4. ഹജ്ജ് 5. ഇസ്ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കൽ, വാളുകൊണ്ടാണെങ്കിലും വേണ്ടില്ല തൂലികകൊണ്ടാണെങ്കിലും വേണ്ടില്ല. ഈ അഞ്ചു തീവ്രയത്നങ്ങളും വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. മുസ്ലീംകൾ അവയിൽ പരിശ്രമിക്കുകയും അവ പാലിക്കുകയും ചെയ്യേണ്ടതാണ്. ഈ നോമ്പ്, വർഷത്തിൽ ഒരു മാസമാണ്. ചില അഹ്ലുല്ലാഹ് (ദിവ്യാത്മാക്കൾ) ഐച്ഛികമായി അധികവും നോമ്പ് പിടിക്കാറുണ്ട്. അതിൽ അവർ കഠിനപ്രയത്നം നടത്തുന്നു. തുടർച്ചയായി നോമ്പെടുക്കുന്നതിന് വിരോധമൊന്നുമില്ല. അതായത് എന്നെന്നും നോമ്പെടുത്തുകൊണ്ടിരിക്കാൻ പാടില്ല. നഫ്ലിയായ നോമ്പുകൾ ഇടയ്ക്കിടെ പിടിക്കുക." (തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 263)

Published on 07.03.2023
Pages 44
Vol: 95 Issue. 03
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

---

*കൂടുതൽ വിവരങ്ങൾക്ക്*

മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഇമെയിൽ sathyadoothan1@gmail.com
Phone No: 9447086862 (G. Pay)

ISLAM INTERNATIONAL PUBLICATIONS
Scan and pay with any BHIM UPI app
G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim